‘ഒറ്റക്കായിരിക്കാനുള്ള ധൈര്യമുണ്ടാകണം’: എസ് ശാരദക്കുട്ടി | സംഗീതത്തിന്റെ സൂര്യശോഭ | സൽമാ ആഗ: കരയുമ്പോൾ കൂടെ കരയിക്കുന്ന ഗായിക | കവിത എന്ന കുരിശുമരം

DECEMBER | VOL.3 | ISSUE 12

# മലയാളി.com magazine 2024



# മൊബൈൽ കുട്ടികൾ...



MALABAR
GOLD & DIAMONDS
Malabar
With you
In all your
Celebrations
Assured Gold
Coins on
Diamond & Precious
Gem Jewellery
*T&C Apply

മലയാളി.com Magazine
DIGITAL MAGAZINE
2024
DECEMBER
VOL/03
ISSUE/12
Contact: mag@emalayalee.com | www.emalayalee.com

# ഭോപ്പാൽ ദുരന്തത്തിന്റെ പാഠങ്ങൾ !

നാല്പതു വർഷങ്ങൾക്കു മുൻപ് ,1984 ഡിസംബർ 2-3 അർദ്ധ രാത്രിയാണ് ഇന്ത്യയെ നടുക്കിയ ഭോപ്പാൽ ദുരന്തത്തിൻറെ തുടക്കം .യൂണിയൻ കാർബൈഡ് ഫാക്ടറിയിൽ നിന്ന് ചോർന്ന മാരക വിഷമായ മിതൈൽ ഐസൊസൈനെഡ് (എം ഐ സി ) ചോർന്നു ഒരു നഗരം മുഴുവൻ ശ്വാസം മുട്ടി മരിച്ച ദിനമാണ് ഇത് .ഔദ്യോഗിക കണക്കനുസരിച്ചു അന്നത്തെ ദിവസം 2259 പേരും മൊത്തം 3787 പേരും വിഷവായു ശ്വസിച്ചു മരിച്ചു .ആദ്യത്തെ മൂന്നു ദിവസങ്ങളിൽ പതിനായിരം പേരും 1994 വരെ 25000 പേരും മരിച്ചുവെന്നാണ് അനൗദ്യോഗിക കണക്കുകൾ.തിരിഞ്ഞു നോക്കുമ്പോൾ ഒരു സ്ഥിതി വിവരക്കണക്ക് മാത്രമായി ഇത് മാറിയിരിക്കാം .പക്ഷെ അത് സൃഷ്ടിച്ച ദുരന്തത്തിൻറെ പരിണിത ഫലങ്ങൾ ഇന്നും അവസാനിച്ചിട്ടില്ല.അത് ഉന്നയിക്കുന്ന ചോദ്യങ്ങൾ വികസനത്തിന് വേണ്ടിയുള്ള കുതിച്ചു ചാട്ടത്തിൽ എർപ്പെട്ടിരിക്കുന്ന ഏതു സമൂഹത്തെയും ഇരുത്തി ചിന്തിപ്പിക്കേണ്ടതാണ് .

സെവിൻ എന്ന കീടനാശിനി നിർമ്മിക്കാൻ യുണിയൻ കാർബൈഡ് ഏറെ ജനസാന്ദ്രതയുള്ള ഭോപ്പാൽ നഗരത്തിൽ സ്ഥാപിച്ച ഫാക്ടറിയാണ് ദുരന്തത്തിൻറെ പ്രഭവകേന്ദ്രമായത് . ഇന്ത്യൻ സബ്സിഡിയറിയിൽ അമ്പതു ശതമാനത്തോളം ഓഹരികൾ സർക്കാരിനും പൊതു മേഖല ബാങ്കുകൾക്കുമുണ്ടായിരുന്നു . അമേരിക്കൻ കമ്പനിയുടെ ഈ സബ്സിഡിയറി മൂന്നാം ലോകമായ ഇവിടെ യു എസിൽ നടപ്പാക്കിയ പോലെയുള്ള സുരക്ഷാനടപടികൾ കൈക്കൊണ്ടിരുന്നില്ല. ചെലവു ചുരുക്കാനായി പല സുരക്ഷ നടപടികളും വെട്ടിക്കുറച്ചു. ആവശ്യത്തിനു പരിശീലനം ലഭിച്ച സുരക്ഷ ഉദ്യോഗസ്ഥന്മാർ സംഭവം നടക്കുമ്പോൾ ഉണ്ടായിരുന്നില്ല .ഉള്ളവർക്ക് തന്നെ പരിശീലനവും നൽകിയിരുന്നില്ല സംഭവം നടക്കുന്നതിനു അഞ്ചു മാസം മുൻപേ ഈ സ്ഥാപനത്തിലെ പല സുരക്ഷ സംവിധാനങ്ങളും കേടായിരുന്നു. എന്നാൽ ചെലവു ചുരുക്കലിലാണ് മാനെജ്മെന്റ് ശ്രദ്ധിച്ചത് .ഫലമോ ! എം ഐ സി ടാങ്കിൽ വെള്ളം കയറി.അത് മൂലമുണ്ടായ രാസപ്രതിവർത്തനത്തിൽ ചൂട് 200 ഡിഗ്രി വരെയായി ഉയർന്നു അന്തരീക്ഷത്തിൽ വിഷവായു പടർന്നു .മുപ്പതു ടൺ വിഷവായുവാണ് ഭോപാലിലെ അന്തരീക്ഷത്തിൽ വ്യാപിച്ചത് .കാറ്റിന്റെ ഗതി മാറി മാറി വന്നത് മൂലം നഗരത്തിലെ ഭൂരിഭാഗവും ദുരന്തത്തിനിരയായി .ഇതിനു പ്രതിമരുന്ന് എന്തെന്ന് നിശ്ചയമില്ലാഞ്ഞതിനാൽ ചികിത്സ വൈകിയതും മരണ സംഖ്യ കൂടാൻ കാരണമായി.അപകട വിവരം അറിഞ്ഞു ഇന്ത്യയിൽ ഓടിയെത്തിയ കമ്പനി ചെയർമാൻ വാറൻ ആൻഡെഴ്സനെ അറസ്റ്റ് ചെയ്തെങ്കിലും ഉന്നത ഇടപെടൽ മൂലം പെട്ടെന്ന് വിട്ടയച്ചു .

സുരക്ഷാമാനദണ്ഡങ്ങൾ കാറ്റിൽ പരത്തി വൻതോതിൽ മൂന്നാം ലോക രാജ്യങ്ങളെ കൊള്ളയടിക്കുന്ന കോർപ്പറേറ്റ് കമ്പനികളുടെ നിന്ദ്യമായ ധനാശയിലേക്ക് വിരൽ ചൂണ്ടിയ സംഭവമായിരുന്നു ഇത്. വിഷവാതകം ബഹിർഗമിക്കേണ്ട ചിമ്മനിക്ക് പോലും അവശ്യമായ ഉയരം ഉണ്ടായിരുന്നില്ല .നാല് ഡിഗ്രിയിൽ സൂക്ഷിക്കേണ്ട രാസവസ്തു ഇരുപതു ഡിഗ്രിയിലാണ് സൂക്ഷിച്ചിരുന്നത് തുടങ്ങി നിരവധി കുറ്റകരമായ പ്രവർത്തികൾ ഇത് പുറത്തു കൊണ്ടു വന്നു .അതേ പോലെ ഇത്തരം ഒരു ദുരന്തം നടന്നാൽ അതിനു നഷ്ടപരിഹാരം നൽകാനുള്ള കമ്പനിയുടെ ബാധ്യതയും .സുപ്രീം കോടതിയുടെ മേൽനോട്ടത്തിൽ നഷ്ടപരിഹാരത്തിന് ധാരണയുണ്ടായിയെങ്കിലും അത് ഇരകൾക്ക് അത്ര ഗുണകരമായിരുന്നില്ല .ദുരന്ത ബാധിതർ എല്ലാ വർഷവും പ്രതിഷേധത്തോടെയാണ് ദുരന്ത സ്മരണ ആചരിച്ചു വന്നത് .യൂനിയൻ കാർബൈഡ് ആകട്ടെ മറ്റൊരു കമ്പനിയിൽ ലയിച്ചു ഉത്തരവാദിത്വത്തിൽ നിന്നും ജനരോഷത്തിൽ നിന്നും രക്ഷപെട്ടു .ദുരന്തം സൃഷ്ടിച്ച പ്രതിരോധ നടപടികൾ വിസ്മൃതമായി .

പക്ഷെ ഏതു നേരവും ഇത്തരം ദുരന്തങ്ങൾ ആവർത്തിക്കാമെന്ന നില നിൽക്കുന്നു .പ്രത്യേകിച്ചും കടലും മലയും പ്രകൃതി വിഭവങ്ങളും കുത്തകകൾക്ക് അടിയറ വെയ്ക്കുന്ന ഈ കാലത്ത് .മലതുരന്നും കടൽ കവർന്നും രാസമാലിന്യം വിതറിയും കുത്തകകൾ ഇന്നും തങ്ങളുടെ കീശ നിറക്കുന്നു .

രാസവ്യവസായങ്ങൾ മാത്രമല്ല ഇന്നത്തെ ഭീഷണി .ആണവ നിലയങ്ങളും ഡാമുകളും രാസ ഫാക്ടറികളെ പോലെ നമുക്ക് വലിയ ഭീഷണി ഉയർത്തുന്നു. റഷ്യയിൽ ചെർണോബിൽ ആണവ ദുരന്തത്തിൻറെ കാൽപ്പാടുകൾ അങ്ങ് ചൈനയിൽ പോലുമെത്തി, ജപ്പാനിൽ ഫുകുഷിമ അനവ നിലയത്തിലെ അപകടം ശാന്ത സമുദ്രത്തിൽ വലിയ പാരിസ്ഥിതിക പ്രശ്നങ്ങൾ സൃഷ്ടിച്ചു .ഇവ ദുരന്തം അകലെയല്ല എന്ന സൂചന നൽകുന്നു .വികസിത രാജ്യങ്ങളിൽ പോലും നടക്കുന്ന ഈ ദുരന്തങ്ങൾ നമുക്ക് വലിയ പാഠമാകണം .വികസനത്തിന്റെ മുഖമുദ്രകൾ ഇന്ന് സമൂഹത്തിനു വലിയ ബാധ്യത കൂടിയായി മാറുകയാണ് .ധാതു ദ്രവ്യങ്ങളുടെ കൊള്ളയിൽ അധികാരികൾ പോലും പങ്കാളികൾ ആകുന്നു. വലിയ ഒരു ദുരന്തത്തിന്റെ മുനമ്പിലാണ് നാം എന്ന് ഓരോ ചെറിയ ദുരന്തങ്ങളും നമ്മെ ഓർമ്മിപ്പിക്കുന്നു അതിനനുസരിച്ചു വേണ്ട സുരക്ഷാ നടപടികൾ കൈക്കൊള്ളണമെന്ന് ഇവ മുന്നറിയിപ്പുകൾ നൽകുന്നു .എന്നാൽ അവശ്യമായ നടപടികൾ പോലും കൈക്കൊള്ളാതെ മറ്റൊരു ദുരന്തത്തിനു നാം കാത്തിരിക്കുകയാണ് എന്നതാണ് ദയനീയമായ വസ്തുത. എന്ന് നാം ഈ അലംഭാവം ഉപേക്ഷിക്കും ?.






*സ്നേഹത്തോടെ,*

**ഇ-മലയാളി പത്രാധിപസമിതി**

EDITORIAL BOARD

**George Joseph** Editor-in-Chief | **Sunil Tristar** Managing Editor | **P.S. Joseph** Executive Editor | **Antony Kanayamplackal** Senior Editor | **Anju** Design | **Abhi** Cover

# CONTENTS


05 സമൂഹം / കുട്ടികളുടെ പരിപാലനം
**മൊബൈൽ കുട്ടി !**
ഡോ ആശ പ്രഭാകരൻ

10 ചെറുകഥ
**നാരായണിയം**
ജോസഫ് എബ്രഹാം

19 പ്രത്യേക അഭിമുഖം : എസ് ശാരദക്കുട്ടി
**'ഒറ്റക്കായിരിക്കാനുള്ള ധൈര്യമുണ്ടാകണം**
വിജയ് സി എച്ച്

25 ചെറുകഥ
**ഹൃദയം മുറിഞ്ഞവന്റെ പ്രണയം**
വിമിത പ്രദീപ്

29 കോളം
**തിരുമധുരം**
റോസി തമ്പി

31 ഇ – മലയാളി സ്പെഷ്യൽ എഡിഷൻ
**റാണി തോമസ്**
രഞ്ജിനി രാമചന്ദ്രൻ

41 ചെറുകഥ
**മനുഷ്യൻ വെറുമൊരു ജീവിയാണ്!**
എം പി ഷീല

47 സംഗീതം / എന്റെ സംഗീത വഴികൾ
**സംഗീതത്തിന്റെ സൂര്യശോഭകൾ**
എസ് രാജേന്ദ്ര ബാബു

53 ചെറുകഥ
**ഒരു വല്ലാത്ത ഞായർ !**
ശ്രീലേഖ എൽ കെ

58 സിനിമ / അഭ്രപാളിയിലെ ഇതിഹാസങ്ങൾ
സൽമ ആഗ
**കരയുമ്പോൾ കൂടെ കരയിപ്പിക്കുന്ന ഗായിക**

61 ചെറുകഥ
**ഓർമ്മകൾ മായുമ്പോൾ**
കെ കെ ജയേഷ്

65 കവിത
**മഞ്ഞു കാലം വരുമ്പോൾ**
രമ പിഷാരടി


67 **കല്ലു വെച്ച നുണ**
മായ സുരേഷ്

68 **ബെസ്റ്റി**
നമ്പ്രേത്തിൽ ജോസ് വർഗ്ഗീസ്

69 **ഇല**
അഞ്ജു അജീഷ്

71 വാക്കനൽ/ജലമുദ്ര
**അജിത്കുമാറിന്റെ അപൂർവ്വ ജല യാത്രകൾ**
പി എസ് ജോസഫ്

74 ചിത്രലോകം
അശോക് കുമാർ ഗോപാലൻ


**സമൂഹം / കുട്ടികളുടെ പരിപാലനം**



**വിവരസാങ്കേതികവിദ്യയുടെ അപ്രമാദിത്വവും അതിപ്രസരവും ഗാഡ്ജറ്റുകളുടെ അമിതോപയോഗവും വളർന്നുവരുന്ന കുഞ്ഞുങ്ങളെ ഏതു രീതിയിലാണ് സ്വാധീനിക്കുന്നത് എന്നത് അങ്ങേയറ്റം ഉത്കണ്ഠ ഉളവാക്കുന്ന ഒരു സംഗതിയാണ്.**

# മൊബൈൽ കുട്ടികൾ...

**ഡോ ആശ പ്രഭാകരൻ**




വിവരസാങ്കേതികവിദ്യയുടെ അനിയന്ത്രിതമായ കടന്നുകയറ്റം ഭൂമിയിൽ മനുഷ്യരുടെ നിലനിൽപ്പിനെ പോലും അപകടത്തിൽ ആഴ്ത്തിയിരിക്കുന്ന ഒരു കാലഘട്ടത്തിലൂടെയാണ് നാം കടന്നു പോകുന്നത്. ഇന്ന് ലോകം എങ്ങനെ മുന്നോട്ടു പോകണം എന്ന് നിശ്ചയിക്കുന്ന ഏറ്റവും നിർണായകമായ ചാലക ശക്തികൾ വിവര സാങ്കേതികവിദ്യയുടെ ഉടമസ്ഥാവകാശം കൈയാളുന്ന കോർപ്പറേറ്റ് ശക്തികൾ തന്നെയാണ്.

ഈ ലോകത്തുള്ള ഓരോ മനുഷ്യനും എന്തു ഭക്ഷണം കഴിക്കണം, എന്തു വസ്ത്രം ധരിക്കണം, എന്തു വായിക്കണം, എങ്ങനെ സന്തോഷിക്കണം, എന്ത് ചിന്തിക്കണം എന്നു തുടങ്ങി എങ്ങിനെ പ്രണയിക്കണം,ആരെ പ്രണയിക്കണം എന്നുപോലും നിശ്ചയിക്കുന്നത് ഇത്തരം കോർപ്പറേറ്റ് ശക്തികളാണ്. ഒരാൾ രാവിലെ എഴുന്നേൽക്കുന്നത് മുതൽ രാത്രി ഉറങ്ങുന്നത് വരെയുള്ള എല്ലാ കാര്യങ്ങളും നിങ്ങൾക്ക് വേണ്ടി അവർ നിശ്ചയിക്കും. അവർ നിർമ്മിച്ചെടുത്തിട്ടുള്ള മായാ ലോകത്തിലെ തടവുകാർ മാത്രമാണ് ഇന്ന് ഓരോ മനുഷ്യനും. അവരുടെ ആശയ്ക്ക് അനുസരിച്ച് ചരിക്കുന്ന, അവർക്കുവേണ്ടി അധ്വാനിക്കുന്ന, അവർ ചൂണ്ടിക്കാണിച്ചു തരുന്ന സിനിമകൾ കാണുന്ന, അവരുടെ ഗാനങ്ങൾക്കനുസരിച്ച് ചുവടുവെക്കുന്ന കോമാളി ജന്മങ്ങൾ...

> **വിവര സാങ്കേതിക വിദ്യ നിയന്ത്രിക്കുന്ന കോർപ്പറേറ്റ് ഉടമകളുടെ മായാ ലോകത്തിലെ തടവുകാർ മാത്രമാണ് ഇന്ന് ഓരോ മനുഷ്യനും. അവരുടെ ആശയ്ക്ക് അനുസരിച്ച് ചരിക്കുന്ന, അവർക്കുവേണ്ടി അധ്വാനിക്കുന്ന, അവർ ചൂണ്ടിക്കാണിച്ചു തരുന്ന സിനിമകൾ കാണുന്ന, അവരുടെ ഗാനങ്ങൾക്കനുസരിച്ച് ചുവടുവെക്കുന്ന കോമാളി ജന്മങ്ങൾ...**

ഗർഭത്തിൽ കിടക്കുന്ന കുഞ്ഞിന്റെ ഹൃദയമിടിപ്പിന്റെ



താളവും രക്തസമ്മർദ്ദത്തിലെ വ്യതിയാനങ്ങളും എന്തിന് ബുദ്ധിയുടെയും വ്യക്തിത്വത്തിന്റെയും രൂപീകരണം പോലുംഇവർ നിയന്ത്രിക്കാൻ തുടങ്ങിയിരിക്കുന്നു.. നിങ്ങളുടെ സന്മാർഗസംഹിതകളും, നിങ്ങൾ അനുസരിക്കാൻ ബാദ്ധ്യസ്ഥമായ നിയമങ്ങളും എന്തിന്,നിങ്ങളുടെ ധാർമികത പോലും ഇവർ കൃത്രിമമായി ഇവരുടെ താൽപര്യങ്ങൾ സംരക്ഷിക്കാൻ പാകത്തിന് നിങ്ങൾക്കായി നിർമ്മിച്ചു തരുന്നതാണ്...

വിവരസാങ്കേതികവിദ്യയുടെ അപ്രമാദിത്യവും അതിപ്രസരവും ഗാഡ്ജറ്റുകളുടെ അമിതോപകയോഗവും വളർന്നുവരുന്ന കുഞ്ഞുങ്ങളെ ഏതു രീതിയിലാണ് സ്വാധീനിക്കുന്നത് എന്നത് അങ്ങേയറ്റം ഉത്കണ്ഠ ഉളവാക്കുന്ന ഒരു സംഗതിയാണ്. വളർച്ചയുടെ ചില മേഖലകളിൽ ഇവ ഗുണപരമായ ഇടപെടലുകൾ നടത്തുന്നുണ്ടെങ്കിൽക്കൂടി മറ്റു പല മേഖലകളിലും വളരെ വിപരീതമായ പ്രത്യാഘാതങ്ങളാണ് ഉണ്ടാക്കുന്നത്. അതുകൊണ്ടുതന്നെ അച്ഛനമ്മമാർ ഇക്കാര്യത്തിൽ കനത്ത ജാഗ്രത പുലർത്തേണ്ടതുണ്ട്. ഗാഡ്ജെറ്റുകളുടെ അമിത ഉപയോഗം പല ചെറിയ കുട്ടികളെയും വെർച്വൽ ഓട്ടിസം എന്ന അവസ്ഥയിൽ കൊണ്ടെത്തിക്കുന്നുണ്ട്. മുതിർന്ന കുട്ടികളുടെ ഇടയിൽ ആവട്ടെ സൈബർ യൗഹഹ്യശിഴ പോലെയുള്ള സൈബർ കുറ്റകൃത്യങ്ങളുടെ എണ്ണവും ഗണ്യമായി വർദ്ധിച്ചു വരുന്നുണ്ട്. ഇത് രണ്ടും മാതാപിതാക്കൾ വളരെ ഗൗരവമായി കാണേണ്ടതുണ്ട്.

**നിങ്ങളുടെ സന്മാർഗസംഹിതകളും, നിങ്ങൾ അനുസരിക്കാൻ ബാദ്ധ്യസ്ഥമായ നിയമങ്ങളും എന്തിന്,നിങ്ങളുടെ ധാർമികത പോലും ഇവർ കൃത്രിമമായി ഇവരുടെ താൽപര്യങ്ങൾ സംരക്ഷിക്കാൻ പാകത്തിന് നിങ്ങൾക്കായി നിർമ്മിച്ചു തരുന്നതാണ്...**

ഇന്നത്തെ ലോകത്തിൽ ഒരു വയസ്സിനു മുമ്പ് തന്നെ ചിലപ്പോൾ കുട്ടികൾ മൊബൈൽ ഫോണിന്റെയും മറ്റും അടിമകളായി മാറുന്നത് കാണാറുണ്ട്. പലപ്പോഴും മൊബൈൽ അടിമകളായ രക്ഷിതാക്കൾ തന്നെയാണ് കുട്ടികളെ ഈ അഡിക്ഷനിൽ കൊണ്ടുചെന്നെത്തിക്കുന്നത്. അച്ഛനമ്മമാരുടെ അറിവില്ലായ്മയാണ് ചിലപ്പോഴൊക്കെ ഇതിലേക്ക് നയിക്കുന്നത്. ചിലരൊക്കെ ഫ്ലാറ്റുകളിലും വില്ലകളിലും മറ്റും ജീവിക്കുന്നവർ ആയിരിക്കും പലപ്പോഴും. പ്രകൃതിയുമായി നേരിട്ട് ബന്ധമില്ലാതെ, ചുമരുകൾ മാത്രം കാണാൻ വിധിക്കപ്പെട്ട നിർഭാഗ്യശാലികളായ കുട്ടികളായിരിക്കും ചിലർ. കുട്ടികളെ നോക്കുന്ന ആൾക്കും ( അമ്മയോ അമ്മൂമ്മയോ മറ്റാരെങ്കിലുമോ ) വേറെ വിനോദോപാധികൾ ഒന്നും ഉണ്ടായിക്കൊള്ളണമെന്നില്ല. സമയം കൊല്ലാനും കുട്ടിയെ ഒതുക്കി ഇരുത്താനും ഭക്ഷണം കൊടുക്കാനും ഒക്കെയുള്ള ഒരു ഉപാധിയായി മൊബൈൽ ഫോൺ ഉപയോഗിച്ച് തുടങ്ങും. മൊബൈലിൽ കാർട്ടൂൺ വച്ചുകൊടുത്താൽ മാത്രമേ കുട്ടി ഭക്ഷണം കഴിക്കൂ എന്ന് അഭിമാനപൂർവ്വം പറയുന്ന എത്രയോ അച്ഛനമ്മമാരെ കണ്ടിട്ടുണ്ട്.

ഒരിക്കൽ ഓ പിയിൽ വന്നു കയറിയ നാലു വയസ്സുകാരി ഒഴുക്കോട് കൂടിയ ഇംഗ്ലീഷിൽ സംസാരിച്ചു തുടങ്ങി. ഏതോ യൂറോപ്യൻ രാജ്യത്തിൽ നിന്നും വന്ന കുട്ടിയാണോ എന്ന് ഞാൻ അൽഭുതം കൂറിയപ്പോൾ മലയാളികളായ അച്ഛനമ്മമാർ,എല്ലാം അവൾ ഇന്റർനെറ്റിൽ നോക്കി പഠിച്ചതാണ് എന്ന് അന്തസ്സോടെ പറഞ്ഞു. കുട്ടിയാവട്ടെ ഏതോ കാർട്ടൂൺ കഥയിൽ നിന്നും ഇറങ്ങി വന്ന കഥാപാത്രത്തിനെ പോലെ പെരുമാറാനും തുടങ്ങി. മകൾക്ക് നല്ല ബുദ്ധിയാണെന്നും എന്തു കേട്ടാലും അപ്പോൾ തന്നെ ഗ്രഹിക്കും എന്നും അവർ അഭിമാനപൂർവ്വം പറഞ്ഞു.. അച്ഛനമ്മമാർക്ക് രണ്ടുപേർക്കും ഇംഗ്ലീഷിൽ വേണ്ടത്ര പരിജ്ഞാനം ഉണ്ടായിരുന്നില്ല. മുതിർന്ന കുട്ടി കാർട്ടൂൺ കാണുന്നത് കണ്ട് ചെറിയ കുട്ടിയും പഠിച്ചതാണത്രേ..

മൂന്നു വയസ്സിൽ താഴെയുള്ള കുട്ടികൾക്ക് മൊബൈൽ ഫോൺ കൊടുക്കാൻ പാടില്ല എന്നും മുതിർന്ന കുട്ടികളുടെ സ്ക്രീൻ ടൈം നിയന്ത്രിക്കേണ്ടതിന്റെയും അവർ എന്താണ് കാണുന്നത് എന്നുള്ളത് അറിഞ്ഞിരിക്കേണ്ടതിന്റെയും ആവശ്യകതയെക്കുറിച്ചും ഒരു നീണ്ട ക്ലാസ്സ് എടുത്തു കൊടുത്ത ശേഷമാണ് ഞാൻ അവരെ വീട്ടിലേക്ക് വിട്ടത്..

വിഷ്വൽ മീഡിയയുടെ അമിതമായ ഉപയോഗം ചെറിയ കുട്ടികളിൽ ശ്യൗേമഹ ഓട്ടിസം എന്ന അവസ്ഥ ഉണ്ടാക്കാൻ ഇടയാക്കും. എന്താണ് വെർച്വൽ ഓട്ടിസം? അതിന്റെ ലക്ഷണങ്ങൾ എന്തൊക്കെയാണ്?

അമിതമായ വിഷ്വൽ മീഡിയയുടെ ഉപയോഗം കാരണം കുട്ടികളിൽ ഉണ്ടാവുന്ന സാമൂഹ്യമായ ഉൾവലിയൽ, ഭാഷയുടെ ഉപയോഗം,ആശയവിനിമയം എന്നിവയിൽ ഉണ്ടാകുന്ന തകരാറുകൾ, പെരുമാറ്റ വൈകല്യങ്ങൾ എന്നീ ലക്ഷണങ്ങൾ ഉൾപ്പെടുന്ന അവസ്ഥയെയാണ് വെർചൽ ഓട്ടിസം എന്ന് വിളിക്കുന്നത്.

**ഗാഡ്ജെറ്റുകളുടെ അമിത ഉപയോഗം പല ചെറിയ കുട്ടികളെയും വെർച്വൽ ഓട്ടിസം എന്ന അവസ്ഥയിൽ കൊണ്ടെത്തിക്കുന്നുണ്ട്. മുതിർന്ന കുട്ടികളുടെ ഇടയിൽ ആവട്ടെ സൈബർ യൗഹഹ്വശിഴ പോലെയുള്ള സൈബർ കുറ്റകൃത്യങ്ങളുടെ എണ്ണവും ഗണ്യമായി വർദ്ധിച്ചു വരുന്നുണ്ട്. ഇത് രണ്ടും മാതാപിതാക്കൾ വളരെ ഗൗരവമായി കാണേണ്ടതുണ്ട്.**

അമിതമായ സ്ക്രീൻ ടൈം കുട്ടികളിൽ കുട്ടികളെ എങ്ങനെ ബാധിക്കുന്നു എന്ന് നമുക്ക് നോക്കാം.

**1. സാമൂഹികമായ കഴിവുകളുടെ വളർച്ച കുറയുന്നു.**

മനുഷ്യർ തമ്മിൽ മുഖത്തോട് മുഖം നോക്കിയുള്ള ഇടപെടലുകളിലൂടെ ആണ് സമൂഹത്തിൽ എങ്ങനെ ഇടപെടണം എന്ന് കുട്ടി പഠിക്കുന്നത്.നമ്മുടെ പ്രവർത്തികൾ മറ്റൊരാളിൽ ഉണ്ടാക്കുന്ന സൂക്ഷ്മ പ്രതികരണങ്ങൾ വരെ കുട്ടികൾ ശ്രദ്ധിച്ചു പഠിക്കുകയും സ്വയം ഏവ അതനുസരിച്ച് അവരുടെ പ്രവർത്തികളെ ചിട്ട പ്പെടുത്തുകയും ചെയ്യും. അങ്ങനെയാണ് സമൂഹത്തിന് യോജിച്ച ഒരു വ്യക്തിയായി ഒരു മനുഷ്യൻ രൂപപ്പെടുന്നത്. ടെക്നോളജിയുടെ കടന്നുകയറ്റം ഈ കഴിവിനെ പരിമിതപ്പെടുത്തുന്നു.

**2. ഭാഷയിലും ആശയവിനിമയത്തിലും ഉണ്ടാകുന്ന കുറവുകൾ.**

മൊബൈലിൽ മുഴുകിയിരിക്കുന്ന കുട്ടി പലപ്പോഴും വാക്കുകൾ കേൾക്കുകയും മനസ്സിലാക്കുകയും ചെയ്യുന്നുണ്ടെങ്കിൽ പോലും മറ്റൊരാളിനോട് സംസാരിച്ചു മാത്രം ലഭിക്കേണ്ട ഭാഷാ പരിശീലനം ലഭിക്കാതെ പോകുന്നു. ചിലപ്പോഴൊക്കെ ഈ കുട്ടികളുടെ ഭാഷാ ഉപയോഗം ചില കാർട്ടൂൺ കഥാപാത്രങ്ങളെ അനുകരിക്കുന്ന വിധത്തിൽ ഉള്ളതായി മാറാറുണ്ട്. സീരിയൽ നായികയെ പോലെ മാത്രം സംസാരിച്ചിരുന്ന ഒരു കുട്ടിയെയും ഒരിക്കൽ കണ്ടുമുട്ടിയിട്ടുണ്ട്.

ചില കുട്ടികളിൽ പദസമ്പത്ത് വളരെ പരിമിതമായി മാറാറുമുണ്ട്.

**3. കായികക്ഷമതയിലുള്ള കുറവ്..**

സ്ക്രീൻ ടൈം കൂടുന്നതിനനുസരിച്ച് കുട്ടികൾ വീടിനു പുറത്തു പോകുന്നതും കായിക പരിശീലനങ്ങളിലും മറ്റും ഏർപ്പെടുന്നതും കുറയുന്നു. കളിയുടെ സമയം കുറയുന്നത് അവരുടെ ആരോഗ്യത്തെയും കായികക്ഷമതയെയും നെഗറ്റീവ് ആയി ബാധിക്കുന്നു. പലരും അനാരോഗ്യത്തിലും അമിത ഭാരത്തിലും ചെന്നെത്തുന്നു.

**4 ഉറക്ക പ്രശ്നങ്ങൾ**

രാത്രി വൈകിയിരുന്നു ഇന്റർനെറ്റ് ടിവി മുതലായവ ഉപയോഗിക്കുന്നതും വീഡിയോ ഗെയിമുകളിൽ ഏർപ്പെടുന്നതും തലച്ചോറിലെ ഉറക്കചക്രം അഥവാ ഹെലലു ൃരഹല തകരാറിലാക്കുന്നു. തലച്ചോറിലെ മേലാറ്റൂണിന് എന്ന ഹോർമോണിന്റെ ഉത്പാദനത്തിനെയും ഗ്രന്ഥി യുടെ പ്രവർത്തനത്തിനെയും ഇത് ദോഷകരമായി ബാധിക്കുന്നു. ഉറക്കം ഉണ്ടാക്കുന്ന ൈ്രലലെ മൊത്തം ശരീരത്തിന്റെ ആരോഗ്യത്തിന് തകർക്കുന്നു.

**5 . ശ്രദ്ധ കുറവുകൾ**

വിഷ്വൽ മീഡിയയിലൂടെ നമ്മുടെ മുന്നിലെത്തുന്ന ദൃശ്യങ്ങൾ അമിതമായ വേഗത്തിലാണ് കടന്നുവരുന്നത്. യഥാർത്ഥ ലോകത്തിലെ വേഗവും സൈബർ ലോകത്തിലെ വേഗവും തുലനപ്പെടുത്താവുന്നതല്ല. സൈബർ ലോകത്തിലെ അമിതവേഗം കണ്ടു ശീലിച്ച കുട്ടികളുടെ തലച്ചോറിലെ വയറിങ് തന്നെ മാറിപ്പോകുന്നു. അവർക്ക് ഒരു കാര്യത്തിലും ശ്രദ്ധ കേന്ദ്രീകരിക്കാൻ കഴിയാതെ വരുന്നു. ക്ഷമ ആവശ്യമുള്ള കാര്യങ്ങൾ ചെയ്തുതീർക്കാനോ പഠിച്ചെടുക്കാനോ അവർക്ക് പ്രയാസം അനുഭവപ്പെടുന്നു.

**6. വൈകാരിക പ്രശ്നങ്ങൾ, പെരുമാറ്റ വൈകല്യങ്ങൾ.**

സൈബർ ലോകത്ത് അധിക സമയം ചെലവഴിക്കുന്ന കുട്ടികളിൽ ആക്രമണോത്സുകത, അതി വൈകാരികത, അമിതമായ വാശി, ദേഷ്യം, തുടങ്ങിയ പെരുമാറ്റ വൈകല്യങ്ങൾ കൂടുതലായി കണ്ടുവരുന്നു. യഥാർത്ഥ



ലോകവും സൈബർ ലോകവും തമ്മിലുള്ള ഏറ്റുമുട്ടൽ വൈകാരിക പ്രശ്നങ്ങളിലേക്ക് നയിക്കുന്നു. കുട്ടികളിൽ സഹാനുഭൂതി രൂപപ്പെടുന്നത് ഏകദേശം മൂന്നു വയസ്സ് പ്രായമുള്ളപ്പോഴാണ്. സൈബർ ലോകത്ത് അധികസമയം അഭിരമിക്കുന്നതു കുട്ടികളിൽ സഹാനുഭൂതി രൂപപ്പെടുന്നത് തടസ്സപ്പെടാൻ ഇടയാക്കും. ജീവിതത്തിൽ അർത്ഥപൂർണ്ണമായ ബന്ധങ്ങൾ രൂപപ്പെടുത്തുന്നതിനുള്ള കഴിവ് കുറയാൻ ഇടവരുത്തും. സമൂഹത്തിലെ മറ്റു മനുഷ്യരുമായി വൈകാരികമായി connect ചെയ്യാൻ ബുദ്ധിമുട്ട് അനുഭവപ്പെടാനും സാധ്യതയുണ്ട്.

**എങ്ങനെ തടയാം?**

അച്ഛനമ്മമാരും അധ്യാപകരും നിയമം നിർമ്മാണം നടത്താൻ ചുമതലയുള്ള ആളുകളും ( policy makers) ഒരുമിച്ച് വേണം ഇതിന് പരിഹാരം കാണാൻ. ഇത് ഒരാളിനെയോ രണ്ട് ആളിനെയോ ബാധിക്കുന്ന പ്രശ്നമല്ല. മുഴുവൻ സമൂഹത്തിനെയും കാർന്നു തിന്നുന്ന ഒരു വിപത്താണ്. വരാൻ പോകുന്ന ഒരു തലമുറയുടെ വ്യക്തിത്വങ്ങളെയും ജീവിതരീതികളെയും കുടുംബവ്യവസ്ഥയും എല്ലാം ആഴത്തിൽ സ്വാധീനിക്കാൻ സാധ്യത ഉള്ളതായ വളരെയേറെ ഗൗരവമേറിയ ഒരു വിഷയമാണ്. അതിനാൽ തന്നെ നമുക്ക് എന്തൊക്കെ ചെയ്യാൻ കഴിയും എന്നുള്ളത് ഏറെ നിർണായകമാണ്.



**1. സ്ക്രീൻടൈമിനു പരിധി വയ്ക്കുക.**

മൂന്നു വയസ്സിന് താഴെയുള്ള കുട്ടികൾക്ക് ഇന്റർനെറ്റ്,കമ്പ്യൂട്ടർ,മൊബൈൽ തുടങ്ങിയവ കൊടുക്കാതിരിക്കുക. മൂന്നു വയസ്സിന് മുകളിലുള്ള കുട്ടികൾക്ക് ഒരു മണിക്കൂർ എന്ന് പരിധി വയ്ക്കുക.

**2. ഉള്ളടക്കം നിയന്ത്രിക്കുക**

പ്രായത്തിനനുസരിച്ചുള്ള പരിപാടികളുടെ ഉള്ളടക്കം നിയന്ത്രിക്കുക. കുട്ടികൾ കാണുന്നത് അവർക്ക് ഗുണപരമായ പരിപാടികൾ ആണെന്ന് അച്ഛൻ അമ്മമാർ ഉറപ്പു വരുത്തുക.

> **പലപ്പോഴും മൊബൈൽ അടിമകളായ രക്ഷിതാക്കൾ തന്നെയാണ് കുട്ടികളെ ഈ അഡിക്ഷനിൽ കൊണ്ടുചെന്നെത്തിക്കുന്നത്. അച്ഛനമ്മമാരുടെ അറിവില്ലായ്മയാണ് ചിലപ്പോഴൊക്കെ ഇതിലേക്ക് നയിക്കുന്നത്.**

**3. കായിക പരിശീലനം പ്രോത്സാഹിപ്പിക്കുക .**

വീടിനു പുറത്തുള്ള കളികളും കായിക പരിശീലനങ്ങളും പ്രോത്സാഹിപ്പിക്കുക. പെൺകുട്ടികൾക്കും തുല്യമായ കളിക്കാനുള്ള അവകാശം നൽകുക.ആൺകുട്ടികളും പെൺകുട്ടികളും ഒരുമിച്ച് കളികളിൽ ഏർപ്പെടുന്നത് പ്രോത്സാഹിപ്പിക്കുക.

**4. വിവിധ അഭിരുചികൾ പ്രോത്സാഹിപ്പിക്കുക**

വായന,ചിത്രരചന,സംഗീതം, നൃത്തം തുടങ്ങിയവ പ്രോത്സാഹിപ്പിക്കുക.

**5. പ്രകൃതിയിലേക്ക് മടങ്ങുക**

ജൈവ പ്രകൃതിയുമായി അടുത്ത് ഇടപഴുകാനുള്ള അവസരങ്ങൾ ഉണ്ടാക്കുക. പ്രകൃതി പഠന ക്യാമ്പുകളിലും മറ്റും പങ്കെടുക്കാനുള്ള അവസരങ്ങൾ ഉണ്ടാക്കുക.

**6.ഡിജിറ്റൽ മീഡിയയുടെ ഉപയോഗം പൂർണമായി തള്ളിക്കളയരുത്**

പലപ്പോഴും പുതിയ പഠനങ്ങളും നൂതനാശയങ്ങളും കണ്ടെത്താനും പുതിയ കാര്യങ്ങൾ ഗ്രഹിക്കാനും മറ്റും ഇന്റർനെറ്റ് കുട്ടികളെ സഹായിക്കും. അതുകൊണ്ടു തന്നെ ഡിജിറ്റൽ മീഡിയയുടെ ഉപയോഗം പൂർണമായി തള്ളിക്കളയുകയല്ല മറിച്ച് നല്ല രീതിയിലുള്ള ഉപയോഗം പ്രോത്സാഹിപ്പിക്കുകയാണ് വേണ്ടത്. സൈബർ ലോകവും ജൈവലോകവും ഒരു സമതുലിതാവസ്ഥയിൽ കൊണ്ടു പോകണം.

**7. ചിന്ത വളർത്തണം**

വിമർശനാത്മകമായ ചിന്ത പ്രോത്സാഹിപ്പിക്കുന്ന തരത്തിലുള്ള പരിപാടികൾ കാണുന്നത് നല്ലതാണ്.

**8. കുട്ടികളെ ബോധവൽക്കരിക്കണം**

ഇന്റർനെറ്റ് സേഫ്റ്റി,ടെക്നോളജിയുടെ ചതിക്കുഴികൾ എന്നിവയെ കുറിച്ച് കുട്ടികളെ ബോധമുള്ളവരാക്കുക.

**9. വെർച്ചൽ ഓട്ടിസത്തിന്റെ ലക്ഷണങ്ങൾ ശ്രദ്ധിക്കുക**

കുട്ടികളിൽ വെർച്ചൽ ഓട്ടിസത്തിന്റെ ലക്ഷണങ്ങൾ കണ്ടാൽ ഉടനടി വിദഗ്ധ ഉപദേശം തേടുക.

( തുടരും )

**Muthoot Finance USA Inc.**



# You Only NEED A GOLD LOAN To Make Your Dreams A REALITY!



**Just avail a gold loan from Muthoot Finance and experience a host of incredible benefits.**

| Maximum Loan Value | Quick Loan Approval | Easy Documentation |
|---|---|---|
| Get the best loan value for your gold | Fast processing to get you your funds immediately | Hassle-free paperwork for a seamless loan experience |

**Trust the gold loan experts and secure your future today.**

Visit our branches at:

**New York Branch**
1620, Hillside Ave,
New Hyde Park, New York - 11040
+1 (516) 352 7900

**New Jersey Branch**
1407, Oak Tree Road,
Iselin, New Jersey - 08830
+1 (732) 305 8200

Live Chat: +91 8078014111

**Muthoot Family - 800 years of Business Legacy**

ചെറുകഥ



വര:
പി ജി ദിനേശ്

# നാരായണീയം

ജോസഫ് എബ്രഹാം


“ഗുരോ ജയിലീന്നു ഇറങ്ങിയെപ്പിന്നെ നാരായണിയെ വീണ്ടും കണ്ടിരുന്നോ?”

ചോദ്യം കേട്ടുവെങ്കിലും അദ്ദേഹമൊന്നും മിണ്ടിയില്ല.

അണ്ഡകടാഹത്തെ ഇരുട്ടിലാഴ്ത്താൻ ആസ്തപ്പാട് കൂട്ടുന്ന സൂര്യനെ നോക്കി പരിഹാസത്തോടെ ഗുരു ചിരിച്ചു.

‘ഇത്ര തിരക്കിട്ട് പോയിട്ടെന്താ കാര്യം? രാവിലെ വീണ്ടും വരാനുള്ളതല്ലേ.

ഇമ്മിണി കഴിഞ്ഞിട്ട് അസ്തമിച്ചാലും ഇച്ചിരെനേരം താമസിച്ചു ഉദിച്ചാലും ഈ അണ്ഡകടാഹത്തിനോ അതിലെ നിവാസികളായ കോടാനുകോടി ജനങ്ങൾക്കോ, പക്ഷിമൃഗാദികൾക്കോ, കടുവാക്കുഴിയിലെ പ്രജകൾക്കോ എന്തെങ്കിലും കുഴപ്പം വരാനുണ്ടോ



എന്നായിരിക്കണം ഗുരു ചിന്തിച്ചത്’

കലമാൻകൊമ്പിൻറെ പിടിവെച്ച യമണ്ടൻ കഠാര ഗുരുവിന്റെ എളിയിൽ മുഴച്ചുനിൽക്കുന്നതു നേരിയ ജൂബയ്ക്ക് അകത്തൂടെ നിഴലിച്ചു കാണാമായിരുന്നു. കുറച്ചു കാലംമുൻപ് ഒന്നു രണ്ടു പ്രാവശ്യം ഗുരുവിനെ ആക്രമിക്കാനായി ജിന്നുകൾ വന്നിരുന്നുപോലും. അപ്പോഴൊക്കെ ആ യമണ്ടൻ കഠാര കൊണ്ടായിരുന്നുവെത്രേ ഗുരു ജിന്നുകളുടെ തലകൾ വെട്ടിയറുത്തു മാറ്റിയത്.

ജിന്നുകളോട് ഘോരയുദ്ധം ചെയ്യാൻ മാത്രമല്ല ഏതെങ്കിലും കശ്മലന്മാർ പോക്രിത്തരം കാണിക്കാൻ വന്നാൽ അവരുടെ കൈവെട്ടിക്കളയാൻ വേണ്ടിയുമാണ് ഗുരു കഠാര എളിയിൽ തിരുകി നടക്കുന്നത്.

ഗുരു ആനന്ദശീലനും ഒപ്പം ക്ഷിപ്രകോപിയുമാണ്.

ഗുരുവിന്റെ മുഖത്തേക്കും കഠാരയിലേക്കും മാറിമാറി നോക്കിക്കൊണ്ട് മടിച്ചു മടിച്ചു വീണ്ടും ചോദിച്ചു.

''അല്ല, ചോദിച്ചത് ഗുരു കേട്ടില്ലായിരുന്നോ ?''

''കേട്ടടോ ബഡക്കൂസേ, അതൊക്കെ പറയാം''

ഗുരു ജൂബയുടെ പോക്കറ്റിൽകയ്യിട്ടു പനാമ സിഗരറ്റിൻറെ കൂട് പുറത്തെടുത്തു തുറന്നു. അതിൽനിന്നും ഒരണ്ണമെടുത്തു കത്തിച്ചു പുകവിട്ടു. പുകയെടുത്തതോടെ ചുമയും വന്നു. എന്നാലും ചുമച്ചുകൊണ്ടുതന്നെ സിഗരറ്റ് വലിച്ചു. വലിനിർത്താൻ ഡോക്ടർ എപ്പോഴും പറയാറുണ്ട് പക്ഷെ ഗുരു അതൊന്നും അനുസരിക്കാറില്ല. ഒരിക്കൽ പുകവലി നിർത്തണമെന്നു കർശനമായി തന്നെ ചെറുപ്പക്കാരനായ ഡോക്ടർ പറഞ്ഞു.

അതുകേട്ടതോടെ ഗുരുവിനു ദേഷ്യംവന്നു.

ഡോക്ടർ മൂരാച്ചിയുടെ നേരേ കഠാര നീട്ടിക്കൊണ്ടു ചോദിച്ചു.

''ബഡക്കൂസേ, കള്ള ഹിമാറെ, നിൻറെ വാപ്പ പുകവലിച്ചിരുന്നോ?''

'' ഇല്ല... ഇക്കാ''

കഠാരയിലേക്ക് നോക്കിക്കൊണ്ട് ഡോക്ടർ പേടിയോടെ പറഞ്ഞു

''അവൻ, നിൻറെ വാപ്പ എത്രാമത്തെ വയസിലാണ് മരിച്ചത് ?''

''അമ്പത്തഞ്ചു വയസിൽ''

''ഇപ്പോൾ എനിക്കെത്ര വയസായി ബലാലെ ?''

''ഇക്കയ്ക്ക് ഇമ്മിണി വയസായി''

''ഉം''

ഗുരു ഡോക്ടറുടെ മുഖത്തുനോക്കി ഒന്നമർത്തി മൂളി.

ഡോക്ടർ പേടിച്ചു മിണ്ടാട്ടം മുട്ടി നിൽപ്പായി.

നീട്ടിപ്പിടിച്ച കഠാര എളിയിൽ തിരുകി ഗുരു അവിടെ നിന്നും ഇറങ്ങിപ്പോന്നപ്പോഴാണ് ഡോക്ടറുടെ ശ്വാസം നേരെ വീണത്.

ഗുരു ഒരു സർവസ്വതന്ത്ര വിപ്ലവകാരിയാണ്.

തൻറെ ന്യായമായ സ്വാതന്ത്ര്യത്തെ തടയാൻ ആരെയും അനുവദിച്ചിരുന്നില്ല. അതിനായി ഒരുമ്പെട്ടുവന്ന മൂരാച്ചികളോടൊക്കെ ഘോരഘോരം എതിരടിച്ചുവെന്നാണ് ഗുരു പറഞ്ഞിട്ടുള്ളത്. ചിലതൊക്കെ ഈ ശിഷ്യനും നേരിട്ട് അറിവുള്ളതുമാകുന്നു.

സിഗരറ്റു വലിച്ചു കഴിഞ്ഞപ്പോൾ ഗുരു ചോദിച്ചു.

''നിനക്കറിയാമോ മൂരാച്ചി ദിവാൻ, സർസിപ്പിയെ വെട്ടിയത് ആരാണെന്നു?''

''അത്, ഏതോ ഒരു മണിയനല്ലേ. ഒരു കമ്മ്യൂണിസ്റ്റുകാരൻ?''

''ആരു പറഞ്ഞു നിന്നോടു ഈ മഠയത്തരം? അതൊക്കെ കമ്മ്യൂണിസ്റ്റു മൂരാച്ചികളുടെ ഒരു ഡാവാണ്.

''മണിയനെന്ന വിദ്വാൻ സോഷ്യലിസ്റ്റായിരുന്നു. നിന്നെപ്പോലെ അവനും എൻറെ ശിഷ്യനായിരുന്നു. പോലീസ് മൂരാച്ചികളുടെ തൊപ്പികണ്ടാൽ പേടിച്ചോടുന്ന അവൻ വിദേശസർക്കാരിൻറെ ദിവാനെ വെട്ടിയെന്നാരു പറഞ്ഞു?

''ബഡക്കൂസേ, പിന്തിരിപ്പൻ സാമ്രാജ്യത്വ വാദി ദിവാനെവെട്ടി മൂക്ക് മുറിച്ചെടുത്തത് വിപ്ലവകാരിയായ ഞാനായിരുന്നു. മനസ്സിലായോ?''

> 'സംഗതി എന്താന്നുവച്ചാൽ മൂരാച്ചി ദിവാൻറെ മേശപ്പുറത്തു വൈസ്രോയി മൌണ്ട്ബാറ്റൻ അയച്ച ഒരു കത്തുണ്ടായിരുന്നു. ദിവാനും വിദേശസർക്കാരും ഭയപ്പെടേണ്ടത് കമ്യൂണിസ്റ്റുകാരെയും ദേശീയവാദികളെയുമല്ല. സർക്കാരിനെ മൂരാച്ചിസർക്കാരെന്നും പോലീസുകാരെ മൂരാച്ചി വിദേശപക്ഷവാദി പോലീസുകാരെന്നു ഘോരഘോരം ആക്ഷേപിക്കുന്ന സർവസ്വതന്ത്ര വിപ്ലവകാരിയായ ഒരു എഴുത്തുകാരനുണ്ട് തിരുവിതാംകൂറിൽ. അയാളെയും അയാളുടെ എഴുത്തിനെയും സൂക്ഷിക്കണം. അയാളൊരു അതിഘോര വിപ്ലവകാരിയാകുന്നു. അതായിരുന്നു വൈസ്രോയിയുടെ കത്തിലെ ഉള്ളടക്കം.**

''പക്ഷെ ഗുരു, അങ്ങിനെയൊരു ചരിത്രം ഇതുവരെ കേട്ടില്ലല്ലോ. ആരും തന്നെ ആ ധീരകൃത്യം ചെയ്തത് ഗുരുവാണെന്ന് എഴുതുകയും ചെയ്തിട്ടുള്ളതായി ഈ വിനീത ശിഷ്യനു അറിയുകയുമില്ല''

''സർവസ്വതന്ത്രവിപ്ലവകാരിയായ ഞാനാണ് മൂരാച്ചി ദിവാനെ വെട്ടിയതെന്നു പലർക്കും അറിയാം. സർസിപ്പിക്കും പോലീസുകാർക്കും അറിയാം. അതല്ലേ പട്ടർ രായ്ക്കുരാമാനം പേടിച്ചു നാടുവിട്ടത്.

കമ്മ്യുണിസ്റ്റുകാരെയോ, സോഷ്യലിസ്റ്റുകാരയോ ദിവാനോ വിദേശ സർക്കാരിനോ വല്ല പേടിയുമുണ്ടോ? ഇല്ല.

അവരെയൊക്കെ അവർ തല്ലിയൊതുക്കുകയും ചെയ്തില്ലേ?

കമ്മ്യുണിസ്റ്റുകാരെ പേടിയുണ്ടെങ്കിൽ അവർ അങ്ങിനെ ചെയ്യുമോ?

ആരെയും പേടിയില്ലാത്ത സർ സിപ്പി എന്തേ നാടുവിട്ടത് ?

ചിന്തിച്ചിട്ടുണ്ടോ?

സർ സിപ്പിയുടെ കയ്യിൽ പോലീസും പട്ടാളവും ഇല്ലായിരുന്നോ?

എല്ലാം ഉണ്ടായിരുന്നു.

എന്നിട്ടും പട്ടർ ഒളിച്ചോടി. എന്താ സംഗതിയെന്നു പിടികിട്ടിയോ?''

''അറിയില്ല ഗുരോ''

''സംഗതി എന്താന്നുവച്ചാൽ മൂരാച്ചി ദിവാൻറെ മേശപ്പുറത്തു വൈസ്രോയി മൌണ്ട്ബാറ്റൻ അയച്ച ഒരു കത്തുണ്ടായിരുന്നു. ദിവാനും വിദേശസർക്കാരും



ഭയപ്പെടേണ്ടത് കമ്യൂണിസ്റ്റുകാരെയും ദേശീയവാദികളെയുമല്ല. സർക്കാരിനെ മൂരാച്ചിസർക്കാരെന്നും പോലീസുകാരെ മൂരാച്ചി വിദേശപക്ഷവാദി പോലീസുകാരെന്നു ഘോരഘോരം ആക്ഷേപിക്കുന്ന സർവസ്വതന്ത്ര വിപ്ലവകാരിയായ ഒരു എഴുത്തുകാരനുണ്ട് തിരുവിതാംകൂറിൽ. അയാളെയും അയാളുടെ എഴുത്തിനെയും സൂക്ഷിക്കണം. അയാളൊരു അതിഘോര വിപ്ലവകാരിയാകുന്നു. അതായിരുന്നു വൈസ്രോയിയുടെ കത്തിലെ ഉള്ളടക്കം.

''ഇപ്പോൾ മനസ്സിലായോ ദിവാൻ പട്ടർ എന്തിനാണു രായ്ക്കുരാമാനം തഞ്ചാവൂർക്കു കടന്നതെന്ന്?''

''എങ്കിലും ഗുരോ ...'

'നിൽക്കു ബഡക്കൂസേ ഞാൻ പറയട്ടെ.

സർവസ്വതന്ത്രവിപ്ലവകാരിയായ ഞാനാണ് മൂരാച്ചി ദിവാൻറെ മൂക്കുചെത്തി ഉപ്പിലിട്ടതെന്നു പറഞ്ഞാൽ സോഷ്യലിസ്റ്റുകാർക്കും കമ്മ്യൂണിസ്റ്റുകാർക്കും എന്തെങ്കിലും നേട്ടമുണ്ടോ? ഇല്ല.

ഇനി അതു ചെയ്തത് ഞാനല്ലന്നവർ പറഞ്ഞാൽ എനിക്കെന്തെങ്കിലും കോട്ടമുണ്ടോ? അതുമില്ല.

സർവസ്വതന്ത്ര വിപ്ലവകാരിയായ ഞാൻ ജീവിക്കുന്നത് പേരും പ്രശസ്തിയും നേടാനാണോ? അതുമല്ല.

ഈ മണിയനെക്കുറിച്ച് അതിനു മുൻപ് ആരെങ്കിലും കേട്ടിട്ടുണ്ടോ? ഇല്ല.

അതു പോകട്ടെ അതിനു ശേഷമോ? അതുമില്ല.

അതാണ് ഞാൻ പറഞ്ഞത്....''

''പിന്നെങ്ങിനെയാണു ഗുരോ മണിയന്റെ പേര് എല്ലാവരും പറയുന്നത് ?''

''അതല്ലേ ആദ്യമേ പറഞ്ഞത് അതൊക്കെ അവരുടെ ഡാവും ഡുക്കുടുവും ആണെന്ന കാര്യം.

സംഗതി ശരിയാണ്. മണിയനായിരുന്നു എനിക്കുവേണ്ടി വെട്ടുകത്തി കൊണ്ടുവന്നത്. മൂരാച്ചി ദിവാൻറെ മൂക്ക് മുറിച്ചെടുത്തശേഷം കത്തി ഞാൻ അവൻറെ കയ്യിൽ തിരിച്ചു കൊടുത്തിട്ടു പുറത്തേക്കുപോയി ഒരു ബീഡിവലിച്ചു കൊണ്ടിരുന്നപ്പോഴേക്കും കള്ള ബഡക്കൂസുകൾ കഥയാകെ മാറ്റിക്കഴിഞ്ഞിരുന്നു.

''കമ്മ്യൂണിസ്റ്റുകാർക്കും സോഷ്യലിസ്റ്റുകാർക്കും മാത്രമേ വിപ്ലവം നടത്താനും സുന്ദര സുരഭിലമായ ഒരു സ്റ്റൈലൻ ലോകത്തെ ഉണ്ടാക്കാനും കഴിയുകയുള്ളൂ എന്നൊക്കെയിരുന്നു അക്കാലത്ത് ഭൂഗോളത്തിലെ മുഴുവൻ ആണുങ്ങളും പെണ്ണുങ്ങളും വിച്ചാരിച്ചിരുന്ന

**"അതല്ലേ ആദ്യമേ പറഞ്ഞത് അതൊക്കെ അവരുടെ ഡാവും ഡുക്കുടുവും ആണെന്ന കാര്യം. സംഗതി ശരിയാണ്. മണിയനായിരുന്നു എനിക്കുവേണ്ടി വെട്ടുകത്തി കൊണ്ടുവന്നത്. മൂരാച്ചി ദിവാൻറെ മൂക്ക് മുറിച്ചെടുത്തശേഷം കത്തി ഞാൻ അവൻറെ കയ്യിൽ തിരിച്ചു കൊടുത്തിട്ടു പുറത്തേക്കുപോയി ഒരു ബീഡിവലിച്ചു കൊണ്ടിരുന്നപ്പോഴേക്കും കള്ള ബഡക്കൂസുകൾ കഥയാകെ മാറ്റിക്കഴിഞ്ഞിരുന്നു.'**

തും.''

''അല്ല ഗുരുവൊരു അഹിംസാ വിപ്ലവവാദിയായിരുന്നില്ലേ.

പിന്നെങ്ങിനെ ഇമ്മാതിരി ആയുധമെടുത്തുള്ള അതിക്രമം നടത്തിയത് ?''

''അഹിംസകൊണ്ട് വെട്ടിയതുകൊണ്ടാണ് കശ്മലൻ ദിവാൻറെ മൂക്ക് മാത്രം മുറിഞ്ഞത്. അല്ലാതെ ആ മൂരാച്ചി പട്ടരുടെ ഉണ്ണിപ്പിണ്ടിപോലുള്ള കഴുത്ത് മുറിയാനുള്ള മൂർച്ച വാക്കത്തിക്കില്ലാതെ പോയതൊന്നുമല്ല.''

''എന്തായാലും ഗുരോ അങ്ങൊരു സംഭവം തന്നെ.

ഇന്ദ്രനെയും ചന്ദ്രനേയും പോലും തനിക്കു പേടിയില്ലന്നായിരുന്നല്ലോ സർസിപ്പി പറഞ്ഞോണ്ടിരുന്നത്. പോലീസിനെയും പട്ടാളത്തെയും ഉള്ളം കൈയ്യിൽവെച്ചുകൊണ്ട് തിരുവിതാംകൂർ അടക്കിഭരിച്ച സർ സിപ്പിയെയും നീട്ടിപ്പിടിച്ച വാരിക്കുന്തങ്ങൾക്ക് ഇടയിലൂടെ തലയുയർത്തിപ്പിടിച്ചു നടന്നുവെന്നു വീമ്പടിക്കുന്ന സർ സിപ്പിയെയും തിരുവിതാംകൂറുകാർ കണ്ടതാണ്.

പക്ഷെ സർവതന്ത്ര സ്വതന്ത്ര വിപ്ലവകാരിയായ ഗുരുവിൻറെ ഒറ്റവെട്ടുകൊണ്ട് തിരിവിതാംകൂർ ഉപേക്ഷിച്ചു രായ്ക്കുരാമാനം ദിവാൻ നാടുവിട്ടു.''

''ഹ... ഹ ബുദ്ദൂസേ അപ്പോൾ നിൻറെ തലയിൽ നിലാവെളിച്ചം മാത്രമല്ല കുറച്ചു തലച്ചോറും കൂടിയുണ്ട്''

''അപ്പോൾ ദിവാനെ നാടുകടത്താനായിരുന്നു ഗുരുവിൻറെ സമരം?

''ഹേയ് ദിവാനെ നാടുകടത്തൽ എൻറെ ലക്ഷ്യമായിരുന്നില്ല''

''ഒറ്റവെട്ടിനു ദിവാനെ നാട്ടിൽനിന്നും ഓടിച്ച അങ്ങയുടെ സമരത്തിനോളം ഉശിരുള്ള സ്വാതന്ത്ര്യസമര സംഭവം തിരുവിതാംകൂർ ചരിത്രത്തിൽ എന്നല്ല കൊച്ചിയുടെയോ മലബാറിന്റെയോ ചരിത്രത്തിൽപോലുമില്ല.

''ഗുരോ, ശരിക്കും പറഞ്ഞാലൊണ്ടല്ലോ ഒറ്റയേറിന് മാവിലെ മുഴുവൻമാങ്ങയും വീണപോലുണ്ട്. കമ്മ്യൂണിസ്റ്റുകാരും ദേശീയവാദികളും കിണഞ്ഞുനോക്കിയിട്ടും നടക്കാതിരുന്ന കാര്യമല്ലോ അങ്ങ് ഒറ്റയ്ക്ക് നടത്തിയത്.

സത്യത്തിൽ നമ്പൂരിപ്പാടായിരുന്നില്ല ഗുരുവായിരുന്നു മുഖ്യമന്ത്രി ആകേണ്ടിയിരുന്നത്.''

''ഒന്നു പോടാ ബുദ്ധൂസേ.

വൈ ഷുഡ് ഐ നീഡ് പവർ.

ഹു വാണ്ടട്സ് പവർ?

ദി മോസ്റ്റ് പവർഫുൾ ഈസ് പവർലെസ്സ് കോമൺമാൻ.

''അധികാരമെന്നാൽ മറ്റുള്ളവരുടെ സ്വാതന്ത്ര്യം കവർന്നെടുക്കാനുള്ള ബൂർഷാ ഇക്കുമത്തുകളാണ്. വിദേശസർക്കാരായാലും സ്വദേശസർക്കാരായാലും അതെല്ലാം മൂരാച്ചിസർക്കാരാണ്. മൂരാച്ചിസർക്കാരുകൾ തുലയട്ടെ. സുന്ദരസുരഭിലമായ ഗ്രാമസഭകൾ സുന്ദരമായ അണ്ഡകടാഹത്തെ ഭരിക്കട്ടെ''

''അല്ല ഗുരോ എന്നാലും അങ്ങെന്തിനാണ് ആയുധമെടുത്തുള്ള അതിക്രമത്തിനു പോയതെന്ന് എനിക്കു മനസ്സിലായില്ല''

''അതിൻറെ ഡുൻഡുലാക്കു എന്താണെന്നു പറയാം.

നീ ആദ്യം ചോദിച്ചത് എന്താണ്. നാരായണിയുടെ കാര്യമല്ലേ?''

> കാലിലിരുന്ന ഞണ്ട് ഒന്നിളകി. അതു ഗുരുവിൻറെ മുണ്ടിൽ പിടിമുറുക്കിക്കൊണ്ട് മുകളിലേക്ക് കയറാൻ ശ്രമിച്ചു . അദ്ദേഹമാകട്ടെ ഞണ്ടിന്റെ അടുക്കലേക്കു കൈത്തലം നീട്ടിക്കൊടുത്തു. ഉള്ളം കയ്യിലേക്ക് ഞണ്ട് കയറി. ഗുരു നനഞ്ഞ മണലിലേക്ക് കൈത്തലം ചേർത്തുവച്ചു. ഞണ്ട് അവിടെ കണ്ട മടയിലേക്ക് സാവധാനം കയറിപ്പോയി.

'' അതേ''

നാരായണിയെക്കുറിച്ച് കേൾക്കാനുള്ള ഉത്സാഹത്തോടെ നിവർന്നിരുന്നുകൊണ്ട് ഞാൻ പറഞ്ഞു.

ഗുരു ജൂബയുടെ പോക്കറ്റിൽ നിന്നും ഒരു ബീഡിയെടുത്തു. ഒരു സിഗരറ്റു കഴിഞ്ഞാൽ അടുത്തത് ഒരു ബീഡി അതാണ് അദ്ദേഹത്തിൻറെ സ്റ്റൈൽ. ബീഡി കത്തിച്ചു പുകയെടുത്തയുടനെ ചുമയും വന്നു. ചുമയെ അതിൻറെ പാട്ടിനു വിട്ടുകൊണ്ട് ഗുരു ബീഡി ആസ്വദിച്ചു വലിച്ചു.

കടലിൽ നന്നായി തിരയിളകിക്കൊണ്ടിരുന്നു. പതഞ്ഞുവരുന്ന കടൽ കാലുകളെ ഇടയ്ക്കിടെ നനച്ചുകൊണ്ടിരുന്നു. തിരയിൽ കയറിയയെത്തിയ ഒരു കുഞ്ഞൻ ഞണ്ട് ഗുരുവിൻറെ കാലിൽ പറ്റിപിടിച്ചു കയറി കാൽപാദത്തിൽ സ്വസ്ഥമായി ഇരുപ്പുറപ്പിച്ചു. എനിക്കാണെങ്കിൽ അതുകണ്ടപ്പോൾ മേത്ത് ചൊറിച്ചിൽവന്നു. അതെങ്ങാനും അദ്ദേഹത്തിന്റെ കാലിൽ ഇറുക്കുമോന്നു ഞാൻ പേടിച്ചു. എന്നാൽ ഗുരുവിൻറെ മുഖത്തു ഭാവഭേദമൊന്നും ഇല്ലായിരുന്നു. ഈ അണ്ഡകടാഹത്തിനു തുല്യഅവകാശിയായ ഞണ്ട് തൻറെ കൂടെപ്പിറപ്പിനെ കണ്ടപ്പോൾ ലോഹ്യം ചോദിക്കാൻ വന്നതാണെന്ന മട്ടിലായിരുന്നു രണ്ടുപേരുടെയും ഇരുപ്പ്.

''ഡാ... കള്ളയൂദാസേ, ഞാൻ പറയുന്നത് കേട്ട് നാരായണിയുടെ കഥയെഴുതി വല്ല മൂരാച്ചിപത്രത്തിൻറെയും വിവരദോഷിയായ എഡിറ്റർക്ക് അയച്ചുകൊടുത്തു പത്തുചക്രം പിടുങ്ങാനാണ് നിൻറെ ഉള്ളിലിരുപ്പ് എന്നെനിക്കറിയാം''

''അയ്യോ, ഞാൻ ഗുരുവിനെ വിറ്റ് തിന്നുകയോ, അതു ഗുരുത്വദോഷമാവില്ലേ?''

‘‘അങ്ങിനെ ചെയ്താൽ നായിൻറെ മോനെ നിൻറെ കുടലു ഞാനെടുക്കും’’

ഗുരു എളിയിലെ കഠാരപ്പിടിയിൽ കൈ പിടിച്ചുകൊണ്ട് പറഞ്ഞു.

കാലിലിരുന്ന ഞണ്ട് ഒന്നിളകി. അതു ഗുരുവിൻറെ മുണ്ടിൽ പിടിമുറുക്കിക്കൊണ്ട് മുകളിലേക്ക് കയറാൻ ശ്രമിച്ചു . അദ്ദേഹമാകട്ടെ ഞണ്ടിന്റെ അടുക്കലേക്കു കൈത്തലം നീട്ടിക്കൊടുത്തു. ഉള്ളം കയ്യിലേക്ക് ഞണ്ട് കയറി. ഗുരു നനഞ്ഞ മണലിലേക്ക് കൈത്തലം ചേർത്തുവച്ചു. ഞണ്ട് അവിടെ കണ്ട മടയിലേക്ക് സാവധാനം കയറിപ്പോയി.

സന്ധ്യയായതോടെ ഉശിരുകൂടി കരകയറിവരുന്ന തിരകളിലേക്ക് നോക്കി ഗുരു പറഞ്ഞു തുടങ്ങി.

‘‘രാജദ്രോഹ കുറ്റത്തിന് കസബ പോലീസ് സ്റ്റേഷനിലെ മൂത്രം മണക്കുന്ന ലോക്കപ്പിൽ ഒന്നര കൊല്ലത്തോളം വിചാരണ കാത്തു കിടന്നു. ദുഷ്ടന്മാരും കശ്മലന്മാരും ഇടിയന്മാരും മുഴുത്തെറിയന്മാരുമായ പോലീസുകാരുടെ കൂടെ ഇരുപത്തിനാലുമണിക്കൂറും കഴിഞ്ഞുകൂടേണ്ട വരിക...!

ഇടയ്ക്കിടെ പിടിച്ചുകൊണ്ടുവരുന്ന കള്ളൻമാരെ ഇടിച്ചു കൂമ്പ് കലക്കുന്നത് നോക്കി നിൽക്കേണ്ടി വരിക....

ഹോ...കഠിന കടോരമായിരുന്നു ആ നാളുകളൊക്കെ.

അത്രയും കാലമൊക്കെ അങ്ങിനെ കഴിയേണ്ടിവന്നാൽ മനസ്സിൽനിന്നും പ്രേമവും പെണ്ണുങ്ങളെക്കുറിച്ചുള്ള സുന്ദരമായ ചിന്തകളും മാഞ്ഞിട്ടുണ്ടാകും. അവരുടെ സുന്ദരസുരഭിലമാദകഗന്ധവും നമ്മൾ മറന്നിട്ടുണ്ടാകും.

‘‘ ഒരു പെണ്ണിൻറെ മാദക ഗന്ധമെന്താണന്നു നിനക്കറിയാമോ?’’

‘‘അതു കാച്ചിയ വെളിച്ചണ്ണയുടെയും ചന്ദ്രികാ സോപ്പിൻറെയും മണമല്ലേ. എനിക്കു ഭയങ്കര ഇഷ്ട്ടമാണ്’’

‘‘ഹോ... വിഡ്ഢി കൂശ്മാണ്ഡമേ മിണ്ടാതിരി. ഇനി നീ വല്ലതും മിണ്ടിയാൽ നിൻറെ നാവരിഞ്ഞു കളയും ഞാൻ.

‘‘ലോകത്തിലെ ഏറ്റവും സുന്ദരസുരഭില മാദകഗന്ധമേതെന്നു തിരിച്ചറിയാത്ത നീ പുരുഷലോകത്തിനു അപമാനമാണ്. മദനപുഷ്പ സൌരഭ്യമെന്തെന്നറിയാത്ത മണ്ടശിരോമണി’’

എളിയിലെ കത്തിയിൽ കൈവെച്ചു കൊണ്ട് ഗുരുവെന്നെ വഴക്കുപറഞ്ഞു.

ഒരുനിമിഷം കഴിഞ്ഞു പിന്നെയും ഗുരു ചരിത്രം പറയൽ തുടർന്നു.

‘‘അങ്ങിനെയിരിക്കെയാണ് എന്നെ കോടതി ശിക്ഷിച്ചു പൂജപ്പുര ജയിലിലേക്ക് അയച്ചത്.

രാഷ്ട്രീയതടവുകാരുടെ ബ്ലോക്കിലെ ജയിൽ മുറിയിലേക്കുള്ള നടപ്പിനിടയിൽ തന്നെ ഒരു മതിലിനപ്പുറമുള്ള പെണ്ജയിലിൽ നിന്നും പെണ്ണിൻറെ മാദകമണമെനിക്കു കിട്ടി. പെണ്ജയിലിൽ വിരിഞ്ഞു നിൽക്കുന്ന നൂറുകണക്കിനു മദനപുഷപങ്ങളിൽ നിന്നുള്ള സുന്ദരസുരഭിലപരിമളത്തിനു വന്മതിലിനെ ഭേദിക്കാനുള്ള കരുത്തുണ്ടായിരുന്നു. പതിനഞ്ചടി മാത്രം പൊക്കമുള്ള മതിലിനിപ്പുറമുള്ള ആണ്ജയിലിലേക്ക് ആ മാദകഗന്ധം പരന്നൊഴുകിയിരുന്നുവെങ്കിലും അതൊന്നും വേറെയാർക്കും പിടികിട്ടിയിരുന്നില്ല.

അരസികന്മാർ. ബഡക്കൂസുകൾ...!

> **വർഷങ്ങൾക്കുശേഷം ഒരു പെണ്ണിൻറെ മാദകസുന്ദരശബ്ദം കാതിൽ കേൾക്കുന്നു. അഖിലാണ്ഡമണ്ഡലത്തിലെ ഏറ്റവും സുന്ദരമായ സ്വരമേതാണ്? ഏറ്റവും വിശിഷ്ട്ടമായ സംഗീതമേതാണ്? പ്രേമിക്കാനായി കൊതിക്കുന്ന പെണ്ണിൻറെ ശബ്ദമാണ് ഏറ്റവും സുന്ദരമായ സംഗീതം. ആരുടെ പ്രേമത്തെ കൊതിക്കുന്നുവോ അവളുടേതാണ് ലോകത്തിലെ ഏറ്റവും സുന്ദരമായ ശബ്ദം.**

‘‘അന്നു രാത്രിമുതൽ ഏകാന്തമായ ജയിൽമുറിയിൽ ഞാൻ പെണ്ണുങ്ങളെക്കുറിച്ച് ചിന്തിച്ചു. പകലും ചിന്തിച്ചു. ജീവിതത്തിൽ അതുവരെ കണ്ടുമുട്ടിയ പെണ്ണുടലുകളെക്കുറിച്ച് ചിന്തിച്ചു. തലച്ചോറിൻറെ അറകളിൽ സുരഭില ഓർമ്മകളായി സൂക്ഷിച്ചിട്ടുള്ള അവരുടെ മാദകമായ മണത്തെ മൂക്കിലേക്ക് വീണ്ടും ആവാഹിച്ചു. രാത്രിയിലും പകലും പെണ്ണുങ്ങളെ കിനാവുകണ്ടു. പെണ്ണുടലിന്റെ പ്രത്യയശാസ്ത്രത്തിൽ അഭിരമിച്ച രാവുകൾ,നാളുകൾ!.

‘‘പെണ്ജയിലിൻറെ മതിലിനോട് ചേർന്നു നടക്കുമ്പോൾ ആലോചിച്ചുനോക്കി. എത്രമാത്രം സുന്ദരികളും മാദകതിടമ്പുകളും ആ സ്റ്റൈലൻ നെടുവിരിയൻ മതിലിനപ്പുറം ജീവിക്കുന്നുണ്ടാവും. ജയിൽ വളപ്പിലെ മരത്തിനു മുകളിൽ കയറിയിരുന്നു മതിലിനപ്പുറത്തേക്കു നോക്കി. മുന്നൂറോളം മീറ്റർ അപ്പുറമായി പെണ്ജയിൽ കെട്ടിടം.

മതിലിനോട് ചേർന്ന ഭാഗം തരിശായി കിടക്കുന്നു.

സുന്ദരിക്കോതകൾ... എങ്കിലും മടിച്ചിക്കോതകൾ.

അവർക്കാ തരിശുഭൂമിയിൽ ഒരു പൂങ്കാവനം തീർക്കാൻ പാടില്ലായിരുന്നോ? എങ്കിൽ ആണ്ജയിലിലെ പൂങ്കാവനത്തിൽ നിന്നും പൂമ്പാറ്റകളും വണ്ടുകളും പെണ്ജയിലിലെ പൂങ്കാവനത്തിലെ പുഷ്പങ്ങളിലെ തേൻകുടിച്ചു സന്തോഷിക്കുമായിരുന്നില്ലേ?

തലയിൽ നിലാവെളിച്ചം നിറച്ച ബഡക്കൂസുകൾ!

എങ്കിലും എനിക്കു പ്രേമിക്കാനുള്ള മാദക സുന്ദര പനിനീർപൂവുകൾ.

ഏതെങ്കിലും ഒരു സുന്ദരിയെ ദൂരെ നിന്നെങ്കിലും കാണുവാൻ കഴിയുമോന്നു നോക്കി. ആരെയും കാണാൻ



പറ്റിയില്ലെങ്കിലും അവരെയൊക്കെ മനസ്സിൽ കണ്ടു.

അവരിൽ കിളവിമാരെത്ര, ചെറുപ്പക്കാരെത്രയെന്നു കൃത്യമായി മനസ്സിൽ തരംതിരിച്ചു.

എൻറെ രാത്രികളിലെ സുന്ദരകിനാവുകളെ നിങ്ങൾക്കു സെലാം.

പകലിൻറെ സൌരഭ്യമേ നിങ്ങൾക്കു നന്ദി.

''ചെറുപ്പകാരികളിൽ സുന്ദരികളെത്ര അല്ലാത്തവരെത്രയെന്നു തരംതിരിച്ചു.

ഓരോ സുന്ദരിക്കും മനോഹരമായ പേരുകൾ നൽകി.

മതിലിനോട് ചേർന്നുനിന്നുകൊണ്ട് അവർ ഓരോരുത്തരെയും പേരുചൊല്ലി ഉറക്കെ വിളിച്ചു.

''അവിടുത്തെ ഏറ്റവും വലിയ സുന്ദരിക്ക് നൽകിയ പേരായിരുന്നു നാരായണി.

ഒരു ദിവസം നാരായണിയെന്നു പേർ ചൊല്ലി ഉറക്കെ വിളിച്ചുകൊണ്ടിരുന്നു.

'നാരായണി എൻറെ പ്രിയ പ്രേമഭാജനമേ,
നാരായണി എൻറെ തങ്കക്കുടമേ'.

ഞാൻ പ്രണയത്തോടെ ഉറക്കെയുറക്കെ വിളിച്ചു.

അങ്ങിനെ പലപ്രാവശ്യം വിളിച്ചപ്പോൾ ഒരു അശരീരി കേട്ടു.

'അതാരാ അവിടെ എൻറെ പേരു വിളിക്കുന്നത്?'

സുന്ദരമായ പെൺശബ്ദം അപ്പുറത്തു നിന്നും കേട്ടു.

ദൈവമേ... ഹൃദയം കോരിത്തരിച്ചു.

എന്തെന്നില്ലാത്തവിധം ഹൃദയമിടിപ്പ് ഉച്ചത്തിലായി.

വർഷങ്ങൾക്കുശേഷം ഒരു പെണ്ണിൻറെ മാദകസുന്ദരശബ്ദം കാതിൽ കേൾക്കുന്നു.

അഖിലാണ്ഡമണ്ഡലത്തിലെ ഏറ്റവും സുന്ദരമായ സ്വരമേതാണ്?

ഏറ്റവും വിശിഷ്ടമായ സംഗീതമേതാണ് ?

പ്രേമിക്കാനായി കൊതിക്കുന്ന പെണ്ണിൻറെ ശബ്ദമാണ് ഏറ്റവും സുന്ദരമായ സംഗീതം.

ആരുടെ പ്രേമത്തെ കൊതിക്കുന്നുവോ അവളുടേതാണ് ലോകത്തിലെ ഏറ്റവും സുന്ദരമായ ശബ്ദം.

'എൻറെ തങ്കക്കുടമേ നീ എൻറെ വിളികേട്ടുവോ നാരായണീ'

'അയ്യോ ആരാണത് ? എന്നെ എങ്ങിനെ അറിയും?'

'എൻറെ സുന്ദരസുരഭില മാദക സ്വപ്നമേ.

അഖിലാണ്ഡേശ്വരി.

ജന്മങ്ങൾക്ക് മുൻപേ നിന്നെ ഞാൻ അറിയുമല്ലോ'

'അതെയോ, എങ്ങിനെ? എൻറെ ദൈവമേ.'

ഗുരു കഥപറച്ചിൽ അവിടെ നിറുത്തി.

സിഗരറ്റ് കൂട് തുറന്നു ഒരു പനാമയ്ക്ക് കൂടി തീ കൊളുത്തി പുകവിട്ടു.

''ശിഷ്യാ ബാക്കി ചരിത്രമൊക്കെ നിനക്കറിയാമല്ലോ.

നാരായണിയെ നേരിൽ കാണാനായുള്ള ദിവസത്തിനായി ഹൃദയം പ്രേമസുരഭിലമായി കാത്തിരിക്കവേയാണല്ലോ എന്നെ ജയിലിൽനിന്നും മോചിപ്പിക്കാനുള്ള ഉത്തരവുമായി *'അനിയൻ ജയിലർ' വന്നത്.

'സെലാം പ്രപഞ്ചമേ, സെലാം കരിങ്കൽ മതിലുകളെ,'

ജയിൽ വേഷം മാറി അനിയൻ ജയിലറിനൊപ്പം ജയിൽ മുറിയിൽ നിന്നും പുറത്തേക്കു നടക്കവേ ഞാൻ പെൺജയിലിൻറെ ഭാഗത്തേക്ക് നോക്കി.

ആ സമയം നാരായണി അവൾ വന്നതിൻറെ അടയാളമായി ഒരു ഉണങ്ങിയ കമ്പ് മതിലിനുമീതെ എറിയുന്നുണ്ടായിരുന്നു......''

ഗുരുവിൻറെ കഥയിൽ എവിടെയോ എന്തോ ഒരു പിശകുണ്ടല്ലോന്നു ഞാൻ ആലോചിച്ചു.

ചില കാര്യങ്ങൾ മോരും മുതിരയും പോലെ പിണങ്ങിക്കിടക്കുന്നു.

ഇനി ഇതൊക്കെ ഗുരുവിൻറെ ഒരു ഡംഭും ഡുൻഡുലാക്കും ആയിരിക്കുമോ?

അല്ലെങ്കിൽ ജിന്നുകളെ കാണുന്നത് പോലുള്ള കാഴ്ചയായിരിക്കും.

ചിലപ്പോൾ നാരായണി വല്ല പെൺജിന്നും ആയിരിക്കും.

അങ്ങിനെയൊക്കെ ചിന്തിക്കാൻ പാടില്ലാന്നറിയാം എന്നാലും ഞാൻ ഗുരുവിനെ സംശയിച്ചു.

ഞാൻ ആലോചിച്ചു. ഗുരുവിനു വേണമായിരുന്നെങ്കിൽ എന്തും പറയാനുള്ള സ്വാതന്ത്ര്യവും അടുപ്പമുള്ള അനിയൻ ജെയിലറോട് പറഞ്ഞിട്ടു മതിലിനരികിൽ പോയി നാരായണിയോടു യാത്ര പറയാമായിരുന്നു. അല്ലെങ്കിൽ സ്വതന്ത്രനായ ഗുരുവിനു ജയിലിൽചെന്നു നാരായണിയെ സന്ദർശിക്കാമായിരുന്നു.

പക്ഷെ എന്തുകൊണ്ട് നേരിട്ട് കാണാൻ പോയില്ല?

അപ്പോൾ ഇതൊക്കെ അദ്ദേഹം വെറുതെ നിരൂപിച്ചുണ്ടാക്കിയതായിരിക്കും.

''നായിൻറെ മോനെ....

അല്ലറചില്ലറ മോഷണവും ചെറ്റപൊക്കുമായി നടന്ന കള്ളൻ തോമായെന്ന നിന്നെ ഭൂഗോളം മുഴുവനും അറിയുന്ന 'പൊൻകുരിശ്ശു തോമായെന്ന' തത്വചിന്തകനാക്കി മാറ്റിയതു ഞാനാണ്.

എന്നെ നീ തോമാശ്ലീഹാ ചമഞ്ഞു സംശയിക്കുകയാണോ?

**മനസ്സു വായിക്കുന്നവനായ ഗുരു കോപകുലനായി കഠാരയൂരി എനിക്കുനേരെ വീശി. തക്കസമയത്ത് ഇരുന്ന ഇരുപ്പിൽ നിന്നും ചാടിമറിഞ്ഞു ഒഴിഞ്ഞുമാറിയതുകൊണ്ട് അപായമൊന്നും പറ്റിയില്ല. ഗുരു പറഞ്ഞതു വാസ്തവമാണ്. അന്നു പൊൻകുരിശു കളവുകേസിൻറെ സമയത്ത് എന്തോ ഒരു ധൈര്യത്തിനു ഇൻസ്പെക്ടർ കടുവാ മാത്തനോട് ഈയുള്ളവൻ മനസറിയാതെ പറഞ്ഞുപോയതായിരുന്നു. "കർത്താവായ യേശുമിശിഹാ തമ്പുരാനെ ക്രൂശിച്ചത് മരക്കുരിശ്ശിലല്ലേ? പള്ളിക്കെന്തിനാ പൊൻകുരിശ്ശ്" എന്ന വാചകം**

പള്ളയ്ക്കു കേറ്റും ഞാൻ... കഴുവേറി '

മനസ്സു വായിക്കുന്നവനായ ഗുരു കോപകുലനായി കഠാരയൂരി എനിക്കുനേരെ വീശി. തക്കസമയത്ത് ഇരുന്ന ഇരുപ്പിൽ നിന്നും ചാടിമറിഞ്ഞു ഒഴിഞ്ഞുമാറിയതുകൊണ്ട് അപായമൊന്നും പറ്റിയില്ല.

ഗുരു പറഞ്ഞതു വാസ്തവമാണ്. അന്നു പൊൻകുരി ശു കളവുകേസിൻറെ സമയത്ത് എന്തോ ഒരു ധൈര്യത്തിനു ഇൻസ്പെക്ടർ കടുവാ മാത്തനോട് ഈയുള്ളവൻ മനസറിയാതെ പറഞ്ഞുപോയതായിരുന്നു.

'കർത്താവായ യേശുമിശിഹാ തമ്പുരാനെ ക്രൂശിച്ചത് മരക്കുരിശ്ശിലല്ലേ? പള്ളിക്കെന്തിനാ പൊൻകുരിശ്ശ്''

എന്ന വാചകം

ഗുരു ആ വാക്കിനെയൊരു വിപ്ലവ ആഹ്വാനമായി ചരിത്രത്തിൽ രേഖപ്പെടുത്തിയതോടെ സംഗതി ലോകമറിഞ്ഞു. അക്കാര്യം സെമിനാരികളിലെ ദൈവശാസ്ത്രക്ലാസുകളിൽ പഠിപ്പിക്കാൻ തുടങ്ങി. അങ്ങിനെ പൊൻകുരിശ്ശു തോമായെന്ന ഈ എളിയ ദാർശനികനെ ലോകമറിഞ്ഞു.

കോളേജിലെ കുട്ടികളും മുതിർന്നവരും കടുവാക്കുഴിയിൽ വരികയും അങ്ങിനെയൊരു ചരിത്ര പ്രധാനമായ വിപ്ലവാഹ്വാനം ചെയ്യേണ്ടിവന്ന സാഹചര്യങ്ങളെയും ചരിത്രസംഭവങ്ങളെയും പഠിക്കുകയും എൻറെ പടം പിടിച്ചോണ്ട് പോവുകയും ചെയ്തുകൊണ്ടിരിക്കുന്നു.

എല്ലാം ഗുരുവിൻറെ എഴുത്തിന്റെ പവർ.

അതെല്ലാം ഓർത്തപ്പോൾ ഗുരുവിനെ തള്ളിപ്പറഞ്ഞ പത്രോസ് ശ്ലീവായെപ്പോലെ ഞാൻ അനുതപിച്ചു. തോമാ ശ്ലീവായെപ്പോലെ എൻറെ ഗുരോ എന്നു ഏറ്റുപറഞ്ഞു.

ക്ഷിപ്രകോപിയും ക്ഷിപ്രപ്രസാദിയുമാണ് ഗുരു.

തെല്ലിട കഴിഞ്ഞപ്പോൾ കോപ മടങ്ങിയ ഗുരു പറഞ്ഞു തുടങ്ങി.

''എടാ ബുദ്ധൂസേ കള്ളൻ തോമാച്ചാ, മണ്ടൻ പൊൻകുരിശ്ശെ, എല്ലാദിവസവും എനിക്കീ വിശാലലോകത്തിലെ നീണ്ടുകിടക്കുന്ന വഴികൾ താണ്ടി പൂജപ്പുരയിൽ ചെന്നു നാരായണിയെ കണ്ടുമിണ്ടാൻ പറ്റുമോ?

അതിനുള്ള പാങ്ങുണ്ടോ?

ഇനിയതിനു പോലീസ് മൂരാച്ചികൾ സമ്മതിക്കുമോ?

എന്നാൽ ജയിലിൽ തിരിച്ചെത്തിയാലോ?

എല്ലാദിവസവും നാരായണിയോട് മിണ്ടുകയും ചെയ്യാം ഒത്താൽ വല്ലപ്പോഴും കാണുകയും ചെയ്യാം''

''ബലഭേഷ് ഗുരോ ബലഭേഷ് . അങ്ങയുടെ ബുദ്ധി ഇമ്മിണി വലിയതു തന്നെ''

''പോലീസ് മൂരാച്ചികളുമായി ഘോരഘോരമായി സമരം നടത്തിയതിനാണ് ഞാൻ ജയിലിൽപോയതു.

സർവസ്വതന്ത്ര വിപ്ലവകാരിയായ എനിക്ക് നിന്നെപ്പോലെ മോഷണമോ പിടിച്ചുപറിയോ നടത്തി ജയിലിൽ പോകാനാവുമോ?

''ദിവാൻ പട്ടരെ വെട്ടിയത് ഞാനാണെന്ന് സ്റ്റേഷനിൽ കയറിച്ചെന്നു പോലീസ് മൂരാച്ചികളോട് പറഞ്ഞെങ്കിലും ആരും വിശ്വസിച്ചില്ല. ഇൻസ്പെക്ടർ കടുവാമാത്തൻ മുതൽ അഞ്ചുരൂപാ പൊലീസായ സകല വിദേശസർക്കാർ പക്ഷക്കാരായ ബഡക്കൂസു പോലീസുകാരോടും തെളിവുസഹിതം പറഞ്ഞെങ്കിലും ആരും വിശ്വസിച്ചില്ല.

അപ്പോഴേക്കും അവരെല്ലാം കമ്മ്യൂണിസ്റ്റു മൂരാച്ചികൾ പറഞ്ഞ കഥകൾ അപ്പാടെ വിഴുങ്ങിയിരുന്നു.

'വിദേശസർക്കാർ പക്ഷക്കാരായ ചില പോലീസുകാർ ഞാൻ പറഞ്ഞതു കേട്ടു പൊട്ടിച്ചിരിച്ചു. ചിലർ ചായവും ബീഡിയും തന്നു സൽക്കരിച്ചു പറഞ്ഞയച്ചു.

അലച്ചിൽ നിർത്തി നേരെ വീട്ടിൽപോയി കുറച്ചുകാലം വിശ്രമിച്ചാൽ മതി എല്ലാം ശരിയാകുമെന്നു ചിലർ പറഞ്ഞു.''

''ഗുരോ ആ കഠാര ഇങ്ങുതരൂ. എനിക്കാ പോലീസ് മൂരാച്ചികളെ കുത്തിക്കുടലെടുക്കണം. എന്താണവർ ഗുരുവിനെക്കുറിച്ച് പറഞ്ഞതെന്ന് എൻറെ ഇച്ചിരിബുദ്ധിയിൽ എനിക്കു മനസ്സിലായി. അവർ പറഞ്ഞത് ഗുരുവിനു വട്ടെന്നും അങ്ങു പറഞ്ഞതു മുഴുവൻ ഭ്രാന്തെന്നുമല്ലേ?

ലോക്കപ്പും ജയിലും ഈ തോമായ്ക്ക് പുത്തരിയല്ലന്നു അറിയാല്ലോ''

നെഞ്ചിൽ അടിച്ചുകൊണ്ട് ഞാൻ ഗുരുവിനോട് ആത്മാർത്ഥമായി പറഞ്ഞു.

**ഗുരു നടന്നുമറഞ്ഞ വഴിയെ ഞാനും നടന്നു. കടൽ നക്കിത്തോർത്തിയ ചൊരിമണലിൽ ഗുരുവിൻറെ കാൽപ്പാടുകൾ മായാതെ തെളിഞ്ഞു നീണ്ടു നീണ്ടു പോകുന്നത് കാണാമായിരുന്നു. കടലിനും കാലത്തിനും മായ്ക്കാനാവാത്ത കാൽപ്പാടുകൾ.**

''എടാ പൊൻകുരിശ്ശെ, ശിഷ്യാ അവർ പറഞ്ഞോട്ടടാ.

എനിക്കു നല്ല സുന്ദരസുരഭിലമായ വട്ടുണ്ട്.

പക്ഷെ അതു നല്ല സ്റ്റൈലൻ ഒറിജിനൽ വട്ടാണ്. ഹ ...ഹ''

ചിരിച്ചുവെങ്കിലും ഗുരുവിൻറെ കണ്ണിൽ സങ്കടം നിറയുന്നതു കാണാമായിരുന്നു. അന്തിക്കു തിരിച്ചുപറക്കുന്ന കടൽപക്ഷികളെ നോക്കി അദ്ദേഹം കുറച്ചു നേരം മൌനമായിരുന്നു. എന്തായിരിക്കും ഗുരുവിൻറെ മനസ്സിനെ വല്ലാതെ അലട്ടിക്കൊണ്ടിരിക്കുന്നത്?

ലോകത്തെ മുഴുവനും സ്നേഹിക്കുന്ന വലിയ മനസ്സിലും കൊച്ചുകൊച്ചു കാര്യങ്ങൾ സങ്കടം ഉണ്ടാക്കുമോ?

കടുവാക്കുഴിയുടെ കുന്നുകൾക്കുമീതെ ഇരുൾ പരന്നുതുടങ്ങിയിരുന്നു.

കടൽക്കരയിൽ അപ്പോഴും കുട്ടികൾ കളിക്കുന്നുണ്ടായിരുന്നു. അവർ മണൽപൊത്തിവെച്ചു കളിവീടുകൾ ഉണ്ടാക്കിക്കൊണ്ടിരുന്നു. അവരുണ്ടാക്കിയ മണൽവീടുകൾ ഉഗ്രമെന്നു പറഞ്ഞവർ ഊറ്റം കൊള്ളുകയും പരസ്പരം അനുമോദിക്കുകയും ചെയ്തു.

ഗുരു എഴുന്നേറ്റ് കൈകുമ്പിളിൽകൊണ്ട് കടൽകാറ്റിനെ നിശ്ചലമാക്കി ഒരു ബീഡി കത്തിച്ചു പുകവിട്ടു. എളിയിലെ പിച്ചാത്തിയുടെ പിടിയിൽ തപ്പിനോക്കി യഥാസ്ഥാനത്തുണ്ടെന്നു ഉറപ്പും വരുത്തി.

പാഞ്ഞെത്തിയ ഒരു ഊക്കൻ തിരയിൽ കുട്ടികളുടെ മണൽമന്ദിരങ്ങൾ കടലെടുത്തുപോയി. കരയിലേക്ക് അടിച്ചുകയറുന്ന തിരയിൽ നനയാതിരിക്കാൻ മുണ്ട് മടക്കികുത്തിക്കൊണ്ട് ഗുരു കിഴക്കു ഭാഗത്തേക്കു പതിയെ നടന്നു. ഞാൻ നോക്കിനിൽക്കെ അദ്ദേഹം ഇരുളിൽ മറഞ്ഞു കാണാതായി.

കുറച്ചുനേരം ഞാനവിടെ തനിയെയിരുന്നു.

ഞാനപ്പോൾ ഓർമിച്ചതു മുഴുവൻ ഗുരു പറഞ്ഞ ചരിത്രങ്ങളായിരുന്നു.സ്വപ്നമോ നടന്നതോ എന്നൊന്നും ഇഴപിരിക്കാനാവില്ലെങ്കിലും അതെല്ലാം ആ മനസ്സിലെ സത്യങ്ങൾ തന്നെയാവും.

ഗുരു നടന്നുമറഞ്ഞ വഴിയെ ഞാനും നടന്നു.

കടൽ നക്കിത്തോർത്തിയ ചൊരിമണലിൽ ഗുരുവിൻറെ കാൽപ്പാടുകൾ മായാതെ തെളിഞ്ഞു നീണ്ടു നീണ്ടു പോകുന്നത് കാണാമായിരുന്നു.

കടലിനും കാലത്തിനും മായ്ക്കാനാവാത്ത കാൽപ്പാടുകൾ.

*അനിയൻ ജയിലർ – മതിലുകൾ എന്ന കഥയിലെ ചെറുപ്പക്കാരനായ ജയിൽ ഉദ്യോഗസ്ഥൻ


India Press Club of North America
India Press Club of North America
IPCNA
Jan 10th 2025, 5.30pm
MADHYAMASREE
MADHYAMARATNA
MEDIA EXCELLENCE
Awards
GOKULAM PARK
Convention Center
KOCHI
PLATINUM
EVENT SPONSOR
SAJ GROUP
HOTELS & RESORTS
SAJAN & MINI SAJAN
SAJAN &
MINI SAJAN



**സ്ത്രീകൾ ഓടിയ ഓട്ടങ്ങളും, ചാടിക്കടന്ന ഹർഡിൽസും ഇവിടെ ഒരു പുരുഷനും ചെയ്തിട്ടില്ലെന്ന് 'എത്രയെത്ര പ്രേരണകൾ' എഴുതി മികച്ച സാഹിത്യവിമർശന ഗ്രന്ഥത്തിനുള്ള കേരള സാഹിത്യ അക്കാദമിയുടെ പുരസ്കാരം നേടിയ ഡോ. എസ്. ശാരദക്കുട്ടി പറയുന്നു. സമൂഹ സംബന്ധമായ സാഹിത്യ വിഷയങ്ങളിലുള്ള പ്രതികരണങ്ങളിൽ എന്നും മുൻനിരയിൽ നില്ക്കുന്ന ശാരദക്കുട്ടി വിജയ് സി. എച്ച് – നോടു സംസാരിക്കുന്നു**

# 'ഒറ്റക്കായിരിക്കാനുള്ള ധൈര്യമുണ്ടാകണം': എസ് ശാരദക്കുട്ടി

### മൗലികമായ പ്രമേയം

എഴുത്തുകാർ ഒരൊറ്റ സംവർഗമല്ല. പേനയെടുത്ത് എഴുതിയവരെല്ലാം എഴുത്തുകാരുമല്ല. സഹജമായ ആർജവം, സത്യസന്ധത, ആത്മനിർവൃതി, അതിജീവനം എന്നിവയ്ക്ക് വേണ്ടിയുള്ള വ്യക്തിയുടെ പോരാട്ടങ്ങൾക്ക് പ്രതിബന്ധമായുള്ള പരിമിതസാഹചര്യങ്ങൾക്ക് എതിരെയുള്ള പ്രതിഷേധമാണ് യഥാർഥ എഴുത്തുകാരുടെ കലയുടെ അടിസ്ഥാനവിഷയം. അംഗീകാരങ്ങൾക്കും സ്ഥാനമാനങ്ങൾക്കും വേണ്ടി അനാദർശപരവും അരാഷ്ട്രീയവുമായ മാർഗ്ഗങ്ങൾ സ്വീകരിക്കുന്ന എഴുത്തുകാരും ഉണ്ടാകാം. പക്ഷേ അടിസ്ഥാനപരമായൊരു ഉജ്ജ്വല മാർഗ്ഗത്തിലൂടെയുള്ള സ്വാതന്ത്ര്യം -- അതാണ് മികച്ച എഴുത്തുകാരുടെ മൗലികമായ പ്രമേയം.



> **'അംഗീകാരങ്ങൾക്കു വേണ്ടി ഭരണകൂടഭീകരതകളോട് സമരസപ്പെടുന്ന എഴുത്തുകാരെ ആയിരിക്കില്ല കാലം ഓർമ്മിച്ചു വെക്കുക. തത്കാലം കിട്ടുന്ന പുരസ്കാര പ്രഭയുടെ തിളക്കമൊന്നും ശാശ്വതമല്ല. നമ്മൾ ചരിത്രത്തിലേക്ക് തിരിഞ്ഞൊന്നു നോക്കൂ, സമരസപ്പെടാൻ തയ്യാറാകാത്തവരുടെ പേരു മാത്രമേ രേഖപ്പെടുത്തപ്പെട്ടതായി നമുക്കു കാണാൻ കഴിയൂ. അവരെ മാത്രമേ ഞാൻ എഴുത്തുകാരായി പരിഗണിച്ചിട്ടുള്ളു.'**

അധികാരികളുമായി സംഘർഷത്തിലേർപ്പെട്ട എത്രയോ എഴുത്തുകാരുണ്ട്. അന്നാ അഖ്മതോവ എഴുത്തുകാരിയെന്ന നിലയിലനുഭവിച്ച സംഘർഷങ്ങൾ ഭരണകൂടവുമായി നേരിട്ട് ഏറ്റുമുട്ടിയതിന്റെ ഫലമാണ്. അവരുടെ പുസ്തകങ്ങളുടെ പ്രസാധനവും വിതരണവും ഭരണകൂടം നേരിട്ടിടപെട്ടാണ് നിരോധിച്ചത്. അംഗീകാരങ്ങൾക്കു വേണ്ടി ഭരണകൂടഭീകരതകളോട് സമരസപ്പെടുന്ന എഴുത്തുകാരെ ആയിരിക്കില്ല കാലം ഓർമ്മിച്ചു വെക്കുക. തത്കാലം കിട്ടുന്ന പുരസ്കാര പ്രഭയുടെ തിളക്കമൊന്നും ശാശ്വതമല്ല. നമ്മൾ ചരിത്രത്തിലേക്ക് തിരിഞ്ഞൊന്നു നോക്കൂ, സമരസപ്പെടാൻ തയ്യാറാകാത്തവരുടെ പേരു മാത്രമേ രേഖപ്പെടുത്തപ്പെട്ടതായി നമുക്കു കാണാൻ കഴിയൂ. അവരെ മാത്രമേ ഞാൻ എഴുത്തുകാരായി പരിഗ

ണിച്ചിട്ടുള്ളു.

### സ്ഥാനങ്ങൾ തടയാകരുത്

സർക്കാർ നൽകുന്ന സ്ഥാനങ്ങൾ എഴുത്തുകാരെന്ന നിലയിൽ തങ്ങൾ പുലർത്തുന്ന സത്യസന്ധതക്കും ആർജ്ജവത്തിനും വിട്ടുവീഴ്ചയില്ലായ്മക്കും ഉള്ള അംഗീകാരമാണെന്ന ആത്മവിശ്വാസമുണ്ടെങ്കിൽ എഴുത്തുകാർക്ക് അനീതികളെ വിമർശിക്കാൻ ഭയപ്പെടേണ്ടതില്ല. അതല്ല, തങ്ങളുടെ അടിമജീവിതത്തിന് കിട്ടിയ അംഗീകാരമാണെന്ന് കരുതുന്നവർക്ക് വിമർശനം അസാധ്യമായി വരും. അധികാര സ്ഥാനങ്ങൾ ആവിഷ്കാര സ്വാതന്ത്ര്യത്തിന് തടയിടുന്ന ഘട്ടം മണത്തറിയാനുള്ള ബുദ്ധിയും അതിനെ ചെറുക്കാനുള്ള ആത്മശേഷിയുമുള്ളവരെയാണു എഴുത്തുകാരെന്ന നിലയിൽ കാലം ഓർത്തു വെക്കുകയും ആദരിക്കുകയും ചെയ്യുക.



### മികച്ച തന്നെ സൃഷ്ടിക്കാൻ

സ്ത്രീ/പുരുഷൻ എന്നു വേർതിരിച്ചു സർഗാത്മകതയുടെ തോതളക്കുന്ന ആ പഴയ ഉപകരണം ഇനി ഇവിടെ വിലപ്പോവില്ല. പറയാനുള്ളത് ധൈര്യപൂർവ്വം പറയുകയും, തനിക്കെതിരെ നീളുന്ന വിരലുകളുടെ മുന ഒടിച്ചു കളയുകയും ചെയ്യുന്ന സ്ത്രീകൾ പുരുഷനൊപ്പമെത്താനല്ല, മറിച്ച് പഴയ തന്നേക്കാൾ മികച്ച ഒരു തന്നെ സൃഷ്ടിച്ചെടുക്കാനുള്ള യത്നത്തിലാണ്. അംഗീകാരങ്ങളും അവാർഡുകളും സ്ഥാനമാനങ്ങളുമാണ് എഴുത്തുകാരുടെ വില നിശ്ചയിക്കുന്നതെന്ന മുൻവിധിയിൽ നിന്നാണ് എപ്പോഴും അവാർഡിലെ സ്ത്രീകളുടെ എണ്ണം താരതമ്യം ചെയ്തു കൊണ്ടുള്ള ചോദ്യങ്ങൾ സമൂഹം ഉന്നയിക്കുന്നത്. അവാർഡുകൾ തീർച്ചയായും ഒരു പ്രോത്സാഹനമാണ്. അതിനപ്പുറം എഴുത്തു ശേഷിയെ നിർണ്ണയിക്കാനോ നിർവ്വചിക്കാനോ ഉള്ള ഉരകല്ലൊന്നുമല്ല. നൂറ്റാണ്ടുകളായി സ്ത്രീകൾ ഓടിയ ഓട്ടങ്ങളും ചാടിക്കടന്ന ഹർഡിൽസും ഒന്നു തിരിഞ്ഞു നോക്കൂ. കലാരംഗത്തായാലും എഴുത്തു മേഖലയിലായാലും ഏതു പൊതുരംഗത്തായാലും സ്ത്രീകൾ ഓടിയേടത്തോളമൊന്നും, ചാടിക്കടന്നിടത്തോളമൊന്നും ഇവിടെ ഒരു പുരുഷനും ചെയ്തിട്ടില്ല. അതുകൊണ്ടാണ് വലിയ വിഭാഗം പുരുഷന്മാരുടെയും ചിന്താഗതികളും കാഴ്ചപ്പാടുകളും ഇന്നും നൂറ്റാണ്ടുകൾക്കു പിന്നിൽ നിൽക്കുന്നത്. ധീരതയുടെ വിഷയത്തിലും പാരമ്പര്യ ധാരണകളെ ചവിട്ടിത്തെറിപ്പിക്കുന്ന വിഷയത്തിലും സ്ത്രീകൾ നേടിയ വളർച്ച അത്ഭുതകരമാണ്. പൊതുരംഗത്തുള്ള സ്വാധീനവും അധികാരികളുമായുള്ള നല്ല ബന്ധങ്ങളും സൂക്ഷിക്കുന്ന എഴുത്തുകാർ ആണോ പെണ്ണോ ആകട്ടെ, അവർ ചിലപ്പോൾ പുരസ്കാരങ്ങളിലേക്ക് വളരെ വേഗം എത്തിപ്പെട്ടേക്കാം. അത്രയേ ഉള്ളു; അത്ര മാത്രമേ ഉള്ളു. ഇന്നത്തെ സ്ത്രീ നേടിയ ആധുനികമായ ഒരുൾബലമുണ്ട്.



> **'ഇന്നത്തെ സ്ത്രീ നേടിയ ആധുനികമായ ഒരുൾബലമുണ്ട്. അതിനെ സമൂഹവും അധികാരകേന്ദ്രങ്ങളും ഭയപ്പെടുന്നുണ്ട് എന്നതാണ് അവൾ നേടിയ ജ്ഞാനപീഠം.'**




അതിനെ സമൂഹവും അധികാരകേന്ദ്രങ്ങളും ഭയപ്പെടുന്നുണ്ട് എന്നതാണ് അവൾ നേടിയ ജ്ഞാനപീഠം. അത് ഒരധികൃതരും ചെയ്തു തന്ന ഔദാര്യമല്ല. മറിച്ച് പാട്രിയാർക്കൽ വ്യവസ്ഥകളോട് മല്ലടിച്ച തലമുറകളിലൂടെ അവൾ നേടിയെടുത്ത പീഠമാണ്.

### അധ്വാനം മുഖ്യം

എന്നെ സംബന്ധിച്ചു പറയട്ടെ: പുരുഷ മേധാവിത്വം കൊടികുത്തി വാഴുന്ന ഒരു മേഖലയിൽ പണിയെടുക്കാനിറങ്ങുമ്പോൾ ആവശ്യമായ എല്ലാ മുൻകരുതലുകളും ഞാനെടുക്കാറുണ്ട്. മികച്ച അധ്വാനമാണ് അതിൽ ഏറ്റവും പ്രധാനം.

പുരുഷനിലെ, അയാളെ മാത്രം കേൾക്കുന്ന അധികാരിയായ വക്താവിനെ പുറത്താക്കി അകറ്റി നിർത്തിക്കൊണ്ടല്ലാതെ ഞാനെന്റെ എഴുത്തിനെയും ജീവിതത്തെയും സമീപിച്ചിട്ടില്ല. എന്റെ ആവശ്യകത ഉറപ്പുള്ളയിടങ്ങളിലല്ലാതെ ഇടിച്ചു കയറി ഒരിടത്തും ചെല്ലാറുമില്ല. എന്നെ ഏറ്റവുമധികം ബഹുമാനിക്കുന്ന ആൾ ഞാൻ തന്നെ ആയതുകൊണ്ട് ആണായതിന്റെ മാത്രം പ്രിവിലേജ് എന്റെ മേൽ അടിച്ചേൽപിക്കാൻ ഞാൻ നിന്നു കൊടുക്കാറില്ല. സ്നേഹത്തിനും സൗഹൃദത്തിനും മാനുഷികതക്കും വില കൊടുക്കുന്ന ഒരാളെന്ന നിലയിൽ ബന്ധങ്ങളിൽ ഞാൻ എന്തു വിട്ടുവീഴ്ചക്കും തയ്യാറാകും. പക്ഷേ, അതെന്റെ മൂക്കിൽ തൊടുന്ന ഘട്ടം എനിക്ക് തിരിച്ചറിയാൻ കഴിയും. അതവിടെ അവസാനിപ്പിക്കാനും കഴിയും. ഈ പാട്രിയാർക്കൽ ഘടനയിൽ സ്ത്രീകൾക്ക് അസാമാന്യവും ആസൂത്രിതവുമായ വാശി, ഉൽകൽഷേച്ഛ, അനുസരണക്കേട് ഇവയുണ്ടെങ്കിൽ മാത്രമേ വിജയിക്കാനാകൂ എന്നാണ് ഞാൻ പഠിച്ചത്.

> **'അലസമായും പിന്നിൽ കൈ കെട്ടി നിന്നും ഒരു വാക്കു പോലും എഴുതില്ല എന്ന നിശ്ചയമാണത്. തഴയപ്പെടാനുള്ള ഒരു പഴുതും ഞാനായിട്ട് ഇട്ടു കൊടുക്കില്ല എന്ന വാശി എനിക്കുണ്ട്. ബൗദ്ധികമായി എന്നിൽ അടിച്ചേൽപ്പിക്കപ്പെടാനിടയുള്ള അടിമത്തത്തെ കുറിച്ച് ഞാനാദ്യം മുതൽ ബോധവതിയാണ്.'**

### ലിംഗനീതി ഉറപ്പാക്കണം

നമ്മുടെ സിനിമാ രംഗത്ത് പ്രവർത്തിക്കുന്ന വളരെ പ്രശസ്തരായ ചില സംവിധായികമാർ അവരുടെ സിനിമകൾ ബോധപൂർവ്വം തഴയപ്പെടുന്നതിനെ കുറിച്ച് ഈയടുത്ത കാലത്ത് ശക്തമായ പ്രതികരണമുയർത്തിയിരുന്നു. അക്കാദമികളും സർക്കാർ സംവിധാനങ്ങളും സിനിമാ മേഖലയിലെ അവരുടെ പ്രവർത്തനങ്ങളോട് കാണിക്കുന്ന അവഗണന അവർ എണ്ണിയെണ്ണി പറഞ്ഞു. എഴുത്തായാലും സിനിമയായാലും മറ്റേതു മേഖലയായാലും ലിംഗനീതി ഉറപ്പാക്കാൻ സർക്കാർ ബാധ്യസ്ഥമാണ്. അതിനു വേണ്ട കർമ്മപരിപാടികൾ ആസൂത്രണം ചെയ്യുകയും നടപ്പാക്കുകയും ചെയ്യുമ്പോൾ മാത്രമാണ് അതൊരു പുരോഗമന സർക്കാർ ആകുന്നത്. എല്ലാ മേഖലയിലും നിന്നുള്ള വിദഗ്ധരെ ഉൾക്കൊള്ളിച്ചു കൊണ്ടുള്ള സമിതികളുണ്ടാകണം. ഗൗരവമുള്ള ആലോചനകളുണ്ടാകണം.

### പെൺപക്ഷ നിലപാടുകൾ

പെണ്ണെഴുത്ത്, ആണെഴുത്ത് എന്നിങ്ങനെ ഭാഷാസൃഷ്ടികളെ തീർച്ചയായും തരം തിരിക്കാൻ കഴിയും. പെണ്ണെഴുതുന്നതു കൊണ്ട് പെണ്ണെഴുത്താവില്ല. പെൺപക്ഷ നിലപാടുകളുടെ ശക്തിയാണ് പെണ്ണെഴുത്തിന്റെ കാതൽ. അങ്ങനെ ആണെഴുതിയാലും അത് പെണ്ണെഴുത്താകും. 'ചിന്താവിഷ്ടയായ സീത' മലയാളത്തിലെ ആദ്യത്തെ സ്ത്രീപക്ഷ കാവ്യമായതുകൊണ്ടാണ് നൂറാം വർഷത്തിലും അത് പുതുവായനകളുമായി പുനർജനിച്ചു കൊണ്ടിരിക്കുന്നത്. കെ. സരസ്വതിയമ്മ തന്റെ ജീവിത കാലത്തിനിത്രയും വർഷങ്ങൾക്കിപ്പുറവും പഠിക്കപ്പെടുന്നതും അതുകൊണ്ടു തന്നെ.

### സംസ്കാരം റദ്ദാക്കുന്നത്

സ്ത്രീകൾ അശ്ലീലമെഴുതിയാൽ ചൂടപ്പം പോലെ വിറ്റഴിയുമെന്നു പറഞ്ഞ എഴുത്തുകാരൻ ആരുമായിക്കൊള്ളട്ടെ, അയാളുടെ പ്രായത്തെയോ അറിവിനെയോ അനുഭവജ്ഞാനത്തെയോ വിഖ്യാതപ്പെട്ട കഥാലോകത്തെയോ കുലപതി സ്ഥാനത്തെയോ ബഹുമാനിക്കാൻ തത്കാലം

സാധ്യമല്ല. കാരണം, അങ്ങേയറ്റം മലീമസമായ ഒരു അകം സൂക്ഷിച്ചു കൊണ്ട് അയാൾ നേടിയതാണല്ലോ ഇപ്പറഞ്ഞ പദവികളെല്ലാം. അശ്ലീലമെന്ന് അദ്ദേഹം ദ്യേശിക്കുന്നതെന്താണ്? അത് അത്രക്ക് ഉള്ളിൽ ഉള്ളതു കൊണ്ടാണല്ലോ ഇങ്ങനെ അശ്ലീലം തന്നെ തുപ്പുന്നത്. ഇതു പോലെയുള്ള എഴുത്തുകാർ നമുക്കിടയിൽ ധാരാളമുണ്ട്. അവർ തങ്ങളുടെ എഴുത്തിനെ കുറിച്ച് നല്ല രണ്ടു വാക്കു പറയുമ്പോഴേക്കും കുളിരു കോരുന്ന പുതുനിര എഴുത്തുകാരെപ്പോലെയാണ്. ഇത്ര മോശപ്പെട്ട രീതിയിൽ സംസാരിക്കുന്ന ഒരാൾ ഒറ്റയടിക്കു റദ്ദാക്കുന്നത് സ്വന്തം സാംസ്കാരിക ജീവിതത്തെത്തന്നെയാണ്.

## പെൺവസന്തം

എഴുത്തിലെ പെൺവസന്തം തുടങ്ങിയിട്ടേറെയായി. ആണധികാരത്തിന്റെയും ജാത്യധികാരത്തിന്റെയും വലിയ കോട്ടകളെ അനായാസം തച്ചുടക്കുന്നതിന് സ്ത്രീക്ക് ശാസ്ത്രം നല്കിയ ഏറ്റവും മികച്ച ടൂൾ ആണ് സോഷ്യൽ മീഡിയ. ഒരു കുരുക്കിനും പിടി കൊടുക്കാതെ, അവർ സ്വയം രക്ഷിച്ചെടുത്തുകൊണ്ട് തന്നെത്തന്നെയും ലോകത്തെയും കൂടുതൽ സ്നേഹിച്ചു തുടങ്ങുകയും തന്റെയൊപ്പം നടക്കുവാൻ കുറെയേറെ സാധാരണമനുഷ്യർ ഉണ്ടെന്നു മനസ്സിലാക്കുകയുമാണ്. എഴുത്തിലെ പെൺവസന്തകാല നിർമ്മിതിയിൽ സോഷ്യൽ മീഡിയ വഹിക്കുന്ന പങ്ക് ചെറുതല്ല. നവസ്ത്രീപക്ഷ വിമർശനത്തിന്റെ പുതിയ മാതൃകകളാണ് സോഷ്യൽ മീഡിയ നമുക്കു മുന്നിൽ തുറന്നു വെക്കുന്നത്. അത് പുരുഷനെ ഫോക്കസ് ചെയ്യുന്നതു പോലെ തന്നെ സ്ത്രീയേയും ട്രാൻസ്ജെൻഡറിനേയും ഫോക്കസ് ചെയ്യുന്നു. പുതിയ സ്ത്രീ അവരവരെത്തന്നെ അഭിമുഖീകരിക്കുവാൻ കഴിയുന്ന തരത്തിൽ സ്വയം വിമർശകയാകുന്നു. സ്വന്തം അടിമത്തങ്ങളെയും അസംതൃപ്തികളെയും അഡ്രസ് ചെയ്തു കൊണ്ടുതന്നെ സംതൃപ്തമായ ഒരു സ്വയം നിർമിതി സാദ്ധ്യമാക്കുന്നു. തന്നെ ആക്രമിക്കുവാനെത്തുന്ന ആണത്തത്തെ, സവർണതയെ, മേൽക്കോയ്മ ഭാവങ്ങളെ നിഷ്ക്രിയമാക്കുന്ന തരത്തിൽ ഒരു സ്ത്രീബോധം ഇവിടെ ഉണർന്നുപ്രവർത്തിക്കുന്നു. കുതറുന്ന, കലഹിക്കുന്ന, പ്രതിരോധിക്കുന്ന തന്റേടിയായ സ്ത്രീയെയാണ് സോഷ്യൽ മീഡിയ നിർമിച്ചു കൊണ്ടിരിക്കുന്നത്. ശക്തമായ ജീവിതവിമർശനവും സ്ത്രീപക്ഷ വിമർശനവും സാദ്ധ്യമാകുന്ന പ്രധാന ഇടവും നവസാമൂഹ്യമാധ്യമങ്ങൾ തന്നെയാണ്. കവിതയായും കഥയായും നോവലായും അവർ ഉയർന്നു പറക്കുകയാണ്. പെൺവിമർശന സമ്പ്രദായങ്ങളെല്ലാം കഴിഞ്ഞ രണ്ടു ദശകങ്ങളായി സംഭവിക്കുന്നത് സോഷ്യൽ മീഡിയയിലാണ്. അവിടെ വിചിത്രക്കാഴ്ചകൾ ഒരുക്കുന്നതിലേറെയും പെണ്ണുങ്ങളാണ്. സാമ്പ്രദായികവും സവർണവും പുരുഷാധിപത്യപരവുമായ വൻകോട്ടകളെയാണ് പെണ്ണുങ്ങൾ തകർത്തു കളയുന്നത്. അവരുടെ രതികാമനകൾ, ഭക്തി, പ്രണയം, പക, പ്രതികാരം, ഫാഷൻ ഭ്രമങ്ങൾ എന്തിന്, അമ്മ ലെവലിലുള്ള നെടുവീർപ്പുകൾ പോലും ഇവിടെ വലിയ കുതിച്ചു ചാട്ടമാവുകയാണ്. പെണ്ണുങ്ങൾ തങ്ങളെ കുറിച്ചുള്ള മുൻവിധികൾ, മറികടക്കുകയാണ്. ആ ക്രൂരഭരണങ്ങളെയും ദാസ്യങ്ങളെയും മറികടക്കൽ എന്നാൽ പാട്രിയാർക്കൽ, ഫാഷിസ്റ്റ് രേഖയെ മറികടക്കുക എന്നു തന്നെയാണ്. അധികാരമില്ലായ്മയുടെ പലതരം അവസ്ഥകളോടുള്ള പ്രതിഷേധമാണത്. ആണിന്റെ കെട്ടുകാഴ്ചയായിരുന്ന പഴയ പെണ്ണിനെയല്ല, ആണിന്റെ കെട്ട കാഴ്ചകൾ ഉറക്കെ വിളിച്ചു പറയുന്ന പുതിയ പെണ്ണിനെയാണ് ഇന്ന് കാണാനാവുക!

> 'എഴുത്തായാലും സിനിമയായാലും മറ്റേതു മേഖലയായാലും ലിംഗനീതി ഉറപ്പാക്കാൻ സർക്കാർ ബാധ്യസ്ഥമാണ്. അതിനു വേണ്ട കർമ്മപരിപാടികൾ ആസൂത്രണം ചെയ്യുകയും നടപ്പാക്കുകയും ചെയ്യുമ്പോൾ മാത്രമാണ് അതൊരു പുരോഗമന സർക്കാർ ആകുന്നത്.'



## ലിവിങ് ടുഗതർ പ്രവണത

നിയമപരമായി ഭാര്യയും ഭർത്താവുമല്ലാത്തവർ ഒരുമിച്ചു ജീവിക്കുന്നതൊക്കെ വ്യക്തിപരമായ ഇഷ്ടാനിഷ്ടങ്ങളുടെയും സ്വാതന്ത്ര്യത്തിന്റെയും കാര്യമാണ്. സ്വന്തം അവകാശങ്ങളെ കുറിച്ചു ബോധമുണ്ടാവുക, സാമ്പത്തിക സ്വാശ്രയത്വമുണ്ടാവുക, എന്തിനെയും നേരിടാനുള്ള ധൈര്യമുണ്ടാവുക, ഒരു ശക്തിക്കും കീഴടക്കാൻ കഴിയാത്ത ആത്മധൈര്യമുണ്ടാവുക, ഇതൊക്കെയുണ്ടെങ്കിൽ സ്വാതന്ത്ര്യം പണയം വെക്കാതെ ആർക്കൊപ്പവുമോ ഒറ്റക്കോ ജീവിക്കാം. ഒറ്റക്കായിരിക്കാനുള്ള ധൈര്യമുണ്ടാവുക എന്നതാണ് പ്രധാനം.

## എന്റെ വിദ്യാർത്ഥി ജീവിതം

പ്രീഡിഗ്രിയും, ഡിഗ്രിയും പഠിച്ചതു കോട്ടയം ബി.സി.എം വനിതാ കോളേജിലായിരുന്നു. അക്കാലത്ത് മികച്ച മലയാളം ക്ലാസുകൾ എനിയ്ക്ക് കിട്ടിയിട്ടില്ല. കേരളത്തിലെ പ്രഗൽഭരായ മലയാളം അധ്യാപകരൊന്നും എന്നെ പഠിപ്പിച്ചിട്ടുമില്ല. അച്ഛന്റെ വലിയ പുസ്തക ശേഖരവും വീട്ടിലെ വിലക്കുകളുമില്ലാതിരുന്ന വായനാന്തരീക്ഷവും അക്ഷരശ്ലോകപഠനവും കഥകളി അരങ്ങുകളും സിനിമാ കാഴ്ചക

ളുമാണ് എന്നെ മലയാള സാഹിത്യത്തിലേക്ക് അടുപ്പിച്ചത്. സാഹിത്യത്തിൽ പി.ജി എടുക്കണമെന്ന മോഹമുദിപ്പിച്ചത് ആ സാംസ്കാരിക ബോധമാണ്. അത് തികച്ചും സ്വാഭാവികമായി വന്ന ഒരിഷ്ടവും ഭ്രമവുമായിരുന്നു. പി.ജി-യ്ക്ക് കോട്ടയം സി.എം.എസ് കോളേജിൽ. ഡിഗ്രിയ്ക്കും പി.ജി-യ്ക്കും മാതമാറ്റിക്സായിരുന്നു വിഷയം. ബ്രിട്ടീഷ് ഭരണകാലത്ത് പണികഴിപ്പിച്ചിട്ടുള്ള കെട്ടിടങ്ങളുടെ പുരാതനഗന്ധം, ചൂള മരങ്ങളിൽ വീശിയടിക്കുന്ന കാറ്റ്, കർശന നിയന്ത്രണങ്ങളില്ലാത്ത അധ്യയന രീതികൾ ഇങ്ങനെ വന്യതയാഗ്രഹിക്കുന്ന ഒരു പെൺ മനസ്സിനെ ഉന്മാദിനിയാക്കുന്ന പലതും സി.എം.എസ് കോളേജിൽ ഉണ്ടായിരുന്നു. ഗണിതശാസ്ത്ര പഠനം ഒരു ചടങ്ങിനു മാത്രം നടക്കുമ്പോൾ എന്റെ സങ്കൽപലോകം വളർന്ന് ആകാശത്തോളം വികസിച്ചു. മാത്സ് പി.ജി-യ്ക്കു ശേഷമാണ് എം.എ മലയാളം പഠിച്ചത്. പിന്നീട് മലയാളത്തിൽ തന്നെ പി.എച്ച്.ഡി-യും ചെയ്തു. ശാസ്ത്രപഠനത്തിന്റെ ചിട്ടയായ രീതികൾ സാഹിത്യ പഠനത്തെ വളരെ ഗൗരവകരമായ ഒരു പ്രക്രിയയാക്കി മാറ്റി എന്നതിൽ സംശയമില്ല. യുക്തിബോധത്തോടെയല്ലാതെ ഒരു കാൽപനിക പ്രസ്താവത്തെയും കുറിച്ച് ചിന്തിക്കാനാവില്ല. ഡോക്ടറൽ ഗവേഷണത്തിന്റെ വിഷയം 'മലയാള കാൽപനിക കവിതയിലും ആധുനിക കവിതയിലും ബുദ്ധദർശനങ്ങളുടെ സ്വാധീനം' എന്നതായിരുന്നു. കവിതയോടും സാഹിത്യത്തോടുമുള്ള താൽപര്യത്തെ കെടുത്തിക്കളയും വിധമുള്ള അധ്വാനമായിരുന്നു ഗവേഷണ കാലം. എങ്കിലും പരിമിതമായ സമയത്തിനുള്ളിൽ തീസിസ് വിജയകരമായി പൂർത്തീകരിക്കാൻ കഴിഞ്ഞു. വായന ഒരു ആസക്തിയും ഭ്രമവുമായിരുന്നു. മുട്ടത്തുവർക്കി മുതൽ ഒ.വി. വിജയനും, മുകുന്ദനും, സക്കറിയയും, വിലാസിനിയും, കെ. സുരേന്ദ്രനും, മലയാറ്റൂർ രാമകൃഷ്ണനുമൊക്കെ പ്രിയപ്പെട്ട എഴുത്തുകാർ ആയിരുന്നു. അമ്മക്ക് സ്ത്രീയനുഭവങ്ങൾ വായിച്ചു കേൾക്കാനിഷ്ടമായിരുന്നു. 'ഇനി ഞാൻ ഉറങ്ങട്ടെ'യും 'രാച്ചിയമ്മ'യും 'ഉമ്മാച്ചു'വും 'ഒറോത'യും അമ്മയ്ക്കു വേണ്ടി വീണ്ടും വീണ്ടും വായിച്ചു. എസ്.കെ. പൊറ്റക്കാടിനെ വായിച്ചു കേൾപ്പിക്കുമ്പോൾ, കണ്ണിനു കാഴ്ചയില്ലാത്ത അമ്മക്കൊപ്പം ഞാൻ ബാലി ദ്വീപിലും ഈജിപ്തിലും ദക്ഷിണാഫ്രിക്കയിലും കറങ്ങി നടന്നു. സ്ത്രീയനുഭവങ്ങളിലേക്ക് ശക്തമായി പ്രവേശിച്ചു തുടങ്ങിയ ജീവിത ഘട്ടത്തിൽ ബാലാമണിയമ്മയും, സാറാ ജോസഫും, കെ. സരസ്വതിയമ്മയും, മാധവിക്കുട്ടിയും, ചന്ദ്രമതിയും എന്നെ ആവേശിച്ചു. കിട്ടാവുന്നത്ര സ്ത്രീയെഴുത്തുകാരുടെ പുസ്തകങ്ങൾ വിദേശ ഭാഷകളിൽ നിന്ന് ശേഖരിച്ചു തുടങ്ങി. സ്ത്രീകളെഴുതിയ ഡയറിക്കുറിപ്പുകൾ, യാത്രാവിവരണങ്ങൾ, ആത്മകഥകൾ ഒക്കെ വായിച്ചതോടെ ലോകമെമ്പാടുമുള്ള സ്ത്രീയനുഭവങ്ങളുടെ സമാനതകൾ എന്നെ പൊള്ളിക്കുകയും അമ്പരപ്പിക്കുകയും ചെയ്തു. വിർജിനിയ വൂൾഫും, കോലെത്തും, കേറ്റ് മില്ലറ്റും, കേറ്റ് ചോപ്പിനും, മായ് ആഞ്ചലുവും, ഈസക് ദിനസനും, സോഫിയ ടോൾസ്റ്റോയിയും, സീ ഷൊണാഗണും തുടങ്ങി ലോകമെമ്പാടും നിന്നുമുള്ള എഴുത്തുകാരികൾ അടങ്ങിയ ഒരു വൻ കാട്ടിനകത്തെ ഒരു ചെറിയ ഇലയാകാൻ ഞാനും ആഗ്രഹിച്ചു. എഴുതിത്തുടങ്ങി.




**'ആണെഴുതിയാലും അത് പെണ്ണെഴുത്താകും. 'ചിന്താവിഷ്ടയായ സീത' മലയാളത്തിലെ ആദ്യത്തെ സ്ത്രീപക്ഷ കാവ്യമായതു കൊണ്ടാണ് നൂറാം വർഷത്തിലും അത് പുതുവായനകളുമായി പുനർജനിച്ചു കൊണ്ടിരിക്കുന്നത്. കെ. സരസ്വതിയമ്മ തന്റെ ജീവിത കാലത്തിനിത്രയും വർഷങ്ങൾക്കിപ്പുറവും പഠിക്കപ്പെടുന്നതും അതു കൊണ്ടു തന്നെ.'**

## സ്ത്രീപക്ഷം

സ്ത്രീപക്ഷമാകാൻ ഇനിയും തയ്യാറാകാത്ത ഒരു സമൂഹത്തിൽ സ്ത്രീക്കു വേണ്ടി ഒരു നൂറ്റാണ്ടു കൂടിയെങ്കിലും പറഞ്ഞു കൊണ്ടേയിരിക്കേണ്ടി വരുമെന്ന് ഞാൻ കരുതുന്നു. സ്ത്രീവിരുദ്ധതയുടെ അഴിഞ്ഞാട്ടമാണ് സിനിമാ മേഖലയിലും സോഷ്യൽ മീഡിയയിലും അധികാര മേഖലയിലും എന്നു വേണ്ട എല്ലാ പൊതുവിടങ്ങളിലും. കുടുംബങ്ങൾക്കുള്ളിലെ സ്ത്രീവിരുദ്ധതയുടെ എക്സ്റ്റൻഷനാണ് മറ്റെല്ലായിടത്തും കാണുന്നത്. ദിവസവും അത് വർധിച്ചു വരുന്നു.

Blue Ocean
Wealth Solutions

A member of the MassMutual Financial Group

## PHILIPOSE SAMUEL

### 30 Years of Service

I specialize in helping businesses and individuals plan for the future by customizing solutions to meet their needs. I take a client-centered approach by using relevant financial and personal information to understand their goals. I analyze this information and prepare a specific Action Plan to help my clients focus on the steps necessary to reach these goals.



## BUSINESS NEEDS

**EMPLOYEE BENEFITS PRODUCTS**

Group Term Life Insurance

Group Whole Life Insurance

Short-term and Long-term Disability Insurance

Health Insurance*

MassMutual Leaders Conference: 2022, 2021,2019, 2018
MetLife Leaders Conference: 2015, 2014, 2012-10, 2008, 2005-03, 2001, 1998, 1997
MetLife Presidents Conference: 2007
NAIFA National Sales Achievement Award: 1999
NAIFA Quality Award: 1998

## PHILIPOSE SAMUEL (SAM)

30 Years of Service

Financial Services Representative Financial Advisor


O: (516) 326-7028 | C: (516) 312-2902

psamuel@financialguide.com | www.blueocean.us.com

Insurance Representative of Massachusetts Mutual Life Insurance Company (MassMutual), Springfield, MA 01111-0001, and its aliated US insurance companies. Registered Representative of and securities and investment advisory services oered through MML Investors Services, LLC, Member SIPC and a MassMutual subsidiary.2200 Northern Boulevard Suite 200 East Hills NY 11548 (516) 686-7000. Local sales agencies are not subsidiaries of MassMutual or its aliated companies. *Property & Casualty insurance is oered through a variety of quality insurance companies that are not aliated with MassMutual or MML Investors Services, LLC. Some health insurance products oered by unaliated insurers. **Not practicing on behalf of MassMutual or its aliates.
CRN202501-1659414.

● ചെറുകഥ





വിമിത പ്രദീപ്

*വര:* **അമീൻ ഖലീൽ**
**പെയിന്റിംഗ് അക്രിലിക് , വാട്ടർ കളർ**

# ഹൃദയം മുറിഞ്ഞവന്റെ പ്രണയം

'നിന്നെ ഞാനിന്നലെ രാത്രി സ്വപ്നം കണ്ടു. നീ വിവാഹ വസ്ത്രത്തിൽ എൻറെ അടുക്കലെക്ക് നടന്നു വരുന്നു . ചുറ്റിലും സൂഫി വര്യർ നൃത്തം ചെയ്തു. നിന്റെ കുറ്റിരോമങ്ങൾ നിറഞ്ഞ മുഖത്ത് പുഞ്ചിരി. നീ വെളുത്ത ഉയരം കൂടിയ വസ്ത്രം ധരിച്ചിരിക്കുന്നു സൂഫി സംഗീതം അന്തരീക്ഷമാകവെ മുഴങ്ങുന്നു. ഉന്മാദത്തിലാണ്ട സൂഫികൾ നമുക്ക് തൻറെ അനുഗ്രഹം ചൊരിയുന്നു . ചുറ്റിലും കുന്തിരിക്കത്തിൻറെ ഗന്ധം.

> **ചിലപ്പോൾ ഞാൻ കളിയാക്കാറുണ്ട്; അദ്ദേഹത്തിൻറെ ഹൃദയത്തിനു കനം കൂടുതൽ ആണെന്ന് .. വർഷങ്ങൾ പഴക്കമെള്ളോരു രഹസ്യം ഇരിപ്പുണ്ട് ആ ഹൃദയത്തിൽ. അത് ഓരോ നിമിഷവും കനം കൂടി വിങ്ങി വീർക്കുന്നുണ്ട്. അപ്പോഴൊക്കെയും അനസ് മറ്റൊരാളെ പോലെ പെരുമാറും . അവിടെ ഞാനും മോനും രണ്ട് പേർ മാത്രമാണ്. മരിച്ചു പോയ കാമുകിയോടുള്ള വെറുപ്പ് മുഴുവൻ അദ്ദേഹം ആ സമയങ്ങളിൽ പ്രകടിപ്പിക്കും. ആരും അദ്ദേഹത്താട് സംസാരിക്കാൻ ചെല്ലാറില്ല . ഞാൻ നിശബ്ദത പാലിക്കും . അദ്ദേഹത്തിന് സമയം കൊടുക്കും . നിസ്സാര കാര്യങ്ങൾക്ക് പോലും ചിലപ്പോൾ അദ്ദേഹം വല്ലാണ്ട് അസ്വസ്ഥൻ ആകാറുണ്ട്.**

പെട്ടെന്ന് നിന്റെ മുഖത്തെ ചിരി മറഞ്ഞു. ഭയചകിതനായ നീ തൊപ്പി വലിച്ചൂരി. എന്നിലേക്ക് നടന്നടുക്കുമ്പോൾ നിനക്ക് മുന്നിൽ വെളുത്ത വസ്ത്രധാരിയായ ഒരു മനുഷ്യൻ കൂടെ വന്നു .. അയാളുടെ വസ്ത്രങ്ങളിൽ പൊടുന്നനെ രക്തം പൊടിഞ്ഞു. നീ എനിക്ക് നേരെ ആഞ്ഞടുത്തു. അല്പം രക്തം, പിന്നീടതു വസ്ത്രം മുഴുവൻ വ്യാപിച്ചു . ആ മനുഷ്യൻ നിലം പതിച്ചു .. നീ എന്നെ ഇറുകെ പുണർന്നു .'

മരണത്തിന്റ്റ നിറം വെളുപ്പാണോ.

മരണത്തിന്റെ ഗന്ധം രക്തത്തിന്റെ ചുവപ്പാണോ

'ശ്രുതി , നീ എന്താണ് ഓർക്കുന്നത് ?'

അനസിൻറെ ചോദ്യം ആണ് ചിന്തകളിൽ നിന്നും എന്നെ ഉണർത്തിയത് ..

'ഞാൻ കടൽ നോക്കിക്കാണുകയായിരുന്നു '.

എൻറെ മറുപടിയിൽ അനസ് സംതൃപ്തൻ ആയില്ലെങ്കിലും എന്നെ ഇടരു കൈ കൊണ്ട് ചേർത്തു പിടിച്ചു. കറുത്ത രോമങ്ങൾ നിറഞ്ഞ അധികം ബലം തോന്നിക്കാത്ത കൈത്തണ്ട. ഒട്ടും ആരോഗ്യം ഇല്ലെന്നു തോന്നിപ്പോകുന്നു

'നമുക്ക് തുരുത്തിലേക്ക് പോയാലൊ? '

അനസ് പലതവണയായി ഇതേ ചോദ്യം ചോദിക്കുന്നു വേലിയിറക്കം ആണേൽ പുഴയിലൂടെ തുരുത്തിലേക്ക് പോകാമായിരുന്നു

ഞാൻ ചെറുതായൊന്നു മൂളി. അദ്ദേഹം ഏഴുനേറ്റു അടുത്തു കണ്ട തോണിക്കാരന്റെ അടുത്തേക്ക് നടന്നു പുഴയും കടലും ചേരുന്നതിനു സമീപത്തു ഉയർന്നു നിന്ന കറുത്തു നനഞ്ഞ പാറകെട്ടുകൾക്കു ഇടയിൽ ഏതോ രാഷ്ട്രീയ പാർട്ടിയുടെ കൊടി കാറ്റിൽ ആടിയുലഞ്ഞു ..

'എടി, വേലിയേറ്റം ആണെന്ന് .തോണി പോകില്ല പോലും . നടക്കുന്നതിനെ പറ്റി ആലോചിക്കേണ്ട എന്ന് പറഞ്ഞു . ഇന്നും യോഗം ഇല്ല .നമുക്ക് മറ്റൊരു ദിവസം വരാം '

'പോകാം നമുക്ക്?'

ഞാൻ അദ്ദേഹത്തിൻറെ മുഖത്തേക്ക് നോക്കി.

'നിനക്ക് ഇവിടം ഇഷ്ടമായില്ലെ '?

'ഇഷ്ടമായി. പക്ഷെ നിങ്ങളുടെ കൂടെ ഇരിക്കുന്ന ഓരോ നിമിഷവും എനിക്ക് നിങ്ങളോടുള്ള പ്രണയം കൂടിക്കൂടി വരുന്നു . ഒരിക്കലും സ്വന്തമാക്കാൻ കഴിയില്ല എന്നറിഞ്ഞിട്ടും ഞാൻ നിങ്ങളെ ആഗ്രഹിക്കുന്നു . എനിക്ക് ഇവിടെ നിന്ന് എങ്ങോട്ടെങ്കിലും ഓടിപ്പോകണം . പക്ഷെ നിങ്ങൾ എന്ന വികാരം എന്നെ ചങ്ങല പോലെ എന്നെ മുറുക്കികൊണ്ടെയിരിക്കുന്നു .. മോചനം ഇല്ലാത്ത വിധം ഞാൻ നിങ്ങളിൽ അടിമപ്പെട്ടു പോകുന്നു .'

അനസ് പുഴ ഒഴുകി കടലിൽ ചേരുന്നിടത്തെ കുഞ്ഞു തിരകളിൽ ഏറെ നോക്കി നിന്ന് . വെള്ളത്തിനു ചെളിനിറം. അദ്ദേഹത്തിൻറെ കണ്ണുകളിലെ തിളക്കം നഷ്ടപ്പെട്ടുവോ .

'എനിക്ക് പേടിയാണ് അനസ്, നിങ്ങളെ നഷ്ടമാകുമോ എന്ന് . എന്നാൽ എനിക്ക് നിർബന്ധിക്കുവാൻ വയ്യ. നിങ്ങളുടെ ഹൃദയം എത്ര ലോലം ആണെന്നു എനിക്കറിയാം, ഒരു പക്ഷെ മറ്റാരെക്കാളും നന്നായി . ഹൃദയം വികാരങ്ങളെ സ്വീകരിക്കുന്ന രീതിയും . അത് മറികടന്നൊരു തീരുമാനം ഏതെങ്കിലും കാര്യത്തിലും നിങ്ങൾക്ക് എടുക്കുവാൻ ആകില്ലെന്നും അറിയാം.'

'ശ്രുതി ...' നേർത്ത ഒരു വിളി..

'ഓർക്കുവാൻ ഒരുപാട് തന്നു . ഒറ്റപെട്ടു പോകുമെന്ന് കരുതിയ ഇടത്തു നിന്നും ഉയരത്തിലേക്ക് കൈ പിടിച്ചു . അതു മതി .'

'എടി ... ഞാൻ....'വാക്കുകൾ തൊണ്ടക്കുഴിക്കുള്ളിൽ എവിടെയോ അടഞ്ഞു.

'എനിക്ക് ഇങ്ങനെയൊന്നും വയ്യ.' മനസ്സിൽ ഉള്ളത് വാക്കുകളാക്കി രൂപമാറ്റം വരുത്തി വികാരങ്ങൾക്ക് അടിപ്പെടാതെ വിവരിക്കുവാൻ അനസ് നന്നേ പാടുപെട്ടു

'നിന്നെ എനിക്ക് എന്തോരം ഇഷ്ടം ആണെന്നോ .പക്ഷെ എന്നെ പോലെ ഒരാൾ നിനക്ക് ബുദ്ധിമുട്ട് ആകും. എൻറെ മകനെ നീ എടുത്തോളൂ .കൂടെ കൊണ്ടു നിർത്തു. ഞാൻ ഇടക്കിടെ രണ്ടു പേരെയും വന്നു കണ്ടോളാം . അവൻ നിന്നെ അമ്മ എന്ന് വിളിച്ചോട്ടെ . എന്നെക്കാൾ കൂടുതൽ അവൻ അതിൽ സന്തോഷിക്കും . പക്ഷെ വിവാഹം എന്നത് എനിക്ക് പറ്റില്ല .'

അനസിൻറെ ശബ്ദം ഇടറി.

'എനിക്കറിയാം അനസ്... ഞാൻ ഒന്നിനും നിർബന്ധിക്കില്ല .'

ഞാൻ അദ്ദേഹത്തിൻറെ പുറകെ നടന്നു .

'എടി... നീ മൂഡ് ബദ്രിയിൽ പോയിട്ടുണ്ടോ .അവിടെ ഒരു ജൈനക്ഷേത്രം ഉണ്ട് .

ഒന്നിനോടൊന്നു സാദൃശ്യമില്ലാത്ത വിധം ആയിരത്തോളം കൽത്തൂണുകൾ നിറഞ്ഞൊരു ക്ഷേത്രം .തനിച്ചു പോണം , അവിടെ കരിങ്കല്ല് പാകിയ നിലത്തു ഇരിക്കണം. കണ്ണടച്ചു ഇരുന്നാൽ സൂഫി സംഗീതം ശ്രവിക്കാം . പൂർവികർ പകർന്നത് പോലെ ഒരു പാടു കഥകൾ സംഗീതം കലർത്തി അവിടെ നിന്ന് ഞാൻ കേട്ടിരിക്കുന്നു .ദൂരെ ചെമ്മണൽ പാത കടന്നു വരുന്ന തണുത്ത കാറ്റിൽ ഞാനും സൂഫികളെ പോലെ നൃത്തം ചെയ്യും .എൻറെ നീണ്ട തലപ്പാവുകൾ ഉന്മാദത്തിൽ നിന്നെ തിരയും .പതുക്കെ ഉന്മാദിയായ ഞാൻ കണ്ണുകൾ തുറക്കും . എനിക്കും നിനക്കും തമ്മിൽ അകലം ഒരു കണ്ണു ചിമ്മലിന്നോളം മാത്രമായിരിക്കും .കൽത്തൂണിനാൽ മറഞ്ഞു നിൽക്കുന്ന നിന്നെ ഞാൻ പുണരും .,സ്വപ്നം പോലെ നീ കണ്ണുകളട

**ദൂരെ ചെമ്മണൽ പാത കടന്നു വരുന്ന തണുത്ത കാറ്റിൽ ഞാനും സൂഫികളെ പോലെ നൃത്തം ചെയ്യും . എൻറെ നീണ്ട തലപ്പാവുകൾ ഉന്മാദത്തിൽ നിന്നെ തിരയും . പതുക്കെ ഉന്മാദിയായ ഞാൻ കണ്ണുകൾ തുറക്കും . എനിക്കും നിനക്കും തമ്മിൽ അകലം ഒരു കണ്ണു ചിമ്മലിന്നോളം മാത്രമായിരിക്കും . കൽത്തൂണിനാൽ മറഞ്ഞു നിൽക്കുന്ന നിന്നെ ഞാൻ പുണരും .,സ്വപ്നം പോലെ നീ കണ്ണുകളടക്കും . മുസാഫാത് ചെയ്തു ദിക്ര് ചൊല്ലി തലപ്പാവ് ധരിച്ചു സൂഫിയിലേക്കുള്ള പാതയിലൂടെ ദർവീശ് ആയി മാറും. പ്രപഞ്ചമാകെ പ്രണയം നിറയ്ക്കും. ദർവീശ് യാത്ര ചെയ്തു കൊണ്ടെയിരിക്കും . പാടിക്കൊണ്ടെയിരിക്കും., നൃത്തം അവനെ മദ്യം സേവിച്ച മനുഷ്യനെ എന്ന പോലെ ലയിപ്പിച്ചു കളയും. പ്രണയത്തിലേക്കുള്ള യാത്രയിലായിരിക്കും അവൻ .**



ക്കും .മുസാഫാത് ചെയ്തു ദിക്ര് ചൊല്ലി തലപ്പാവ് ധരിച്ചു സൂഫിയിലേക്കുള്ള പാതയിലൂടെ ദർവീശ് ആയി മാറും . പ്രപഞ്ചമാകെ പ്രണയം നിറയ്ക്കും. ദർവീശ് യാത്ര ചെയ്തു കൊണ്ടേയിരിക്കും .പാടിക്കൊണ്ടേയിരിക്കും .,നൃത്തം അവനെ മദ്യം സേവിച്ച മനുഷ്യനെ എന്ന പോലെ ലയിപ്പിച്ചു കളയും.പ്രണയത്തിലേക്കുള്ള യാത്രയിലായിരിക്കും അവൻ . പ്രപഞ്ചം നിറഞ്ഞു നിൽക്കുന്ന ഒരേയൊരു വികാരം .

എൻറെ സ്വപ്നങ്ങളിൽ ഒക്കെയും നീയുമുണ്ട് ശ്രുതി.. നീയില്ലാത്തൊരു സ്വപ്നം ഇന്ന് എനിക്കില്ല .. പകൽകിനാക്കളിൽ ഞാൻ മുഴുകുമ്പോൾ അതിൽ നിറയെ നിൻറെ പുഞ്ചിരി മാത്രമാണ്. വെളുത്ത വസ്ത്രം ധരിച്ചു തലമുടി മറച്ച് തള്ളവിരൽ നിലത്ത് ഊന്നി നീയും എനിക്ക് കൂടെ നൃത്തം ചെയ്യും. തളർന്നു നിലത്തു പതിക്കും വരെ ഒട്ടുവിരലിൽ നൃത്തം ചെയ്തു കൊണ്ടേയിരിക്കും ..

ദർവീശ് പ്രണയ സാഗരത്തിന്റ്റ ആഴങ്ങളിൽ ഒഴുകി നടക്കുന്നൊരു യാത്രക്കാരൻ മാത്രമാണ്. അവനു ലക്ഷ്യം ഏറ്റവും സമ്പന്നൻ ആയ ഫഖീറായി മാറുക എന്നത് മാത്രമാണ്, അവസാന കടമ്പ.അതോടെ ഞാൻ ചെമ്മണൽ വീശുന്ന കാറ്റിൽ ബോധമണ്ഡത്തിലെക്ക് തിരികെ വരും. എൻറെ ചിന്തകളിൽ നീ മാത്രമാണ്. സൂഫി സംഗീതവും കുന്തിരിക്കവും നിൻറെ ചിരിയിൽ മറയും. ഖനാഅത് എൻറെ മോൻറെ സന്തോഷം മാത്രമാണ്. അവിടം നിൻറെ ചിരി ഉണ്ടോ എന്ന് എനിക്ക് അറിയില്ല ശ്രുതി .'

ഞാൻ അനസിനെ തന്നെ നോക്കി .

'മനസ്സിലാകുന്ന ഭാഷയിൽ സംസാരിക്കാമോ ?'' പുഞ്ചിരിച്ച് കൊണ്ടു അനസ് എന്നെ പിന്നിലാക്കി നടന്നു ..

'ഞാൻ ഒന്ന് കടിച്ചോട്ടെ .?'

'നീ കടിച്ചു കടിച്ചാണ് എന്റ്റ കവിൾ ഇത്രയും തൂങ്ങി തുടങ്ങിയത് .നിന്നെ കണ്ടു ഇപ്പോൾ അവനും തുടങ്ങി ഈ സ്വഭാവം. രണ്ടും കൂടി എന്നെ തിന്നു തീർക്കുമോ .?'

അനസ് ബൈക്ക് സ്റ്റാർട്ട് ചെയ്തു .

എത്ര ചെയ്താലും മടുക്കാത്തത് ആണ് യാത്രകൾ. അദ്ദേഹത്തിൻറെ കൂടെ ആകുമ്പോൾ പ്രത്യേകിച്ചു .. വർധിച്ച വായന കാരണം നല്ല അറിവുണ്ട്. ഓരോ സ്ഥലങ്ങളും അതിന്റെ ശരിയായ രീതിയിൽ ആസ്വദിക്കുവാൻ അദ്ദേഹം സ്ഹായിക്കാറുണ്ട്.

ചിലപ്പോൾ ഞാൻ കളിയാക്കാറുണ്ട്; അദ്ദേഹത്തിൻറെ ഹൃദയത്തിനു കനം കൂടുതൽ ആണെന്ന് .. വർഷങ്ങൾ പഴക്കമുള്ളോരു രഹസ്യം ഇരിപ്പുണ്ട് ആ ഹൃദയത്തിൽ. അത് ഓരോ നിമിഷവും കനം കൂടി വിങ്ങി വീർക്കുന്നുണ്ട്. അപ്പോഴൊക്കെയും അനസ് മറ്റൊരാളെ പോലെ പെരുമാറും . അവിടെ ഞാനും മോനും രണ്ട് പേർ മാത്രമാണ്. മരിച്ചു പോയ കാമുകിയോടുള്ള വെറുപ്പ് മുഴുവൻ അദ്ദേഹം ആ സമയങ്ങളിൽ പ്രകടിപ്പിക്കും. ആരും അദ്ദേഹത്താട് സംസാരിക്കാൻ ചെല്ലാറില്ല . ഞാൻ നിശബ്ദത

പാലിക്കും . അദ്ദേഹത്തിന് സമയം കൊടുക്കും .നിസ്സാര കാര്യങ്ങൾക്ക് പോലും ചിലപ്പോൾ അദ്ദേഹം വല്ലാണ്ട് അസ്വസ്ഥൻ ആകാറുണ്ട്.

ഇങ്ങനെ ആണേൽ നിങ്ങൾ ഹൃദയം പൊട്ടിയെ മരിക്കൂ.' ഒരിക്കൽ ഞാൻ പറഞ്ഞു

ചിരി ആയിരുന്നു മറുപടി

'അങ്ങനെ ആണേൽ ആ ഹൃദയത്തോടൊപ്പം മറ്റു രണ്ടു പേർ കൂടി മരിക്കും ',ഒരിക്കൽ ഞാൻ പറഞ്ഞു .

'എനിക്ക് നിങ്ങളോടു പരിണയിക്കണം '

ഒരിക്കൽ ഞാൻ എൻറെ ഇഷ്ടം തുറന്നു പറഞ്ഞു. ഞാൻ അദ്ദേഹത്തിന്റെ മാത്രം ആണെന്ന തോന്നൽ ഉണ്ടാക്കുവാൻ. പഴയ പ്രണയിനിയെ പോലെ എല്ലാം അദ്ദേഹത്തിനു സമർപ്പിക്കണം .ശേഷം അവരെ പോലെ അദ്ദേഹത്തെ തനിച്ചാക്കി മരണം വരിച്ച് ഹൃദയവ്യഥ നൽകി മറഞ്ഞു പോകുവാൻ അല്ല . അതിലൂടെ ഞാൻ കൂടെ തന്നെ ഉണ്ടാകുമെന്നും എല്ലാവരും കാമുകന്മാരെ തനിച്ചാക്കുന്നവർ അല്ലെന്നും മനസ്സിലാക്കി കൊടുക്കുവാൻ .കനം തൂങ്ങിയ ഹൃദയം അല്പമെങ്കിലുമൊന്നു ആശ്വസിക്കുവാൻ .

'എടി ഞാൻ കിളവൻ ആണെടീ. എന്നെക്കൊണ്ടു പറ്റിയില്ലെങ്കിലോ ? പിന്തിരിപ്പിക്കുവാൻ ഒരുപാടു ശ്രമിച്ചു

' കാലം കൂടുന്തോറും വീര്യം കൂടും എന്നല്ലേ . നമുക്ക് നോക്കാം.'

ഒരുപാട് സമയം എടുത്ത ചർച്ചകൾക്ക് ഒടുവിൽ താല്പര്യക്കുറവ് മുഴച്ചു നിന്നൊരു യാത്രയുടെ അവസാന ഇരവിൽ തളർന്നു തുടങ്ങിയ ആ ശരീരം എന്നിൽ നുരഞ്ഞു പൊങ്ങി. രക്തക്കറ പതിഞ്ഞ കിടക്കവിരിയിൽ പോലും അദ്ദേഹത്തിൽ പഴയ കാമുകിയുടെ ഓർമ്മകൾ തികട്ടി . ശ്വാസനിശ്വാസങ്ങൾ ചുമരു കടന്നു പുറത്തേക്ക് ഒഴുകിയപ്പോൾ പതുക്കെ അദ്ദേഹം എന്നിൽ ചേർന്ന് തളർന്നു വീണു. ഗാഢമായ ചുംബനങ്ങൾക്ക് ശേഷം നീളം നന്നേ കുറഞ്ഞ എൻറെ കുന്തളങ്ങൾ അദ്ദേഹത്തിന്റ്റ വിരലുകൾ ഓമനിച്ചു. ഇരുകാതുകളിലും അദ്ദേഹത്തിൻറെ മകൻറെ 'അമ്മേ' എന്ന വിളി പതിഞ്ഞു കൊണ്ടിരുന്നു ..

ഞാൻ പതുക്കെ കണ്ണുതുറന്നു .അദ്ദേഹം എൻറെ നെഞ്ചിൽ ശിരസ്സ് അമർത്തി കിടക്കുന്നു .

'അനസ്... 'ഞാൻ പതുക്കെ വിളിച്ചു

പതിഞ്ഞ ഒരു മൂളൽ

'ആരാ പറഞ്ഞെ നിങ്ങൾക്ക് വയസ് ആയെന്ന്.?'

പെട്ടെന്ന് അദ്ദേഹം എന്റ്റ ശരീരത്തിൽ നിന്നും ചാടി എഴുന്നേറ്റു വസ്ത്രം ധരിച്ചു. എന്നെ തന്നെ അൽപ്പനേരം നോക്കിയാ ശേഷം ജനലരികിലേക്ക് പോയി .പിന്നിൽ ചെന്നൊരു ആലിംഗനത്തിനാൽ അദ്ദേഹത്തിന്റ മനസ്സിനെ എന്നിലേക്ക് കൊണ്ടു വരാൻ ശ്രമിച്ചു .

' നമുക്ക് പോകാം ?'

'എങ്ങോട്ട്''

'നിന്നെ വീട്ടിൽ കൊണ്ടു വിടാം. ഇവിടെ മരണത്തിന്റ്റ ഗന്ധമുണ്ട്. നിൻറെ രക്തത്തിൽ പോലും രക്തത്തിൽ പോലും അവളുറട ഗന്ധമാണ്. നിൻറെ വിയർപ്പ് തുള്ളികൾക്ക് അവൾ തൂങ്ങിയാടിയ സാരിത്തുമ്പിൻറെ നിറം. നിൻറെ കണ്ണുകളിൽ കണ്ടത് അവസാനമായി അവൾ വായുവിൽ ആടിയപ്പോൾ ഞാൻ കണ്ട അതേ വികാരം. പോകാം ,ശ്രുതി .'

പേടിച്ചരണ്ടത് പോൾ അദ്ദേഹം എന്തൊക്കെയോ പുലമ്പി .

'അനസ്... '

എൻറെ വിളി പോലും കേൾക്കാൻ താല്പര്യപ്പെടാതെ അദ്ദേഹം എനിക്കുള്ള വസ്ത്രങ്ങൾ എടുത്തു തന്നു . ഒലിച്ചിറങ്ങുന്ന കണ്ണുനീരിനെ മനപ്പൂർവ്വം അവഗണിച്ചു.

'പെടീന്നു ...'

അലർച്ചയായിരുന്നു .

ചെവിയിലേക്ക് അപ്പോൾ പതിച്ച ഒരായിരം അമ്മേ വിളികളിൽ ഒന്ന് പള്ളിപ്പറമ്പിലെ മീസാൻ കല്ലുകൾക്ക് കീഴെ നിന്ന് ആയിരുന്നു .. ആ വിളിക്ക് മാത്രം കുന്തിരിക്കഗന്ധവും ഇരുട്ടിന്റെ നനവും ഉണ്ടായിരുന്നു .

''ഇനി നീ എന്നെ കാണരുത് .'

ആജ്ഞയോ അപേക്ഷ്യയോ എന്ന് തിരിച്ചറിയാൻ ആവാത്തൊരു ശബ്ദം വീടിനു വെളിയിൽ വണ്ടി നിർത്തി ഗേറ്റ് തുറക്കുമ്പോൾ പിന്നിൽ നിന്ന് കേട്ടു.തിരിഞ്ഞു നോക്കിയില്ല .നോക്കിയാൽ തന്നെയും അദ്ദേഹത്തിൻറെ മുഖത്തെ വിരൂപം ആക്കും വിധമുള്ള ഹൃദയ നോവ് എനിക്ക് കാണുവാൻ വയ്യ ..

അകത്തേക്ക് നടന്നു . .ദൂരേക്ക് എന്നപോലെ ബൈക്കിന്റെ ശബ്ദം . ഒടുവിൽ അത് കേൾവിയിൽ നിന്നും മറഞ്ഞു.

വർഷങ്ങൾക്കിപ്പുറം

ഒരു മരണകുറിപ്പ് വായിക്കവെ മനസ്സിൽ തിങ്ങി നിന്ന കണ്ണുനീരിനും അപ്പുറം ഞാൻ കേൾക്കുന്നത് എൻറെ ശബ്ദമാണ് .

' നിങ്ങൾ മരിക്കുന്നുണ്ടേൽ അത് ഹൃദയം പൊട്ടി തന്നെ ആയിരിക്കും. '

വർധിച്ച ഹൃദയവേപഥുവാൽ മറ്റേതൊരു വഴിക്ക് മരണം സാധ്യമാകുവാൻ.

'അനസ്, എനിക്ക് നിങ്ങളെയൊന്നു കാണണം. അവസാനമായൊന്നു പുണരണം. മനഃപ്പൂർവം മറന്നു പോയൊരു ചുംബനമുണ്ട് ബാക്കിയായി എൻറെ ചുണ്ടുകളിൽ. അവ വിറകൊള്ളുന്നു .. നിശ്ചലമായ ആ ശരീരത്തോട് ചേർന്ന് എനിക്ക് ഇരിക്കണം. തനിച്ച് നിനക്കെത്രമാത്രം ഭയം ആണെന്നത് എനിക്കറിയാം. പള്ളിപ്പറമ്പിൽ പുല്ലാഞ്ഞിക്കാടുകൾക്കിടയിൽ നിന്നെ തളർത്തിയേക്കാവുന്ന ഭയം എന്തായിരിക്കും .'

വയറിനുള്ളിൽ ഒരു കുഞ്ഞുകാൽ സ്പർശം അറിഞ്ഞപ്പോൾ ഫോൺ മേശപ്പുറത്തു വെച്ച് എഴുന്നേറ്റു ..

അനസിൻറെ ശബ്ദം ചുറ്റിലും ::

'എടി നീ പ്രസവിക്കേണ്ട, എൻറെ മോനെ പോരെ നിനക്ക് സ്നേഹിക്കുവാൻ. അവൻ ഒത്തിരി നല്ലവൻ ആണ്. നിന്നെ അവൻ ഒരുപാടു സ്നേഹിക്കും. '

ചുണ്ടിൽ ഒരു ചിരിയോടെ ചെക്കപ്പിന് പോകാനുള്ള കാർ വരുന്നതും നോക്കി ഞാൻ പുറത്തേക്കു നടന്നു .

● കോളം



ഡോ. റോസി തമ്പി



# തിരുമധുരം

ചെണ്ടപ്പുറത്ത് കോലു വെച്ചിടത്തെല്ലാം കൊണ്ടുപോയി പഠിപ്പിച്ചത് അപ്പനാണ്. ആദ്യം അങ്ങനെ കൊണ്ടുപോയതും രാത്രി മുഴവൻ ഉറക്കമൊഴിച്ച് ഇരുന്നതും ദേശവിളക്കിനാണ്. മണ്ഡലകാലം തുടങ്ങിയാൽ സന്ധ്യകളിൽ ശരണം വിളി നിറയും. തുലാവർഷത്തിന്റെ നനവെല്ലാം വൃശ്ചിക കാറ്റ് ഊതിയകറ്റും വീടും വഴികളുമെല്ലാം അടിച്ചു വൃത്തിയാക്കും. സ്വാമികൾക്ക് നടന്നു പോകാനുള്ളതാണ്. വിടിനകവും പുറവും ചാണകം മെഴുകി അലങ്കരിക്കും. അന്ന് ഒന്നും മാലിന്യമായിരുന്നില്ല. അങ്ങനെ കളയാൻ ഒന്നും തന്നെ അധികമില്ലായിരുന്നു.

**ദേശവിളക്കിന് ദേശക്കാരെല്ലാം പോകും. ഉടുക്ക് പാട്ട് എന്നൊരു പ്രത്യേകതരം പാട്ടാണ് അവിടെ പാടുക .വാഴപിണ്ടി കൊണ്ട് എത്ര മനോഹരമായ ക്ഷേത്രമാണ് ഒറ്റപകൽ കൊണ്ട് നിർമ്മിച്ചെടുക്കുക. കാലത്ത് സ്കുളിൽ പോകുമ്പേൾ പറമ്പ് ചെത്തി ഉരക്കാൻ തുടങ്ങിയിട്ടേ ഉണ്ടാകു. ഉച്ചക്ക് ഉണ്ണാൻ വരുമ്പോൾ വാഴത്തടകൾ കൊണ്ടന്നു തുടങ്ങിയിട്ടുണ്ടാകും. നാലു മണിക്ക് വരുമ്പോഴേക്കും അമ്പലം പൂട്ടി (ഉണ്ടാക്കി) കഴിയും.**

ദേശവിളക്കിന് ദേശക്കാരെല്ലാം പോകും. ഉടുക്ക് പാട്ട് എന്നൊരു പ്രത്യേകതരം പാട്ടാണ് അവിടെ പാടുക .വാഴപിണ്ടി കൊണ്ട് എത്ര മനോഹരമായ ക്ഷേത്രമാണ് ഒറ്റപകൽ കൊണ്ട് നിർമ്മിച്ചെടുക്കുക. കാലത്ത് സ്കുളിൽ പോകുമ്പേൾ പറമ്പ് ചെത്തി ഉരക്കാൻ തുടങ്ങിയിട്ടേ ഉണ്ടാകു.ഉച്ചക്ക് ഉണ്ണാൻ വരുമ്പോൾ വാഴത്തടകൾ കൊണ്ടന്നു തുടങ്ങിയിട്ടുണ്ടാകും. നാലു മണിക്ക് വരുമ്പോഴേക്കും അമ്പലം പൂട്ടി (ഉണ്ടാക്കി) കഴിയും.

രാത്രിയാണ് ദേശവിളക്ക് അവിടെ അടുത്തുള്ള ഒരു ശിവക്ഷേത്രത്തിൽ നിന്ന് പാലക്കൊമ്പ് എഴുന്നുള്ളിച്ച് കൊണ്ടുവരുന്നതോടെ അയ്യപ്പന്റെ അപാദനങ്ങൾ ഉടുക്കുകൊട്ടിപാടുകയായി.അങ്ങനെ നേരം പുലരറാകുമ്പോൾ അയ്യപ്പനും വാവരും തമ്മിലുള്ള വെട്ടും തടവ്. അത് കഴിഞ്ഞ് സ്വാമിമാർ കെട്ട് നിറച്ച് പോകുമ്പോഴേ ദേശവാസികൾ പിരിയു.പിന്നെ സ്വാമിമാർ വരുന്നവരെ ഗ്രാമം അവർക്കു വേണ്ടി പ്രാർത്ഥിച്ച് കാത്തിരിക്കും.

ഇതേ സമയത്തു തന്നെയാണ് പുൽക്കൂടു നിർമ്മാണവും നക്ഷത്ര നിർമ്മാണവും നടക്കുക.ഈർക്കിലി കൊണ്ടും മുളം ചീളു കൊണ്ടും കടലാസുകൊണ്ടും നിർമ്മിക്കുന്ന നക്ഷത്രത്തിന് പലപ്പോഴും ഒറ്റ രാത്രിയുടെ ആയുസേ ഉണ്ടാകു എന്തെന്നാൽ ' അതിനകത്ത് വെളിച്ചത്തിനു വേണ്ടി കത്തിച്ചു വെക്കുന്ന മെഴുതിരി കാറ്റിൽ ആളി കടലാസ് കത്തി പോകുക സാധാരണം. ചൈന പേപ്പർ വാങ്ങി വീണ്ടും ഒട്ടിക്കും.

എത്ര സ്വഭാവികവും നിർമ്മലവുമായിട്ടായിരുന്നു ഗ്രാമം അതിന്റെ വിശ്വാസങ്ങളെയും ആഘോഷങ്ങളെയും പരിചരിച്ചിരുന്നത് .ഓരോ വീടിനും ഓരോ



**ഇതേ സമയത്തു തന്നെയാണ് പുൽക്കൂടു നിർമ്മാണവും നക്ഷത്ര നിർമ്മാണവും നടക്കുക. ഈർക്കിലി കൊണ്ടും മുളം ചീളു കൊണ്ടും കടലാസുകൊണ്ടും നിർമ്മിക്കുന്ന നക്ഷത്രത്തിന് പലപ്പോഴും ഒറ്റ രാത്രിയുടെ ആയുസേ ഉണ്ടാകു എന്തെന്നാൽ 'അതിനകത്ത് വെളിച്ചത്തിനു വേണ്ടി കത്തിച്ചു വെക്കുന്ന മെഴുതിരി കാറ്റിൽ ആളി കടലാസ് കത്തി പോകുക സാധാരണം. ചൈന പേപ്പർ വാങ്ങി വീണ്ടും ഒട്ടിക്കും.**

വേലിക്കഴ ഉണ്ടായിരുന്നു.അടുക്കളയിൽ വേവുന്നത് അങ്ങോട്ടും ഇങ്ങോട്ടും കൊണ്ടു പോകാൻ.

അങ്ങനെയാണ് പുവടയും, കരോലപ്പവും, വിഷുക്കട്ടയും, അരവണയും എന്റെ രുചിയിലും വട്ടേപ്പവും, അച്ചപ്പവും, കുഴപ്പവും, അവലോസുണ്ടയും എന്റെ കുട്ടുകാരുടെ നാവിലും വർഷം മുഴുവൻ സ്വാദോടെ നിലനിന്നിരുന്നത്.

എന്തെങ്കിലും കഴിക്കുന്ന സമയത്ത് ആരു വന്നാലും അതിൽ ഒരു പങ്ക് കൊടുക്കണമെന്നാണ് അപ്പന്റ നിലപാട്. അത് തികയില്ല എന്നങ്ങാനും പറയാൻ ശ്രമിച്ചാൽ അപ്പൻ പറയും. 'ആ അത്ര മതി. ആരു തിന്നാലും കണക്കാ. തൊണ്ടെന്നെറങ്ങ്യാ പിന്നെ തീട്ടാ.

പ്ലാവും മാവും കിട്ടുന്നതൊക്കെ കുഴിച്ചിടും അപ്പൻ ഈ പ്രായത്തിലും. ഇതൊക്കെ കുഴിച്ചിടാൻ നടക്കണോ? എന്നു ചോദിച്ചാൽ പറയും.'നീ നട്ടുണ്ടാക്കിതൊന്നുമല്ലല്ലോ നീ തിന്നുന്നത്.ആ അപ്പോ ഇതിന്മേൽ ഉണ്ടാകുമ്പോൾ ആരെങ്കിലും തിന്നോളും ' .അതു പറഞ്ഞ് എതെങ്ങിലും ഒരു മൂളി പാട്ടും മൂളി ആളങ്ങ് പോകും. കോഴിയെ ആട്ടനോ പശുന് വെള്ളം കൊടുക്കാനോ ഒക്കെയായി.

**പ്ലാവും മാവും കിട്ടുന്നതൊക്കെ കുഴിച്ചിടും അപ്പൻ ഈ പ്രായത്തിലും. ഇതൊക്കെ കുഴിച്ചിടാൻ നടക്കണോ? എന്നു ചോദിച്ചാൽ പറയും.'നീ നട്ടുണ്ടാക്കിതൊന്നുമല്ലല്ലോ നീ തിന്നുന്നത്. ആ അപ്പോ ഇതിന്മേൽ ഉണ്ടാകുമ്പോൾ ആരെങ്കിലും തിന്നോളും ' . അതു പറഞ്ഞ് എതെങ്ങിലും ഒരു മൂളി പാട്ടും മൂളി ആളങ്ങ് പോകും.**



*റോസി തമ്പിയുടെ അപ്പനും പേരക്കിടാവും*

emalayalee.com

# Special EDITION

BERAKAH
ELITE EDUCATION PVT. LTD



ബെറാഖ
എലൈറ്റ്
എഡ്യൂക്കേഷന്റെ
സ്ഥാപകയും
മാനേജിങ്
ഡയറക്ടറുമായ

## റാണി തോമസ്




കുളത്തുപ്പുഴ എന്ന ഗ്രാമത്തിൽ നിന്നും ഒരു പെൺകുട്ടി, വിവാഹ ശേഷം ജീവിതം കരുപിടിപ്പിക്കുന്നതിനായി പരിഷ്കൃതമായ കേട്ടുകേൾവി മാത്രമുള്ള മറ്റൊരു ലോകത്തേക്ക് പറിച്ചു നടപ്പെടുന്നു. കഠിനമായ ജീവിത പരീക്ഷണങ്ങൾക്കിടയിലും കർത്താവായ യേശുവിലുള്ള അചഞ്ചലമായ ഭക്തിയെയും വിശ്വാസത്തെയും മുറുകെ പിടിച്ച് മുന്നോട്ട് നീങ്ങുന്നു. ആ യാത്ര ഇന്നെത്തി നിൽക്കുന്നത് വലിയൊരു സ്ഥാപനത്തിന്റെ തലപ്പത്താണ്. ആ ജീവിതാനുഭവങ്ങൾ ആ പെൺകുട്ടിയെ തന്റെ ആഗ്രഹങ്ങളും സ്വപ്നങ്ങളും നേടിയെടുക്കാൻ പ്രാപ്തയായ കരുത്തുറ്റ ഒരു സ്ത്രീയിലേക്ക് പരിവർത്തനം ചെയ്തിരിക്കുന്നു.

## ജനനം പഠനം കുടുംബ പശ്ചാത്തലം

പി.കെ ഉമ്മച്ചൻ മുതലാളിയുടെയും അന്നമ്മ ഉമ്മന്റേയും പത്തു മക്കളിൽ ഏറ്റവും ഇളയ മകളായി കൊല്ലം ജില്ലയിലെ കുളത്തുപ്പുഴയിലായിരുന്നു ബെറാഖ എലൈറ്റ് എഡ്യുക്കേഷന്റെ സ്ഥാപകയും മാനേജിങ് ഡയറക്ടറുമായ റാണി തോമസിന്റെ ജനനം. നാല് ചേട്ടന്മാരുടെയും അഞ്ച് ചേച്ചിമാരുടെയും കുഞ്ഞനുജത്തി ആയിരുന്നെങ്കിലും ചെറുപ്പം മുതലേ സഹജീവികളോട് കരുണയും സ്വന്തമായ കാഴ്ചപ്പാടും വിശ്വാസവുമുള്ള വ്യക്തിത്വത്തിന് ഉടമയായിരുന്നു അവർ.

emalayalee.com
Special EDITION




സ്കൂൾ പഠനകാലം സെയ്ന്റ്. ഗൊരേറ്റി ഗേൾസ് ഹൈസ്കൂൾ പുനലൂരിലും, കോളേജ് കാലം സെയ്ന്റ്. ജോൺസ് കോളേജ് അഞ്ചലിലും പൂർത്തിയാക്കി. സഹോദരൻ അഡ്വക്കേറ്റ് സാം ഉമ്മൻ(ലേറ്റ്) പുനലൂർ എം.എൽ.എ ആയിരുന്നു. ആ രാഷ്ട്രീയ പശ്ചാത്തലം സ്വാഭാവികമായും റാണിയിലും സ്വാധീനം ചെലുത്തിയിരുന്നു. കോളേജ് പഠനകാലത്ത് വിദ്യാർത്ഥി രാഷ്ട്രീയത്തിൽ സജീവ പങ്കാളിയായിരുന്നു റാണി തോമസ്.




emalayalee.com
Special EDITION



## വിവാഹം കുടുംബ ജീവിതം

ഡിഗ്രി പഠനം കഴിഞ്ഞ് ട്രാവൽ ആൻഡ് ടൂറിസം കോഴ്സ് പഠിക്കുന്ന സമയത്തായിരുന്നു വിവാഹം. ഭർത്താവും ആ മേഖലയിൽ ബിസ്സിനെസ്സ് ചെയ്യുന്ന ഒരാൾ ആയത് യാദൃശ്ചികമായിരുന്നു. വിവാഹത്തിന് മുൻപുതന്നെ ആറ് വർഷക്കാലം അദ്ദേഹം അമേരിക്ക യിൽ ആയിരുന്നു. എന്നാൽ ഇളയ മകളെ കണ്ണെത്താ ദൂരത്ത് വിവാഹം കഴിപ്പിച്ചയക്കാൻ മാതാപിതാക്കൾ ക്ക് താല്പര്യമില്ലായിരുന്നു. വിവാഹശേഷം രണ്ടു വർഷക്കാലം തിരുവനന്തപുരത്ത് ലോസൺ ട്രാവെൽ സിൽ വർക്ക് ചെയ്തു. എന്നാൽ അമേരിക്കയിലേത് പോലെ ഇവിടെ കേരളത്തിലെ ആളുകളുടെ ഇടയിൽ ഈ ബിസിനസ് അത്ര എളുപ്പമായിരുന്നില്ല തന്റെ തട്ടകം അമേരിക്ക തന്നെയാണെന്ന് ഉറപ്പിച്ച ബിജു ലോസൺ ഭാര്യയുമായി അമേരിക്കയിലേക്ക് മടങ്ങാൻ തീരുമാനിച്ചു.

## അമേരിക്കയിലേക്ക് ഒരു പറിച്ച് നടൽ

1997ൽ അവർ അമേരിക്കയിൽ എത്തി. 1997 ഓഗസ്റ്റ് 15 ന് സ്വാതന്ത്ര്യദിനത്തിന്റെ അന്ന് ലോസൺ ട്രാവെൽസ് ആരംഭിച്ചു . സമ്പന്നതയിൽ വളർന്ന റാണി

emalayalee.com Special EDITION



ജീവിതത്തിന്റെ മറ്റൊരു മുഖം അറിയാനും അനുഭവിക്കാനും തുടങ്ങി. എന്നാൽ തോറ്റു പിന്മാറാൻ റാണി തയ്യാറായില്ല. അത്തരമൊരു പ്രതിസന്ധിയിൽ ഭർത്താവിന് താങ്ങാകാൻ അവർ തീരുമാനിച്ചു. അങ്ങനെയാണ് പോസ്റ്റ് ഓഫീസിൽ ജോലിക്കായി കയറുന്നത്. അത് ഒരു വർഷത്തോളം തുടർന്നു. ബിസ്സിനെസ്സ് കരകയറി തുടങ്ങിയതും ജോലി രാജി വെച്ച് റാണി ഭർത്താവിന്റെ സ്ഥാപനത്തിൽ തന്നെ അക്കൗണ്ടന്റായി.

## ഭർത്താവ്  കുട്ടികൾ

ബിസ്സിനെസ്സ് നല്ല രീതിയിൽ ഉയർന്നു . വിവാഹം കഴിഞ്ഞ് ആറ് വർഷത്തിനു ശേഷം ദൈവ കൃപയാൽ അവരുടെ ജീവിതത്തിലേക്ക് ഒരു കുഞ്ഞു മാലാഖയെത്തി. അധികം വൈകാതെ സന്തോഷം ഇരട്ടിയാക്കി രണ്ടാമതൊരു പെൺകുഞ്ഞുകൂടി പിറന്നു. വർഷങ്ങൾക്ക് ശേഷം അപ്രതീക്ഷിതമായി ദൈവത്തിന്റെ സമ്മാനം പോലെ മൂന്നാമതൊരു പെൺകുഞ്ഞും കൂടി ആ സ്നേഹ ഭവനത്തിലേക്ക് വന്നുചേർന്നു.

ഭർത്താവ് ലോസൺ ട്രാവൽസിന്റെ മാനേജിങ് ഡയറക്ടറായ ബിജു തോമസ് സന്തോഷത്തിലും വിഷമത്തിലും ഒപ്പം നിൽക്കുന്നു. കലയെ പ്രോത്സാഹിപ്പിക്കുകയും സ്നേഹിക്കുകയും ചെയ്യുന്ന  ബിജുവും റാണിയും  ലോസൺ എന്റർടൈൻമെന്റിന്റെ പേരിൽ രണം , വാർത്തകൾ ഇതുവരെ എന്ന രണ്ടു സിനിമകൾ  നിർമ്മിച്ചു . പക്ഷെ  സിനിമകൾ പ്രതീക്ഷിച്ച വിജയത്തിലെത്തിയില്ല. എന്നാൽ റാണിയുടെ ഭാഷയിൽ ആ സിനിമകൾ അവർ 'കലാസാംസ്കാരിക' രംഗത്തിനു നൽകിയ സംഭവനകളായിരുന്നു'.



## ബെറാഖയിലേക്കുള്ള യാത്ര

കഠിനമായ ജീവിത പ്രതിസന്ധികളിലൂടെ യാത്ര ചെയ്യേണ്ടി വന്നെങ്കിലും ' തന്റെ കരങ്ങളുടെ പ്രവർത്തിയെ ദൈവം സാധ്യമാക്കി' എന്ന റാണിയുടെ വാക്കുകൾ സത്യമാക്കിക്കൊണ്ട് ജീവിതം നല്ല രീതിയിൽ തന്നെ മുന്നോട്ട് പോയി. പക്ഷെ ആ ജീവിതത്തിലും അവർ സംതൃപ്തയായിരുന്നില്ല. ഇതല്ല തന്റെ ജീവിത ലക്ഷ്യമെന്നും സമൂഹത്തിനു വേണ്ടി എന്തെങ്കിലും ചെയ്യണമെന്നുമുള്ള തീവ്രമായ ആഗ്രഹത്തിന്റെ ആദ്യ പടിയാണ് ബെറാഖയിൽ എത്തി നിൽക്കുന്നത്. ഒരു താഴ്വരയുടെ പേരായ ബെറാഖ ഒരു ബിബ്ളിക്കൽ നെയിം ആണ്. ഒരു വർഷമായി ബെറാഖയുടെ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ട് . കൊച്ചിയിൽ കാക്കനാടും കൊല്ലം ജില്ലയിൽ അഞ്ചലിലുമാണ് കേരളത്തിൽ ബെറാഖ എലൈറ്റ് എഡ്യൂക്കേഷൻ സെന്റർ പ്രവർത്തിക്കുന്നത്. ഹെഡ് ഓഫീസ് യുഎസ്എയിൽ ഡാളസിലെ [illegible]സിലാണുള്ളത്



## കേരളത്തിൽ എന്തുകൊണ്ട് ബറാക്ക.

അമേരിക്കയിൽ സ്ഥിര താമസമാക്കിയെങ്കിലും നാടിനോടുള്ള അടങ്ങാത്ത ഇഷ്ടം മനസ്സിൽ സൂക്ഷിച്ചിരുന്നു. എന്തെങ്കിലും ചെയ്യുമ്പോൾ അത് തന്റെ നാടിനു വേണ്ടി ആകണമെന്ന ഉറപ്പും ഉണ്ടായിരുന്നു. ഭർത്താവിന്റെ ബിസിനെസ്സിനോട് ചേർന്നുപോകുന്ന ഒന്നായിരുന്നു ബെറാഖ എലൈറ്റ് എഡ്യൂക്കേഷൻ. തന്റെ കരങ്ങളിൽ എത്തിപ്പെടുന്ന കുട്ടികളുടെ ഭാവി ബെറാഖയിൽ സുരക്ഷിതമായിരിക്കും. അവരുടെ പ്രൊഫൈൽ കൈയിൽ കിട്ടുന്നതുമുതൽ ആ കുട്ടികളുടെ നിരവധി സംശയങ്ങൾ കൗൺസിലിങ്ങിലൂടെ മാറ്റുകയും കൺട്രി, കോഴ്സ് , കോളേജ് തുടങ്ങിയ കാര്യങ്ങൾ തെരെഞ്ഞെടുത്തു നൽകുകയും ചെയ്യും. വിസ കിട്ടുന്നതുമുതൽ ടിക്കറ്റെടുത്തു പ്ലെയിനിൽ കയറുന്നതുവരെ ബെറാഖ ഒപ്പം ഉണ്ടാകും. മാത്രമല്ല കുട്ടികൾ പഠനം തുടങ്ങി കഴിഞ്ഞതിനു ശേഷവും അവരുടെ സുഖസൗകര്യങ്ങളും പഠനനില

Special EDITION

വാരവുമെല്ലാം ബെറാഖ അന്വേഷിക്കുകയും വിലയിരുത്തുകയും ചെയ്യും. തന്റെ പ്രാർത്ഥനയിൽ എപ്പോഴും ആ കുഞ്ഞുങ്ങൾ ഉണ്ടാകുമെന്നു റാണി പറയുന്നു. ഇന്ന് ഈ മേഖലയിൽ ധാരാളം പേര് പറ്റിക്കപെടുന്നുണ്ട് . ലോകം തന്നെ വിരൽത്തുമ്പിൽ നിൽക്കുന്ന ഈ കാലത്തും കുട്ടികളും അവരുടെ രക്ഷിതാക്കളും എങ്ങനെ ചതിക്കുഴിയിൽ പെടുന്നുവെന്നു റാണി ആശങ്കപ്പെടുന്നുമുണ്ട് . ബെറാഖയുടെ പ്രവർത്തനങ്ങൾ വളരെ സുതാര്യമാണ് അതിനാൽ തന്നെ ബെറാഖ മറ്റുള്ളവയിൽ നിന്നും വേറിട്ടുനിൽക്കുന്നു.

## കുടുംബത്തിന്റെ പിന്തുണ

ബിസ്സിനെസ്സ് ആവശ്യവുമായി ഏറിയ സമയവും കേരളത്തിൽ ചിലവഴിക്കേണ്ടതായിട്ടുണ്ട്. കുട്ടികളും ഭർത്താവും അമേരിക്കയിലും. മൂത്ത മകൾ പൊന്നു എന്ന് വിളിക്കുന്ന അബിഗെയ്ൽ, അനുജത്തിമാരായ തേനുവിനും (അഡലൈൻ ), മന്നക്കും (അനബെൽ) അമ്മയായി മാറാറുണ്ട്. ഭാര്യയെ പിരിഞ്ഞിരിക്കുന്ന



വിഷമമുണ്ടെങ്കിലും റാണിയുടെ ഏത് ആഗ്രഹത്തിനും പിന്തുണയേകി ഭർത്താവും എപ്പോഴും കൂടെയുണ്ട്. മക്കളെ സ്വയം പര്യാപ്തരാക്കി വളർത്തിയതിൽ റാണിയെന്ന അമ്മയ്ക്കും അഭിമാനിക്കാം. മക്കൾ നൽകുന്ന സപ്പോർട്ട് വളരെ വലുതാണ്. മൂത്തമകൾ അബിഗെയ്ൽ ബെറാഖയുടെ വൈസ് പ്രസിഡന്റ് ആണ് . ബെറാഖയുടെ പ്രവർത്തനങ്ങളിൽ മുഖ്യ ഘടകമായി എന്തിനും ഏതിനും അമ്മക്കൊപ്പം അബിഗെയ്ൽ ഉണ്ട് . ഫിനാൻസിൽ ബിബിഎ കഴിഞ്ഞ അബിഗെയ്ൽ ഇപ്പോൾ എംബിഎ ഫിനാൻസ് പഠനത്തിന് ചേർന്നിരിക്കുകയാണ്. 'അമ്മ റാണിയെ പോലെത്തന്നെ ഈ ചെറിയ പ്രായത്തിൽ വളരെ പക്വതയും സഹജീവികളോട് കരുണയും ദൈവഭയവുമുള്ള നല്ലൊരു ഹൃദയത്തിനു ഉടമയാണ് അബിഗെയ്ൽ .











## സ്ത്രീ എന്ന നിലയിൽ പ്രത്യേകിച്ച് കേരളത്തിൽ...

ഒരു സ്ത്രീ ഒറ്റക്ക് അതും കേരളം പോലൊരു സ്ഥലത്ത് ബിസ്സിനെസ്സ് നടത്തി വിജയിപ്പിക്കുക എന്നത് അത്ര എളുപ്പമല്ല. പക്ഷെ റാണി തോമസ് അവിടെയും വിജയിച്ചു എന്ന് തന്നെ പറയാം. 'പ്രതിസന്ധികൾ ഉണ്ടായിട്ടുണ്ട്. പക്ഷെ ദൈവത്തിന്റെ കൃപ തന്നോട് കൂടെയുണ്ട്. നമ്മുടെ പ്രവൃത്തി ശരിയാണെങ്കിൽ നമ്മൾക്ക് ആരെയും ഭയക്കേണ്ടതില്ല. നമ്മൾ നമ്മുടെ നിലപാടുകളിൽ ഉറച്ചു നിന്നാൽ തളർത്താനും തകർക്കാനും ആർക്കും ധൈര്യമുണ്ടാകില്ല'. മോശമായതൊന്നും തനിക് കേരളത്തിൽ ഉണ്ടായിട്ടില്ല എന്ന് റാണി പറയുന്നു.



## യുവതലമുറ എന്തുകൊണ്ട് പഠനത്തിനും തൊഴിലിനുമായി ഇന്ത്യയിൽ നിന്നും വിദേശത്തേക്ക് പറക്കുന്നു

ആയിരക്കണക്കിന് കുട്ടികളാണ് കേരളത്തിൽ നിന്നും വിദേശത്തേക്ക് പഠനത്തിനായി പോകുന്നത് . എന്തുകൊണ്ടും വിദേശത്തു നൽകുന്ന പഠന സൗകര്യങ്ങൾ കേരളത്തിലും നല്കാൻ കഴിയും. പക്ഷെ വേലിതന്നെ വിളവ് തിന്നുന്ന അവസ്ഥയാണിന്നു ഉള്ളത്. താൻ കണ്ട ഒരു സംഭവം ഉദാഹരണമായി റാണി പറയുന്നു . ഇന്ത്യയൊട്ടാകെ നടക്കുന്ന നീറ്റ് പരീക്ഷ (പിജി) എഴുതാൻ നാളുകളായി ഉറക്കമൊഴിച്ചു പഠിച്ചു വളരെ ദൂരെയുള്ള പരീക്ഷ ഹാളിലേക്കു എത്തിപ്പെടാൻ തലേദിവസം തന്നെ യാത്ര പുറപ്പെടുന്ന കുട്ടികൾക്ക് രാത്രി വൈകിയാണ് പരീക്ഷ മാറ്റിവെച്ചു എന്ന അറിയിപ്പ് ലഭിക്കുന്നത്. അവരുടെ അധ്വാനം, സമയം, പ്രയത്നം എന്നിവയ്ക്കാണ് വിലയില്ലാതെ പോകുന്നത്. പരീക്ഷ മാറ്റാനുള്ള കാരണമായി പറഞ്ഞത് ചോദ്യപേപ്പർ ലീക്കായി എന്നാണ്. എന്തുകൊണ്ട് ഇന്ത്യയിൽ ഇത് സംഭവിക്കുന്നു?. ഇത്തരത്തിലുള്ള ദുരനുഭവങ്ങൾ കുട്ടികളുടെ മാനസികാവസ്ഥയെ പ്രതികൂലമായി ബാധിക്കും ആത്മവിശ്വാസം നഷ്ടപ്പെടുത്തും.

പഠിച്ചിറങ്ങിയാൽ അവർക്കു കേരളത്തിൽ തൊഴിൽ അവസരങ്ങൾ ഉണ്ടോ?. മറ്റുള്ള രാജ്യങ്ങളെ

emalayalee.com Special EDITION






അപേക്ഷിച്ചു ഇന്ത്യയിൽ തൊഴിൽ അവസരങ്ങൾ കുറവാണ് . നല്ല വ്യവസായ സ്ഥാപനങ്ങളോ കമ്പനികളോ കേരളത്തിൽ ഇല്ലായെന്ന് തന്നെ പറയാം ഉള്ളവയാണെകിൽ നിയമകുരുക്കുകളിൽ ബന്ധിക്കപ്പെടുകയും ചെയ്യുന്നു. തങ്ങളുടെ കഴിവിനനുസരിച്ചു തൊഴിലോ പ്രതിഫലമോ ലഭിക്കാത്തതിനാൽ ജീവിതം മുന്നോട്ടു കൊണ്ടുപോകാൻ അവർ വിദേശത്തേക്ക് പോകാൻ തയ്യാറാവുകയാണ് . അതുകൊണ്ടു തന്നെ കേരത്തിൽ യുവാക്കളുടെ എണ്ണം വളരെ കുറഞ്ഞു. മറ്റുള്ള രാജ്യങ്ങളുടെ പ്രവർത്തന രീതി മനസിലാക്കാൻ എന്ന വ്യജേന വിദേശത്തേക്ക് പോകുന്ന ജനപ്രധിനിധികൾ അവിടെ നിന്നും മനസിലാക്കിയതിൽ എന്താണ് കേരളത്തിൽ നടപ്പിലാക്കിയത്. ഈ യാത്രകൊണ്ട് അവർ എന്താണ് ഉദ്ദേശിക്കുന്നത്?. ഇതെല്ലം ചോദ്യം ചെയ്യപ്പെടേണ്ടതാണ് എന്നും റാണി അഭിപ്രായയപ്പെടുന്നു.

## ജീവിത ലക്ഷ്യങ്ങളിലൊന്ന്

ജീവിതത്തിൽ ഒറ്റപ്പെട്ടുപോയ സ്ത്രീകൾക്ക് ഒരു കൈത്താങ്ങാകാൻ താൻ ആഗ്രഹിക്കുന്നു . അപകർഷതാബോധം പേറി ആത്മവിശ്വാസം നഷ്ടപെട്ടു തന്നെക്കൊണ്ട് ഒന്നിനും കൊള്ളില്ല എന്ന് സ്വയം ഉറപ്പിച്ചു ഇരുളടഞ്ഞു പോകുന്ന സ്ത്രീകൾ പ്രതേകിച്ച് ഭർത്താവിന്റെ വിയോഗത്തോടെ സമൂഹത്തിലും സ്വന്തം കുടുംബത്തിൽ തന്നെയും മാറ്റിനിർത്തപ്പെടുന്ന സ്ത്രീകളെ കൈപിടിച്ചുയർത്തി മെച്ചപ്പെട്ട ജീവിതത്തിലേക്ക് സമൂഹത്തിലേക്ക് എത്തിക്കാൻ റാണിയുടെ ഭാഷയിൽ 'തളർന്ന കൈകളെ ബലപ്പെടുത്തുക കുഴഞ്ഞ കാലുകളെ ഉറപ്പിക്കുക ' എന്ന് ബൈബിളിലെ വാക്യം പോലെ തന്റെ ലക്ഷ്യവും അതാണ്. ആശയറ്റുപോകുന്നവരുടെ മനസ്സിലേക്ക് കൗൺസിലിംഗിലൂടെ വെളിച്ചം നിറക്കാനും അവർക്കു ജീവിതത്തോട് പ്രത്യാശ ഉണ്ടാക്കിയെടുക്കുവാനും തന്റെ വാക്കുകൾക്ക് കഴിയും എന്ന് റാണി ഉറച്ചു വിശ്വസിക്കുന്നു. ഒരു പക്ഷെ ആ ചേർത്തു പിടിക്കൽ മതിയാകും ആത്മഹത്യ എന്ന പാപത്തിൽ നിന്നും അവരെ കരകയറ്റാൻ.








emalayalee.com Special EDITION



## ബിസ്സിനെസ്സ് രംഗത്തേക്ക് കടന്നു വരാൻ ആഗ്രഹിക്കുന്ന സ്ത്രീകൾക്കായി...

'ബിസ്സിനെസ്സ് രംഗത്തേക്ക് കടന്നു വരാൻ ആഗ്രഹിക്കുന്നവർ ആദ്യം ചെയ്യേണ്ടത് അവരുടെ തന്നെ കഴിവുകൾ തിരിച്ചറിയുക എന്നതാണ്. കഴിയാത്ത കാര്യത്തിന് ഇറങ്ങി പുറപ്പെടുന്നത് സമയവും, സമ്പത്തും ഒരുപോലെ നഷ്ടപ്പെടുത്തും. നമ്മുടെ കഴിവിനനുസരിച്ചുള്ളത് നമ്മൾ ചെയ്യണം. ഒരു സ്ത്രീയെ സംബന്ധിച്ചിടത്തോളം സ്വന്തം കാലിൽ നിൽക്കുക എന്നുള്ളതാണ് പ്രധാനം. ആത്മവിശ്വാസം വർധിപ്പിക്കുക. നല്ല ഭാര്യ, നല്ല അമ്മ, നല്ല മരുമകൾ എന്നീ പദവികൾക്ക് ഒപ്പം തന്നെ സ്വന്തം കാലിൽ നിന്നുകൊണ്ട് തന്റെ കുടുംബത്തിന് താങ്ങാവാനും സാധിക്കും. ജീവിതം പൊരുതി നേടിയ കരുത്തുറ്റ ഒരു സ്ത്രീയുടെ സാക്ഷ്യങ്ങളാണിവ. റാണി തോമസ് എന്ന ബിസ്സിനെസ്സുകാരിയുടെ വാക്കുകൾ.

– രഞ്ജിനി രാമചന്ദ്രൻ

emalayalee.com Special EDITION

കഥ



# മനുഷ്യൻ വെറുമൊരു ജീവിയാണ്

വര:
പി ആർ രാജൻ

എം.പി. ഷീല

ഏഡി എം കേശവ് നായരുടെ റിട്ടയർമെൻറിൻറെ ഏഴാം ദിനം!

അധികാരംനഷ്ടപ്പെട്ടവൻറെ ഉറക്കച്ചടവുള്ള രാപ്പകലുകൾ!

ആറുമണിക്ക് അവസാനിച്ചിരുന്ന പ്രഭാതസവാരിയുടെ സമയതാളം മുതൽ സകലവും തകിടം മറിഞ്ഞിരിക്കുന്നു. കുന്നും പുറത്തെ സഖറിയയുടെ ചെരിപ്പ് കമ്പനിക്ക് പുറകിലുള്ള വഴിയോര ബഞ്ചുകളിലൊന്നിൽ

കൃത്യം അഞ്ചുമുപ്പതിന് വിശ്രമത്തിനായി പത്തുമിനിറ്റ് എന്നും ഇരിക്കാറുണ്ടായിരുന്നതാണ്. ഇന്ന് ആ സമയവും കടന്നിരിക്കുന്നു.

ജനാല തുറന്നു പുറത്തേയ്ക്ക് നോക്കി.

റബ്ബർ പാലിൻറെയും സൾഫ്യൂരിക്കാസിഡിൻെറയും മണമുള്ള തണുത്ത കാറ്റ് അകത്തേയ്ക്ക് എരച്ചുകയറി.

നിരനിരയായിനിൽക്കുന്ന റബ്ബറിന്റെ ഓരോ ചോട്ടിൽനിന്നും തൊട്ടടുത്ത ചോട്ടിലേക്ക് നെറ്റിയിൽ തെളിച്ചുവെച്ചിട്ടുള്ള ടോർച്ചുമായി ചാക്കോച്ചൻ വേഗത്തിൽ ചുവടുമാറുന്നുണ്ട്. 'കേശവനിലയ'ത്തിൽ കഴിഞ്ഞ 8 വർഷമായി എന്നും വരാറുള്ള ഏക മനുഷ്യജീവി ചാക്കോച്ചൻ മാത്രമാണ്. സ്വയം ഒരകലംസൂക്ഷിക്കുന്ന സ്വഭാവക്കാരനാണെങ്കിലും ചില നാട്ടുവർത്തമാനങ്ങൾ അറിയുന്നത് ചാക്കോച്ചനിൽനിന്നാണ്. ആവശ്യങ്ങൾക്കും അത്യാവശ്യങ്ങൾക്കും ചാക്കോ ക്യാഷ്അഡ്വാൻസ് ചോദിക്കാറില്ല. ചക്ക,മാങ്ങ തുടങ്ങി പറമ്പിലെ ഒരു സാധനവും വെറുതെ കൈപ്പറ്റുകയുമില്ല. മുഴുത്ത വരിക്ക ചക്കയൊന്നിന് നൂറുരൂപ കൂലിയിൽ കുറച്ചേര് എന്നുപറയുന്ന സ്വഭാവം. മകളുടെ നേഴ്സിംഗ് പഠനത്തിന്റ സാമ്പത്തിക പരാധീനതപ്പോലും ഏ ഡി എം കേശവൻ എന്ന സഹപാഠിയോട് പറഞ്ഞിട്ടില്ലാത്ത ചാക്കോച്ചൻ . പത്താം ക്ലാസ്സുവരെ സരസ്വതീവിലാസം സ്കൂളിലെ സഹബഞ്ചുകാരനായി

> **നിരനിരയായിനിൽക്കുന്ന റബ്ബറിന്റെ ഓരോ ചോട്ടിൽനിന്നും തൊട്ടടുത്ത ചോട്ടിലേക്ക് നെറ്റിയിൽ തെളിച്ചുവെച്ചിട്ടുള്ള ടോർച്ചുമായി ചാക്കോച്ചൻ വേഗത്തിൽ ചുവടുമാറുന്നുണ്ട്. 'കേശവനിലയ'ത്തിൽ കഴിഞ്ഞ 8 വർഷമായി എന്നും വരാറുള്ള ഏക മനുഷ്യജീവി ചാക്കോച്ചൻ മാത്രമാണ്.**



രുന്നെങ്കിലും കേശവ നിലയത്തിലെ റബ്ബറുവെട്ടുകാരൻ എന്ന ലേബലിലാണ് ചാക്കോച്ചൻ ഉറച്ചുനിൽക്കുന്നത്. സ്കൂളിലെ ഹീറോ ആയിരുന്ന ചാക്കോയുടെ ഇരട്ടപ്പേര് ബുദ്ധിജീവി എന്നായിരുന്നു. കടിച്ചാൽപൊട്ടാത്ത ഡയലോഗും വായനയുമായിരുന്നു കാരണം. ഇപ്പോൾ പഞ്ചായത്ത് ലൈബ്രറി സെക്രട്ടറികൂടിയാണ് ചാക്കോ. ടാപ്പിംഗിനും പാൽഎടുക്കുന്നതിനും ഇടയിലെ വിശ്രമവേളയിൽ അയാൾക്ക് കൂട്ട് കുന്നുമ്പുറം പഞ്ചായത്ത് ലൈബ്രറിയിലെ ഏതെങ്കിലുമൊരു കട്ടിയുള്ള പുസ്തകം ആയിരിക്കും.

റിട്ടയർമെൻറിന് സഹപ്രവർത്തകർ സമ്മാനിച്ച പുസ്തക ഷെൽഫിൽ കേശവ് നായരുടെ കണ്ണുകളെ കാത്ത് ഒരുപാട് പുസ്തകങ്ങൾ വിരുന്നുകാരെപ്പോലെ അനങ്ങാതെ അടങ്ങിയൊതുങ്ങിയിരിപ്പുണ്ട്.

കാർഷെഡ്ഡിൻറയുള്ളിലെ ചെറിയ മേശപ്പുറത്ത് വിചിത്രമായ അർത്ഥങ്ങൾ പറയുന്ന കടുംനീല പുറംചട്ടയുള്ള ചാക്കോച്ചന്റെ പുസ്തകം പലവട്ടം കണ്ണിലുടക്കി.

മനുഷ്യൻറെ ഉടൽ..

കാണ്ടാമൃഗത്തിൻറെ മുഖം..

ചുറ്റും കൂർത്തസൂചികൾ മഴപ്പോലെ പെയ്യുന്നതിനിടയിൽ വലിയ തലക്കെട്ട്

' മനുഷ്യൻ വെറുമൊരു ജീവിയാണ്'.

പാൽ ഉറയൊഴിക്കാൻ ആസിഡ് എടുക്കാൻ വന്നപ്പോഴാണ് മുഹമ്മദ് ഹാജിയുടെ മകൻ ആസിഫിന്റെ പുതിയ ചാരിറ്റിപ്രവർത്തനങ്ങളെപ്പറ്റി ചാക്കോച്ചൻ പറഞ്ഞു തുടങ്ങിയത്. അയാളുടെ ദുർന്നടപ്പിൻറെയും ഗുണ്ടായിസത്തിന്റെയും വ്യഭിചാരത്തിന്റെയും ചതിയുടെയും കടന്നുപ്പോയ നാൽപ്പതു വർഷങ്ങൾ. ബാപ്പ ഹാജിയാര് നാട്ടിലുണ്ടാക്കിയ സൽപ്പേര് കളങ്കപ്പെടുത്തിയ ഒരു ധൂർത്തപുത്രനായിരുന്നു ആസിഫ്. വൃത്തികെട്ട ആ ഭൂതകാലത്തിൽ നിന്ന് അയാൾ മോചനം നേടിയിരിക്കുന്നു.

''ജനിക്കുമ്പോൾ ആരും മനുഷ്യരാകുന്നില്ല കേശവാ. ഈ പ്രപഞ്ചത്തിലെ മറ്റനവധി ജന്തുക്കളെപ്പോലെ രണ്ടു കയ്യും രണ്ടുകാലുമുള്ള വെറും ഒരു ജീവിമാത്രമാണ് അവൻ. അവൻറെ ചിന്തയും ചുറ്റുപാടുകളും അവനിലുണ്ടാക്കുന്ന വൈകാരികഭേദങ്ങളുടെ ആകെത്തുകയാണ് ഈ ഇരുകാലി ജീവിയെ മനുഷ്യൻ എന്ന പദവിക്ക് അർഹനാക്കുന്നത് ''

കഠാരപ്പോലെ പ്രസ്താവന ചങ്കിൽ കുത്തിക്കയറി.

ഈ ഭൂമീല് ഇരുകാലിൽ നിവർന്നു നടക്കുന്ന എല്ലാവരും മനുഷ്യരല്ലെന്ന് ചാക്കോ സമർത്ഥിക്കുന്നു. ആസിഫിൻറെ സ്വഭാവപരിണാമത്തെ കുറിച്ച് പറയുന്നതിനിടയിലാണ് ഇങ്ങനെയൊരു പ്രസ്താവന പറഞ്ഞെതെങ്കിലും എവിടെയൊക്കെയോ ആ വാചകം ഇടിച്ചുകേറുന്നുണ്ട്.

മുപ്പത്തഞ്ചുർഷം മുമ്പ് യുവത്വത്തിൻറെ തെമ്മാടിത്തത്തിനു നേരെ വിരൽ ചൂണ്ടിയ പ്രസ്താവന!

'നിങ്ങൾ ഒരു മനുഷ്യനല്ല! രണ്ടു കാലിൽ നിവർന്നുനിൽക്കുന്ന ഒരു ജന്തുവാണ് '

സൂസന്നയുടെ തിരോധനരാത്രിയിലെ അവസാനത്തെ വാചകം . കരഞ്ഞുക്കലങ്ങി ചുവന്ന രണ്ടു കണ്ണുകൾ.

അപമാനം ഭയന്ന് നാടുവിടാൻ ഒരുങ്ങിയ പതിനേഴുകാരി. പത്രക്കടലാസിൽ പൊതിഞ്ഞ ഒരു ജോഡി പാവടയും ബ്ലൗസ്സും ചുവപ്പുകരയുള്ള വെളുത്തതോർ

**"ജനിക്കുമ്പോൾ ആരും മനുഷ്യരാകുന്നില്ല കേശവാ. ഈ പ്രപഞ്ചത്തിലെ മറ്റനവധി ജന്തുക്കളെപ്പോലെ രണ്ടു കയ്യും രണ്ടുകാലുമുള്ള വെറും ഒരു ജീവിമാത്രമാണ് അവൻ. അവൻറെ ചിന്തയും ചുറ്റുപാടുകളും അവനിലുണ്ടാക്കുന്ന വൈകാരികഭേദങ്ങളുടെ ആകെത്തുകയാണ് ഈ ഇരുകാലി ജീവിയെ മനുഷ്യൻ എന്ന പദവിക്ക് അർഹനാക്കുന്നത്"**

ത്തും അമ്മ മറിയാമ്മ ചേടത്തിയുടെ ചിട്ടിപ്പാത്രത്തിൽ നിന്നു് മോഷ്ടിച്ച ആയിരംരൂപയും കഴുത്തിലും കാതിലുമുള്ളസ്വർണ്ണവും കാണിച്ച് എങ്ങനെയെങ്കിലും നമ്മുക്ക് ജീവിക്കാം എന്നു പറഞ്ഞവൾ. ഒറ്റയ്ക്കാക്കല്ലേയെന്നു യാചിച്ചവൾ. അവളുടെ ഭയന്ന കണ്ണുകൾ. ചെമ്പരത്തി താളിയുടെ മണമുള്ള അവളുടെ ഒതുക്കമില്ലാത്ത മുടി അന്ന് കൂടുതൽ പാറിപ്പറന്നുകിടന്നിരുന്നു. അവൾ ഗർഭവതിയാണെന്നറിയുന്ന ഏകവ്യക്തിയും ഗർഭത്തിൻറെ ഉടമസ്ഥാവകാശവും തടത്തിൽ കേശവൻ എന്ന ഇരുകാലിജീവിക്കായിരുന്നു. എല്ലാറ്റിനും സാക്ഷിയായിരുന്നത് കിഴക്കു കുന്നും പുറത്ത് തഴച്ചുവളർന്ന പുല്ലാന്നിക്കാട് മാത്രമായിരുന്നു.



തമിഴ്നാട്ടിൽ പോയി ഒന്നിച്ചു ജീവിക്കാം എന്ന സ്വപ്നംകണ്ട് കേശവനെ സ്വയംവരം ചെയ്ത പതിനേഴുകാരിയായിരുന്നു സൂസന്ന!

കാണാതായ മൂന്നാംനാൾ മുതൽ ശവം കാത്ത് പുഴവക്കിൽ വട്ടംകൂടിയ നാട്ടുകാർക്കൊപ്പം എത്ര ദിവസങ്ങൾ കുറ്റബോധമില്ലാതെ , ഒന്നുമറിയാത്തവനെപ്പോലെ നിന്നു . ആസിഫിൻറെ ഉൾപ്പെടെ പലരുടെയും പേർചേർത്ത് സൂസന്നയുടെ സൽപ്പേര് കളങ്കപ്പെടുമ്പോഴും ഉള്ളിൽ മൃഗീയമായ ഒരാനന്ദം ആയിരുന്നു. പുല്ലാണിക്കാടുകൾ ഒഴികെ മറ്റാരും അറിഞ്ഞിട്ടില്ലാത്ത രഹസ്യ ബന്ധത്തിന്റെ ആദ്യത്തെയും അവസാനത്തെയും സൂക്ഷിപ്പുകാരൻ കേശവൻ എന്ന ജന്തുമാത്രമായിരുന്നു.

സൂസന്നയുടെപക്കൽ അന്നുണ്ടായിരുന്ന ആ ആയിരംരൂപയും കടലാസുപൊതിക്കെട്ടും ഇൻസ്റ്റാൾമെൻറ് പാത്രക്കാരൻ മണിമുത്തിൻറെ പൊള്ളാച്ചിയിലെ അഡ്രസ്സും അവൾ ഒരിക്കലും ആത്മഹത്യചെയ്യില്ല എന്നു വിശ്വസിപ്പിച്ചിരുന്നു. ഒരുമിച്ചു ജീവിക്കാൻ കണ്ടുപിടിച്ച മേൽവിലാസമായിരുന്നു എന്ന കള്ളം ഒരു പതിനേഴുകാരിയുടെ നിഷ്കളങ്കതയിൽ അന്ന് ആണിയടിച്ചുറപ്പിച്ചിരുന്നു!

> **തമിഴ്നാട്ടിൽ പോയി ഒന്നിച്ചു ജീവിക്കാം എന്ന സ്വപ്നംകണ്ട് കേശവനെ സ്വയംവരം ചെയ്ത പതിനേഴുകാരിയായിരുന്നു സൂസന്ന! കാണാതായ മൂന്നാംനാൾ മുതൽ ശവം കാത്ത് പുഴവക്കിൽ വട്ടംകൂടിയ നാട്ടുകാർക്കൊപ്പം എത്ര ദിവസങ്ങൾ കുറ്റബോധമില്ലാതെ , ഒന്നുമറിയാത്തവനെപ്പോലെ നിന്നു .**

മുറ്റത്തേക്കിറങ്ങിയപ്പോൾ ചാക്കോച്ചൻറെ പുസ്തകം മറിച്ചും തിരിച്ചും നോക്കി. പുറംച്ചട്ടയിലെ സൂചികൾ ചങ്കിലേയ്ക്ക് തുളച്ചുകയറുന്നു. പുസ്തകം ചങ്കിനുനേരെ വിരൽ ചൂണ്ടുന്നു.

പുസ്തത്തിൽനിന്ന് ഉറച്ചശബ്ദം!

കേശവൻ മനുഷ്യനല്ല! വെറും ഒരു ജീവിയാണ്!

ശരിയാണ് ചിന്തകളും ചുറ്റുപാടുകളും കേശവനെ ഒരു മനുഷ്യനാക്കിയിട്ടില്ല. കേശവൻ മനുഷ്യനാകാൻ ശ്രമിച്ചിട്ടുമില്ല. കലക്ട്രേറ്റിലെ ജോലിക്കിടയിൽ വാങ്ങിക്കൂട്ടിയ കണക്കില്ലാത്ത കൈക്കൂലി , കൂടെ നിൽക്കാത്ത സഹപ്രവർത്തകരെ മാനസികമായി തകർത്ത് കേശവൻ എന്ന ജീവി എല്ലാവരെയും മുൾമുനയിൽ നിറുത്തി. തൻറെ സാന്നിദ്ധ്യംതന്നെ പലർക്കും അരോചകമായിരുന്നു. കേശവൻ മനുഷ്യനല്ലാത്തതുകൊണ്ട് അതിലും രസം കണ്ടെത്തിയിരുന്നു.

രാവിലത്തെ തണുപ്പ് ആസ്വദിച്ചാണ് ചെരിപ്പുകമ്പനി വരെ എന്നും നടന്നിരുന്നത്. സദാശിവൻറെ വീടിനു മുന്നിലെ ആൾക്കൂട്ടവും പോലീസ്ജീപ്പും കണ്ടപ്പോൾ ഒന്നു പകച്ചു. ഡ്യൂട്ടിക്കുവന്ന പരിചയക്കാരനായ ജോൺ 'ഗുഡ് മോർണിംഗ്' പറഞ്ഞടുത്തുവന്നു

'തൂങ്ങിമരണം. സാമ്പത്തികപ്രശ്നമാ'

നടത്തം പാതിവഴിയിൽ അവസാനിപ്പിച്ചു തിരികെ

യെത്തിയപ്പോൾ വല്ലാത്ത കിതപ്പ്. പോർച്ചിലെ ചാരു കസേരയിൽ മലർന്നുകിടന്നു. പരിചിതമല്ലാത്ത ഒരു ഉൾഭയം . ഒരു ദുരന്തവാർത്തയും ഇതുവരെ കേശവനെ ഉലച്ചിട്ടില്ല. വിറയ്ക്കുന്ന കൈവിരലുകളിലേയ്ക്ക് പലവട്ടം നോക്കി.

വെട്ടുകഴിഞ്ഞ് ചാക്കോച്ചൻ ഗേറ്റിങ്കൽ കിടന്ന ന്യൂസ് പേപ്പർ എടുത്തുകൊണ്ടുവന്ന് റബ്ബർ പുരയുടെ ഇറയത്ത് വായനയ്ക്കായി ഭിത്തിയിൽ ചാരിയിരുന്നു.

'ഇത്രവേഗം നടത്തം കഴിഞ്ഞോ? ദേ ഇതാണ് ആസിഫിന്റെ പുതിയ പ്രസ്ഥാനം. 50 പേർക്ക് ജോലി കിട്ടും. ഹൗസിംഗ് ലോൺ അടയ്ക്കാൻ നിർവ്വാഹമില്ലാത്തവരുടെ ലോൺ അടയ്ക്കാൻ സഹായം കൊടുക്കുന്നുണ്ട്. എന്തായാലും അയാൾ ഒരു മനുഷ്യനായി . വെറും ഒരു കാണ്ടാമൃഗമായിരുന്നു'

കാണ്ടാമൃഗം എന്ന വാക്ക് ഇരുവായ്ത്തലയുള്ള കഠാരപ്പോലെ വീണ്ടും മുന ചൂണ്ടുന്നു.കേശവിനു നേരെ പലരും പ്രയോഗിച്ച അമ്പാണ് 'കാണ്ടാമൃഗം '

അറിഞ്ഞ വാർത്ത പറയാൻ നാവുപൊന്തിയില്ല. ചാക്കോച്ചൻ കൊടുത്ത നോട്ടീസുവാങ്ങി അകത്തേയ്ക്ക് കയറി. പതിവില്ലാത്ത വിധം ചൂടും അസ്വസ്ഥതയും. എന്തൊക്കെയോ തകിടംമറിയുന്ന അനുഭവം. മനസ്സിൻറെ താളം എവിടെയോ തെറ്റുന്നു. ലിവിംഗ് റൂമിലെ ചിത്രപ്പണികളുള്ള വലിയ കണ്ണാടിയലമാരയിൽ സ്വന്തം പ്രതിബിംബം ഒരു നിമിഷം നോക്കി.

> **'കാണ്ടാമൃഗത്തിൽനിന്ന് മനുഷ്യനിലേയ്ക്ക് ഒരുപാട് ദൂരമുണ്ട്. മനുഷ്യനാവുക എന്നാൽ മുള്ളുള്ള വഴികളിലൂടെ നന്മയിലേയ്ക്ക് നടന്നുകയറുക എന്നാണ്. ആ പദവി നേടാൻ കണ്ണിനു മാത്രം കാഴ്ച്ച പോരാ, ഹൃദയംകൊണ്ടുകൂടി കാണാൻ പഠിക്കണം. സ്വയം അറിയുന്നതുപോലെ മറ്റുള്ളവരെ അറിയണം. മറ്റുള്ളവരുടെ വേദനയ്ക്ക് ചെവികൊടുക്കണം. '**

കേശവൻ എന്ന കാണ്ടാമൃഗം!

ചതുരാകൃതിയിലുള്ള മുഖം!

തൂങ്ങിക്കൂടിയ കട്ടിയുള്ള തൊലി!

നീണ്ടതും ചെറുതുമായ രണ്ടു കൊമ്പുകൾ!

വൃത്തികെട്ടരൂപം..

അത് കേശവനാണ് . കേശവൻ എന്ന കാണ്ടാമൃഗം!

കണ്ണാടിക്കുപിന്നിൽ ആരോ ഒളിഞ്ഞുനിൽക്കുന്നുണ്ടോ?

ജോൺ സാമുവൽ. അയാളും പുലമ്പുന്നുണ്ട്

'താനൊരു കാണ്ടാമൃഗമാണ്'.

പെട്രോൾപമ്പിൻറെ പെർമിഷനു വേണ്ടി അപേക്ഷ തന്ന പ്രവാസി ജോൺ സാമുവൽ. അനാവശ്യ കാര്യം പറഞ്ഞ് അനുമതി തടസ്സപ്പെടുത്തി.

പുതിയതായി പണിത വീട്ടിലേയ്ക്കുള്ള ഫർണ്ണിച്ചറിൻറെ നീണ്ട ലിസ്റ്റ് മടികൂടാതെ ഏൽപ്പിച്ചു.

ചിത്രപ്പണികളുള്ള കണ്ണാടി അലമാര..

രണ്ട് കൗച്ച്..

ഷോക്കേസ്..

ഇരുപത് വർഷം കുടുംബത്തെവിട്ട് മണലാരണ്യത്തിൽ കഷ്ടപ്പെട്ട കഥ. ഇനിയെങ്കിലും കുടുംബത്തോടൊപ്പം ജീവിക്കണമെന്നാശ. അയാൾ കിടപ്പാടം വെച്ച് എടുക്കാനുദ്ദേശിക്കുന്ന വലിയ ലോൺ. മനസ്സാക്ഷിയുമായി ബന്ധിപ്പിക്കുന്ന രക്തധമനികളോ വികാരങ്ങൾക്ക് വേലിയേറ്റവും വേലിയിറക്കവുമുണ്ടാക്കുന്ന ഹോർമോണുകളോ ഉൽപാദിപ്പിക്കാത്ത ഉദ്യോഗസ്ഥ മേധാവിയായ കേശവൻ എന്ന കാണ്ടാമൃഗത്തെ സ്പർശിച്ചു മയപ്പെടുത്തുന്ന വിഷയങ്ങളായിരുന്നില്ല ഇതൊന്നും.

കേശവ് നായർ ഏ ഡി എം എന്ന ബോർഡിൽ അധികാരത്തിൻറെ, ആർത്തിയുടെ ധാർഷ്ട്യം തൂങ്ങിക്കിടന്നു.

ജനലിലൂടെ പുറത്തേയ്ക്ക് നോക്കി.

ചാക്കോച്ചൻ റബ്ബർചിരട്ടയിൽ നിന്ന് കറപിടിച്ച അലുമിനിയം ബക്കറ്റിലേക്ക് വെളുത്തപ്പാൽ വടിച്ചൊഴിക്കുന്നു. കാർഷെഡ്ഡിലെ മേശയിലെ നീല പുറംചട്ടയിൽ നിന്ന് ഒരു കാണ്ടാമൃഗം ചങ്കിനുനേരെ വിരൽ ചൂണ്ടുന്നു

'കേശവാ, നീ ഒരു കാണ്ടാമൃഗമാണ്'

ഫ്രിഡ്ജ് തുറന്ന് ഒരു കുപ്പി തണുത്തവെള്ളമെടുത്തു. പല തട്ടുകളിൽ തണുത്തു മരവിച്ചിരിക്കുന്ന പാതിതീർന്ന വിസ്കികുപ്പികളും മിണ്ടിത്തുടങ്ങുന്നു.

'കേശവാ നീ ഒരു കാണ്ടാമൃഗമാ'

കുപ്പിയിൽനിന്നും കേട്ട ശബ്ദം സദാശിവന്റെതല്ലേ?

വല്ലാത്ത അസ്വസ്ഥത. ചെവി അമർത്തി പൊത്തി. വീണ്ടും അതേ ശബ്ദം

'എടാ കേശവാ, നീ ഒരു കാണ്ടാമൃഗമാടാ..'

മുറിയാകെ തീയുടെ വെളിച്ചം.

ഷോക്കേസിലെ കോണിൽ പൊടിപിടിച്ച ഫോട്ടോ ഫ്രെയ്മുകൾക്ക് ജീവൻ വെച്ചിരിക്കുന്നു. പന്ത്രണ്ടുവർഷംമുമ്പ് ഉപേക്ഷിച്ചുപ്പോയ ഭാര്യയും മകളും തുറിച്ചു നോക്കുന്നു. ഭാര്യ രേവതിയുടെ ആക്രോശം

നിങ്ങൾ ഒരു മനുഷ്യനല്ല. കെട്ട കാണ്ടാമൃഗം'

ഒന്നുകൂടി കണ്ണാടിയിൽ നോക്കി.

ചതുരാകൃതിയിലുള്ള മുഖം..

തൂങ്ങിക്കൂടിയ കട്ടിയുള്ള തൊലി..

നീണ്ടതും ചെറുതുമായ രണ്ടു കൊമ്പുകൾ!

വൃത്തികെട്ടരൂപം..

ആസിഫിനെക്കുറിച്ച് ചാക്കോച്ചൻ തൊട്ടുമുമ്പ് പറഞ്ഞവാചകത്തിനും കഠാരയുടെ മൂർച്ചയുണ്ടായിരുന്നു.

'കാണ്ടാമൃഗത്തിൽനിന്ന് മനുഷ്യനിലേയ്ക്ക് ഒരു പാട് ദൂരമുണ്ട്. മനുഷ്യനാവുക എന്നാൽ മുള്ളുള്ള വഴികളിലൂടെ നന്മയിലേയ്ക്ക് നടന്നുകയറുക എന്നാണ്. ആ പദവി നേടാൻ കണ്ണിനു മാത്രം കാഴ്ച്ച പോരാ, ഹൃദയംകൊണ്ടുകൂടി കാണാൻ പഠിക്കണം. സ്വയം അറിയുന്നതുപ്പോലെ മറ്റുള്ളവരെ അറിയണം. മറ്റുള്ളവരുടെ വേദനയ്ക്ക് ചെവികൊടുക്കണം. '

ആസിഫ് ആ ദൂരംതാണ്ടി മനുഷ്യൻ എന്ന പദവിക്ക് അർഹനായിരിക്കുന്നു! ആരെയും മനസ്സിലാക്കിയിട്ടില്ലാത്ത കേശവൻ, ഇരുകാലിൽ നിവർന്നു നിൽക്കാൻ കഴിവുള്ള വെറുമൊരു ജീവിയാണ്. വിശപ്പ്, ദാഹം, ഉറക്കം, ഭോഗം, പ്രത്യത്പാദനം തുടങ്ങി മൃഗങ്ങളുടെ ജീവിതചക്രത്തിലെ മാറ്റമില്ലാത്ത അവസ്ഥകളെമാത്രം പിന്തുടരുന്നവൻ. വനാന്തരങ്ങളിൽനിന്ന് ബൗദ്ധികവികാസപരിണാമങ്ങളിലൂടെ, വൈകാരികഭേദങ്ങളിലൂടെ നടന്നുകയറിയ ഇരുകാലി ജീവി, മനുഷ്യൻ എന്ന പദവി നേടി കാലചക്രത്തെ തിരിക്കുമ്പോഴും ഏ ഡി എം കേശവ് നായർ കറങ്ങുന്ന കസേരയിലിരിക്കുന്ന ഒരു കാണ്ടാമൃഗം തന്നെ !



ഷോക്കേസിലെ ഭാര്യയുടെയും മകളുടെയും ചിത്രം അടുപ്പിച്ചു നോക്കി.

രേവതിയും മകളും മനുഷ്യരാണ്!

ഇന്നലെ ഈ നേരത്ത് അമ്പതിനായിരംരൂപ സഹായം ചോദിച്ചുവന്ന സദാശിവനും കുറ്റക്കാരനായി വിധി പറയാതെപ്പോയ സൂസന്നയും എട്ടുവർഷം പതിവായി വരുന്ന ചാക്കോച്ചനും മനുഷ്യരാണ്!

സ്വന്തം ഇഷ്ടങ്ങൾക്കു വേണ്ടിമാത്രം ജീവിക്കുന്ന കേശവൻ ഇന്നും ഇരുകാലിൽ നിവർന്നു നിൽക്കുന്ന ഒരു ജന്തുമാത്രമാണ്.

കണ്ണാടി അലമാര മലർക്കെ തുറന്നു.

'കേശവാ നീ മനുഷ്യനല്ല കാണ്ടാമൃഗമാണ്.'

സേഫ് ലോക്കറിൽ ശ്വാസംമുട്ടിപ്പിടയുന്ന നോട്ടുകെട്ടുകളുടെ ശബ്ദം.

'കേശവാ, ഒരമ്പതിനായിരം തന്ന് സഹായിക്കണം. അല്ലെങ്കിൽ വീട് നാളെ ജപ്തിയാകും. കുറച്ചുപലിശയെങ്കിലും...'

ഉത്തരത്തിൽ കെട്ടിത്തൂങ്ങിക്കിടന്നു സദാശിവൻ കെഞ്ചുന്നു. അവൻറെ മരവിച്ച കാലിൽ കെട്ടിപ്പിടിച്ചലമുറയിടുന്ന പെൺമക്കൾ!

ഒന്നുരണ്ടു തവണ കണ്ണടച്ചുതുറന്നു.

ചുറ്റും കുറെ സദാശിവന്മാർ കൈ ചൂണ്ടിനിൽക്കുന്നു.

'കേശവാ നീ...' ഒരലർച്ചയോടെ അയാൾ ലോക്കർ വലിച്ചടച്ചു.

'കേശവാ ,എന്തുപ്പറ്റി?' വായിച്ചു കൊണ്ടിരുന്ന പുസ്തകം നെഞ്ചത്തുചേർത്തുവെച്ചു ചാക്കോച്ചൻ അകത്തേയ്ക്കുവന്നു.

കട്ടിയുള്ള നീല പുറംചട്ടയിൽ മനുഷ്യരൂപമുള്ള കാണ്ടാമൃഗം. വലിപ്പമുള്ള വെളുത്ത അക്ഷരത്തിൽ നിറഞ്ഞുനിൽക്കുന്ന തലക്കെട്ട്. 'മനുഷ്യൻ വെറുമൊരു ജീവിയാണ്'

'ചാക്കോച്ചാ , എനിക്ക് മനുഷ്യനാവണം. '

' താൻ പിന്നാരാ കാണ്ടാമൃഗമോ. ഇയാള് നല്ല മാനസീക സമ്മർദ്ദത്തിലാണെന്നു രാവിലെ തന്നെ എനിക്കു തോന്നി. ഇത്രയും കാലം അധികാരവും കസേരയും പോകാനിടവും ഉണ്ടായിരുന്നു. റിട്ടയർമെന്റിന്റെ ആദ്യ മാസങ്ങളിൽ എല്ലാവരും ഇങ്ങനെയൊക്കെതന്നാ. താൻ കുറച്ച വി ശ്രമിക്ക്'

വലിഞ്ഞു മുറുകി പൊട്ടാറായ ഒരു കമ്പിപ്പോലെയാണ് കേശവന്റ നിൽപ്പ്.

**സ്വന്തം ഇഷ്ടങ്ങൾക്കു വേണ്ടിമാത്രം ജീവിക്കുന്ന കേശവൻ ഇന്നും ഇരുകാലിൽ നിവർന്നുനിൽക്കുന്ന ഒരു ജന്തു മാത്രമാണ്. കണ്ണാടി അലമാര മലർക്കെ തുറന്നു. 'കേശവാ നീ മനുഷ്യനല്ല കാണ്ടാമൃഗമാണ്.' സേഫ് ലോക്കറിൽ ശ്വാസംമുട്ടിപ്പിടയുന്ന നോട്ടുകെട്ടുകളുടെ ശബ്ദം.**

' നമ്മുടെ സദാശിവൻ തൂങ്ങി. ഇന്നലെ അവൻ ഇവിടെവന്നിരുന്നു. കേശവനെന്ന കാണ്ടാമൃഗത്തെ കാണാൻ'

'അയ്യോ!..'

ചാക്കോച്ചൻ എന്ന മനുഷ്യന്റെ ഉള്ളിൽ നിന്നുള്ള നിലവിളി.

സരസ്വതീവിലാസം സ്കൂളിലെ ഏഴുവർഷത്തെ സഹബഞ്ചുകാർ. കേശവ്, ജേക്കബ്, സദാശിവൻ. കുന്നുപുറത്തെ ആഞ്ഞിലിയിൽ കയറി കുരുവിക്കൂട് പൊക്കിയെടുത്തവർ, കൃഷ്ണക്കുറിപ്പു സാറിനെ പറ്റിച്ച് കോപ്പിയടിച്ചവർ, വഴിയരികിൽ കരഞ്ഞു നടന്ന പൂച്ചക്കുഞ്ഞിനെ കല്ലെറിഞ്ഞതിന് കേശവനെ കുനിച്ചു നിറുത്തിയിടിച്ച മൃഗസ്നേഹി! പാവം സദാശിവൻ! ഭാര്യയുടെ ക്യാൻസറും മക്കളുടെ പഠിത്തവും കല്യാണവുമൊക്കെയായി ജീവിതതതിൻറെ ഭാരം ചുമന്നു തളർന്നുപ്പോയവൻ!

'കേശവാ, നീ റെസ്റ്റ് എടുക്ക്. ഞാൻ അവിടെ വരെ ഒന്നു ചെല്ലട്ടെ'

മറ്റുള്ളവരുടെ വേദനയിൽ ഉള്ളുലയുന്ന ചാക്കോച്ചൻ മനുഷ്യനാണ്. കേശവനും മനുഷ്യനാവണം. ഒരിക്കലെ ങ്കിലും മനുഷ്യൻ എന്ന പദവിയിലെത്തണം. കേശവനിലെ മൃഗത്തെ വളർത്തുന്നത് പണം എന്ന വിഷവളമാണ്. കേശവന് എന്തിനാണ് ഇത്രയും പണം. ഒരു മനുഷ്യ ശരീരത്തിന് വേണ്ടത് ആഹാരപാനീയങ്ങൾ , ഭോഗസംതൃപ്തി , വേണമെങ്കിൽ അവനെ അലങ്കരിക്കാൻ കുറച്ച് ആഭരണം, കുറച്ച് ആഢംബര സൗകര്യങ്ങൾ, സുരക്ഷിതത്വത്തിനായി കുറച്ച് നിക്ഷേപം . അതു കഴിഞ്ഞുള്ളതൊന്നും സ്വന്തമായ് സൂക്ഷിച്ചുകൂടാ. കേശവനെന്തിനാണു പതിനഞ്ചു കോടിയുടെ ആസ്തി! തലയ്ക്കുമുകളിൽ എപ്പോൾ വേണമെങ്കിലും ഊർന്നു വീഴാവുന്ന മരണം എന്ന മൂർച്ചയുള്ള വാൾ ഉള്ളിടത്തോളം മനുഷ്യൻ നിസ്സാരനായ ഒരു ജീവി മാത്രമാണ്.

മുറിയിൽ ഒറ്റയ്ക്കിരിക്കാൻ വല്ലാത്ത ഭയം തോന്നി. മുറിക്കുള്ളിൽ ആരൊക്കെയൊ പതുങ്ങിയിരിക്കുന്നു.

ഓഫീസിൽ ഓരോ ആവശ്യങ്ങൾക്കായി സമീപിച്ചവർ.. മനുഷ്യനല്ല എന്ന കാരണത്താൽ കേശവനെ ഉപേക്ഷിച്ചുപ്പോയ കൂട്ടുകാർ,ബന്ധുക്കൾ..

സദാശിവൻ..

ജോൺ സാമുവൽ..

ശരീരമാകെ ഒരുഷ്ണക്കാറ്റ്.

**മുറിയിൽ ഒറ്റയ്ക്കിരിക്കാൻ വല്ലാത്ത ഭയം തോന്നി. മുറിക്കുള്ളിൽ ആരൊക്കെയൊ പതുങ്ങിയിരിക്കുന്നു. ഓഫീസിൽ ഓരോ ആവശ്യങ്ങൾക്കായി സമീപിച്ചവർ.. മനുഷ്യനല്ല എന്ന കാരണത്താൽ കേശവനെ ഉപേക്ഷിച്ചുപ്പോയ കൂട്ടുകാർ,ബന്ധുക്കൾ.. അക്കൂട്ടത്തിൽ കേശവനെ കുറ്റംവിധിക്കാതെ,ഉന്തിയ വയർ അമർത്തിക്കെട്ടി ,കരഞ്ഞുകലങ്ങിയ കണ്ണുകളോടെ ചെമ്പരത്തിത്താളിയുടെ മണമുള്ള സൂസന്നയുമുണ്ട്!**

അക്കൂട്ടത്തിൽ കേശവനെ കുറ്റംവിധിക്കാതെ,ഉന്തിയവയർ അമർത്തിക്കെട്ടി ,കരഞ്ഞുകലങ്ങിയ കണ്ണുകളോടെ ചെമ്പരത്തിത്താളിയുടെ മണമുള്ള സൂസന്നയുമുണ്ട്!

ആദ്യമായി അയാളുടെ കണ്ണുകൾ വിയർത്തു. രക്തധമനികൾക്ക് കടുത്ത സമ്മർദ്ദം. കണ്ണടച്ചിട്ടും അവ്യക്തതയോടെ കാണുന്ന ചിത്രങ്ങൾ.

നിറവയറുമായി കുരിശു ചുമക്കുന്ന സൂസന്ന! തലയിൽ മുള്ളാണികളുടെ കിരീടം!

ചുറ്റും കൂടുന്നവർ ചാട്ടവാറുകൊണ്ട് സൂസന്നയെ വീശിയടിക്കുന്നു..

സൂസന്ന പലവട്ടം നിലത്തു വീഴുന്നു..

വീഴുമ്പോഴൊക്കെ സൂസന്നയുടെ കണ്ണുകൾ ആരെയോ തിരയുന്നു..

സൂസന്നാ....!

ചങ്കുപ്പൊട്ടി അയാൾ ഭ്രാന്തനെപ്പോലെ അലറിക്കരഞ്ഞു. ഉറക്കെയുറക്കെ കരഞ്ഞു. ചിത്രപ്പണിയുള്ള കണ്ണാടിയലമാരയും കൗച്ചുകളും ഷോക്കേസും പൊട്ടിച്ചിരിക്കുന്നപ്പോലെ അയാൾക്കുതോന്നി.

അച്ഛൻറെ പഴയകട്ടിലിൽ മുഖമമർത്തി കുറെ കരഞ്ഞു. തളർന്നു ശാന്തമായി എപ്പോഴൊ ഉറങ്ങി.

പുതിയ തീരുമാനങ്ങളോടെയായിരുന്നു അടുത്തദിവസം പുലർന്നത്. കേശവൻ എന്ന കാണ്ടാമൃഗത്തിന് മനുഷ്യനാവണം! സൂസന്നയെ കണ്ടെത്തണം!

പിറ്റേന്ന് ചാക്കോച്ചൻ റബ്ബറുവെട്ടാനെത്തുമ്പോൾ കേശവൻ ഒരു ദീർഘയാത്രയ്ക്ക് തയ്യാറെടുത്തു കാത്തിരിക്കുകയായിരുന്നു. പേരെഴുതാത്ത ഒപ്പിട്ടചെക്കുകൾ ചാക്കോച്ചനെ ഏൽപ്പിക്കുമ്പോൾ അയാൾക്ക് ഒരു യോഗിയുടെ ഭാവമായിരുന്നു..

''സദാശിവൻറെ മക്കൾടെ കാര്യങ്ങൾ നോക്കണം. അഞ്ചു ലക്ഷം രൂപ ചാക്കോച്ചനുള്ള എൻറെ സമ്മാനമാണ്. ആസിഫിൻറെ നല്ല പ്രവർത്തനങ്ങൾക്ക് സംഭാവന കൊടുക്കണം. മുപ്പത് ലക്ഷത്തോളം അക്കൗണ്ടിൽ ട്രാൻസ്ഫർ ചെയ്തിട്ടുണ്ട്. ഞാൻ ഒരു യാത്രപ്പോകുന്നു. മനുഷ്യനാകാനുള്ള ഒരു യാത്ര.'

മുപ്പത്തിനാലുവർഷം മുമ്പ് പൊള്ളാച്ചിയിലെ ശരണാലയത്തിൽ , മഴയുള്ള ഒരു രാത്രിയിൽ , ആശുപത്രിയിലെത്താൻ വണ്ടി കിട്ടാതെ , പ്രസവത്തെ തുടർന്ന് രക്തം വാർന്നു മരിച്ച ഒരു ഭ്രാന്തി പതിനെട്ടുകാരിയുടെ കഥയറിയാതെ കേശവ് നായർ സൂസന്നയെ തേടി യാത്രയായി.



**മലയാളത്തിലെ പിന്നണി സംഗീതത്തിലെ മാറ്റങ്ങൾ കാണുകയും താരങ്ങളുമായി പ്രവർത്തിക്കുകയും വീഴ്ചകളും ഉയർച്ചകളും കാണുകയും ചെയ്ത സംഗീതകാരൻ എസ് രാജേന്ദ്ര ബാബു പാട്ടിൻറെ കാലം ഓർക്കുന്നു**

എന്റെ സംഗീത വഴികൾ – 2

# സംഗീതത്തിന്റെ സൂര്യശോഭ

◉ എസ്. രാജേന്ദ്ര ബാബു

അച്ഛൻ സദാശിവൻ ഭാഗവതരും അമ്മ നളിനിയും സംഗീതജ്ഞരായിരുന്നതിനാൽ സമീപ പ്രദേശത്തുള്ള മാതാപിതാക്കൾ കുട്ടികളെ സംഗീതം അഭ്യസിപ്പിക്കുന്നതിനായി വൈകുന്നേരങ്ങളിൽ ഞങ്ങളുടെ വീട്ടിലേക്ക് അയക്കുക പതിവായിരുന്നു. എൻറെ സഹോദരിമാരായ അംബികയും ലതികയും പൊതുവേദികളിൽ പാടാൻ തുടങ്ങിയതോടെ തങ്ങളുടെ കുട്ടികളും അതുപോലെ ഗായകരാകണമെന്ന ആഗ്രഹം മിക്ക മാതാപിതാക്കളും മനസ്സിൽ സൂക്ഷിച്ചിരുന്നു. സംഗീതത്തിൽ തീരെ അഭിരുചിയില്ലാത്ത കുട്ടികളായിരുന്നു ഇവരിൽ ചിലരെങ്കിലും. മാതാപിതാക്കളുടെ നിർബന്ധത്തിനു കുട്ടികൾ വഴങ്ങിയെന്നു മാത്രം. അച്ഛനും അമ്മയും നടത്തിയ ക്ലാസുകൾ കേട്ടാണ് സംഗീതത്തിൻറെ ആദ്യപാഠങ്ങൾ ഞാനും സഹോദരങ്ങളും ഹൃദിസ്ഥമാക്കിയത്. അംബികയും ലതികയും ഞാനും പ്രാദേശികമായി സംഗീത രംഗത്ത് തിരക്കിലായപ്പോൾ വീട്ടിലെ സാമ്പത്തിക ഞെരുക്കത്തിന് തെല്ല് ആശ്വാസമായി. അക്കാലത്താണ് നർത്തകനും സംഗീതജ്ഞനുമായ ആൽബർട്ട് ആശാൻ ഞങ്ങളുടെ അയൽക്കാരനായി കുടുംബസമേതം താമസത്തിനെത്തിയത്. സ്കൂളുകളിൽ നൃത്ത സംഗീത പരിപാടികൾക്ക് കുട്ടികളെ പരിശീലിപ്പിക്കുകയായിരുന്നു ആൽബർട്ട് ആശാൻറെ ഉപജീവനമാർഗം. മൂത്ത മകൻ വിജയൻ കൊല്ലം ക്രിസ്തുരാജ് ഹൈസ്കൂളിലെ എട്ടാം ക്ലാസ് വിദ്യാർത്ഥി. എല്ലാ പകലുകളും എൻറെ വീട് സംഗീത മുഖരിതമായിരിക്കും. ഞാൻ ഹാർമോണിയം വായിച്ചിരി



***ജോൺസണും ആൽബർട്ട് വിജയനും***

ക്കുമ്പോൾ വിജയൻ വാതിൽക്കൽ നോക്കിനിൽക്കുക പതിവാണ്. ഞാനത് ശ്രദ്ധിച്ചിരുന്നില്ല. ഒരിക്കൽ പുറത്തു നിന്ന് വീട്ടിലേക്കു വരുമ്പോൾ എൻറെ ഹാർമോണിയം വിജയൻ വായിച്ചുകൊണ്ടിരിക്കുന്നതാണ് കണ്ടത്. എന്നെ കണ്ടയുടൻ അവൻ ഞെട്ടിപ്പിടഞ്ഞെഴുന്നേറ്റു. എൻറെ രൂക്ഷമായ നോട്ടം അവനു താങ്ങാനായില്ല. എന്നാൽ തുടർന്നു വായിക്കാൻ ഞാൻ അനുവദിച്ചതോടെ വിജയനു സന്തോഷമായി. വേണ്ടത്ര പരിശീലനമൊന്നുമില്ലാഞ്ഞിട്ടും അത്ഭുതാവഹമായിരുന്നു അവൻറെ ഹാർമോണിയം വായന! എന്നെക്കാൾ മികച്ച നിലയിൽ വിജയൻ വായിക്കുന്നതു കണ്ട് തെല്ല് അസൂയ തോന്നിയെങ്കിലും ഞാൻ അവനെ പ്രോത്സാഹിപ്പിച്ചു. പിന്നീട് വിജയൻ എപ്പോഴും എൻറെ ഹാർമോണിയത്തിനു മുന്നിൽ തന്നെ.

സ്വന്തമായി ഒരു സംഗീത ട്രൂപ് എന്ന ആശയം എൻറെ മനസ്സിൽ തളിർത്തത് ആ സാഹചര്യത്തിലാണ്. വിജയൻ ഹാർമോണിസ്റ്റും ഞാൻ ഗായകനും സഹോദരിമാർ ഗായികമാരുമായി. തബല, ഗിറ്റാർ, വയലിൻ ഫ്ളൂട്ട് തുടങ്ങിയ വാദ്യങ്ങൾക്ക് പുറത്തു നിന്ന് കലാകാരന്മാരെ ക്ഷണിച്ചു. അങ്ങനെ കൊല്ലത്ത് പ്രവീണ മ്യൂസിക് ക്ലബ് സ്ഥാപിതമായി. പ്രവീണയുടെ വളർച്ച പെട്ടെന്നായിരുന്നു. വിജയൻറെ മികച്ച പ്രകടനത്തിൻറെ പശ്ചാത്തലത്തിൽ രണ്ട് ഗായികമാർ ചേർന്നു പാടുന്ന മലയാളം, തമിഴ്, ഹിന്ദി ഗാനങ്ങൾ പ്രവീണയുടെ പ്രത്യേകതയായി. വീട്ടിലെ ഒരംഗത്തെപ്പോലെ വിജയനെ ഞങ്ങളെല്ലാവരും സ്നേഹിച്ചു. കുറച്ചു നാളുകൾക്കു ശേഷം ആൽബർട്ട് ആശാൻ വീട് മാറിയെങ്കിലും വിജയൻ ഞങ്ങളോടൊപ്പം തന്നെ തുടർന്നു. ഹാർമോണിയം കൂടാതെ അക്കോഡിയൻ വായനയിലും അസാമാന്യ പാടവം കാട്ടിയതോടെ കേരളത്തിലങ്ങോളമിങ്ങോളമുള്ള സംഗീത ഗ്രൂപ്പുകൾക്കെല്ലാം വിജയൻറെ അക്കോഡിയൻ വായന അവിഭാജ്യ ഘടകമായി. പ്രശസ്ത ഗായകൻ ഇടവ ബഷീറിൻറെ 'സംഗീതാലയ'യിൽ സഹകരിച്ചു തുടങ്ങിയതോടെ ഇലക്ട്രോണിക് കീ ബോഡ്, ഗിറ്റാർ തുടങ്ങിയ വാദ്യങ്ങൾ കൈകാര്യം ചെയ്യുന്നതിലും വിജയൻ വിദഗ്ധനായി. കേരളത്തിൽ ഗാനമേള രംഗത്ത് ആദ്യമായി ഇലക്ട്രോണിക് കീ ബോഡ് അവതരിപ്പിച്ചത് ഇടവ ബഷീർ ആണ്. പിയാനോയിൽ വിദഗ്ധയായിരുന്ന ഒരു ആംഗ്ലോ ഇന്ത്യൻ വനിത പാശ്ചാത്യ സംഗീതത്തിൽ വിലപ്പെട്ട അടിസ്ഥാന പാഠങ്ങൾ നൽകിയതോടെ വിജയൻ കമ്പോസിംഗിലും ഓർക്കസ്ട്രേഷനിലും മികച്ച പാടവം നേടി. ആകാശവാണിയിലും ദൂരദർശനിലും നിരവധി ഗാനങ്ങൾക്ക് സംഗീതം പകരുകയും ഓർക്കസ്ട്രേഷൻ നിർവഹിക്കുകയും ചെയ്ത വിജയന് തരംഗിണി കാസറ്റിനു വേണ്ടിയും ഗാനങ്ങളൊരുക്കാൻ അവസരം കൈവന്നു. തുടർന്ന് സംഗീത സംവിധായകരായ കണ്ണൂർ രാജൻ, എംജി രാധാകൃഷ്ണൻ, ജെറി അമൽദേവ്, ജോൺസൺ തുടങ്ങിയവരുടെ അസിസ്റ്റൻറ് ആയി പ്രവർത്തിക്കാൻ അവസരമൊരുങ്ങി. നൂറുകണക്കിന് ഭക്തിഗാനങ്ങൾക്കും മാപ്പിളപ്പാട്ടുകൾക്കും സംഗീതം പകർന്നതിനൊപ്പം ചില സിനിമകളുടെ സംഗീത സംവിധാനച്ചുമതലയും വിജയനെ തേടിയെത്തി. ജോൺസനാണ് ചില ചിത്രങ്ങളിൽ വിജയനെ

> **ഹാർമോണിയം കൂടാതെ അക്കോഡിയൻ വായനയിലും അസാമാന്യ പാടവം കാട്ടിയതോടെ കേരളത്തിലങ്ങോളമിങ്ങോളമുള്ള സംഗീത ഗ്രൂപ്പുകൾക്കെല്ലാം വിജയൻറെ അക്കോഡിയൻ വായന അവിഭാജ്യ ഘടകമായി. ജോൺസനാണ് ചില ചിത്രങ്ങളിൽ വിജയനെ അസിസ്റ്റ് ചെയ്തത്. അതുപോലെ 'കേൾക്കാത്ത ശബ്ദം' എന്ന ചിത്രത്തിൽ വിജയൻ ജോൺസനെയും അസിസ്റ്റ് ചെയ്തു. അങ്ങനെ സംഗീത രംഗത്ത് ആൽബർട്ട് വിജയൻ എന്ന പേര് നാൾക്കുനാൾ പ്രശസ്തിയിലേക്ക് ഉയർന്നു.**



***രാജൻ ലാലും ഹരിഹരനും***



*ലതികയും സുജാതയും ശരത്തിന്റെ കുടുംബവും*

അസിസ്റ്റ് ചെയ്തത്. അതുപോലെ 'കേൾക്കാത്ത ശബ്ദം' എന്ന ചിത്രത്തിൽ വിജയൻ ജോൺസനെയും അസിസ്റ്റ് ചെയ്തു. അങ്ങനെ സംഗീത രംഗത്ത് ആൽബർട്ട് വിജയൻ എന്ന പേര് നാൾക്കുനാൾ പ്രശസ്തിയിലേക്ക് ഉയർന്നു.

കേരളത്തിലാകെ പടർന്നു കയറുമ്പോഴാണ് ആൽബർട്ട് വിജയൻ ഇംഗ്ലണ്ടിലേക്ക് കുടുംബ സമേതം കുടിയേറിയത്. അവിടെ വർഷങ്ങളോളം കുട്ടികൾക്ക് സംഗീത ക്ലാസ് എടുത്തും പ്രശസ്തമായ ലണ്ടൻ ട്രിനിറ്റി കോളെജിലെ സംഗീത വിദ്യാർത്ഥികളെ പരിശീലിപ്പിച്ചും തൻറെ സംഗീത സപര്യ ആൽബർട്ട് വിജയൻ തുടർന്നു കൊണ്ടേയിരുന്നു. തൻറെ രണ്ടു മക്കളെയും സംഗീതത്തിൽ വഴി തെളിച്ചെടുക്കാൻ അദ്ദേഹം പ്രത്യേകം ശ്രദ്ധിച്ചിരുന്നു.

**മ്യൂസിക് ബാൻഡുകൾക്ക് നേതൃത്വം നൽകിയും ചലച്ചിത്രങ്ങൾക്ക് സംഗീതം പകർന്നും റക്സ് വിജയൻ, ജാക്സൺ വിജയൻ എന്നീ രണ്ടു മക്കളും ഇന്ന് യുവാക്കൾക്കിടയിൽ ഏറ്റവും പ്രിയപ്പെട്ട സംഗീത കലാകാരന്മാരാണ്.**




*ഇടവ ബഷീറും ലതികയും ആൽബർട്ട് വിജയനും*

മ്യൂസിക് ബാൻഡുകൾക്ക് നേതൃത്വം നൽകിയും ചലച്ചിത്രങ്ങൾക്ക് സംഗീതം പകർന്നും റക്സ് വിജയൻ, ജാക്സൺ വിജയൻ എന്നീ രണ്ടു മക്കളും ഇന്ന് യുവാക്കൾക്കിടയിൽ ഏറ്റവും പ്രിയപ്പെട്ട സംഗീത കലാകാരന്മാരാണ്. മക്കളോടൊപ്പം തിരുവനന്തപുരത്തേക്ക് താമസം മാറ്റിയ ആൽബർട്ട് വിജയൻ അടുത്തകാലത്ത് തിരുവല്ലയിൽ ലോകമെമ്പാടുമുള്ള രണ്ടായിരം ഗായകരും നൂറ് പീസ് ഓർക്കസ്ട്രയും പങ്കെടുത്ത കൊയർ പരിപാടിയിൽ തൻറെ ഗാനങ്ങൾ കണ്ടക്റ്റ് ചെയ്ത് സജീവമായി രംഗത്ത് വന്നു. ഉടൻ പുറത്തിറങ്ങുന്ന 'ആനന്ദപുരം ഡയറീസ്' എന്ന ചിത്രത്തിൽ റഫീക്ക് അഹമ്മദിൻറെ വരികൾക്ക് സംഗീതം നൽകിക്കൊണ്ട് ആൽബർട്ട് വിജയൻ തുടർന്നും ഉയരങ്ങൾ താണ്ടുകയാണ്.

കേരളത്തിലെ സംഗീത വേദികളിൽ ഇടവ ബഷീറിനെപ്പോലെ നിറഞ്ഞുനിന്ന മറ്റൊരു ഗായകനെ കണ്ടെത്താനാവില്ല. ഭാവസാന്ദ്രമായ ആലാപന മികവായിരുന്നു ബഷീറിൻറെ കരുത്ത്. അറുപതുകളുടെ ഒടുവിൽ അദ്ദേഹം കൊല്ലം ആസ്ഥാനമാക്കി 'സംഗീതാലയ' എന്ന സംഘടന രൂപീകരിച്ചു. ഇലക്ട്രോണിക് വാദ്യോപകരണങ്ങൾ വേദികളിൽ ആദ്യമായി അവതരിപ്പിച്ചതോടെ ഇടവ ബഷീർ കേരളത്തിലെ ഉത്സവവേദികളിലെ അനിവാര്യ ഘടകമായി. വർഷങ്ങളോളം ലതിക ബഷീറിൻറെ ഗായികയായിരുന്നു. മദിരാശിയിൽ ആർകെ ശേഖർ, എടി ഉമ്മർ, കെജെ ജോയി തുടങ്ങിയവർക്കൊക്കെ സിങ്കപ്പൂരിൽ നിന്ന് ഇലക്ട്രോണിക് വാദ്യോപകരണങ്ങൾ ആദ്യകാലങ്ങളിൽ എത്തിച്ചു കൊടുത്തിരുന്നത്

ബഷീർ ആണ്. തൊഴിൽ സംബന്ധമായി സിങ്കപ്പൂരി ലായിരുന്ന പിതാവിനെ സന്ദർശിക്കുക ബഷീറിൻറെ പതിവായിരുന്നു. എടി ഉമ്മറിൻറെയും കെജെ ജോയി യുടെയും ചിത്രങ്ങളിൽ ചില ഗാനങ്ങൾ പാടിയെങ്കിലും ഉത്സവവേദികൾ തന്നെയായിരുന്നു ബഷീറിനു പ്രിയം. 'മുക്കുവനെ സ്നേഹിച്ച ഭൂതം' എന്ന ചിത്രത്തിൽ ജോ യിയുടെ സംഗീതത്തിൽ വാണി

ജയറാമിനൊപ്പം ബഷീർ പാടിയ 'ആഴിത്തിരമാ ലകൾ' ഏറെ ശ്രദ്ധിക്കപ്പെട്ട ഗാനമാണ്. ദശാബ്ദങ്ങൾ നീണ്ട സൗഹൃദമാണ് ഞങ്ങൾ തമ്മിൽ ഉണ്ടായിരുന്നത്. സംശുദ്ധ ഹൃദയത്തിനുടമയായ ബഷീർ സ്നേഹസമ്പ ന്നനായിരുന്നു. ആലപ്പുഴ ബ്ലൂ ഡയമണ്ട്സിൻറെ അമ്പ താം വാർഷിക ദിനത്തിൽ ഒരു ഹിന്ദി ഗാനം ആലപി ച്ചുകൊണ്ടിരിക്കുമ്പോൾ സംഭവിച്ച ദാരുണാന്ത്യം മല യാളികളെയാകെ വേദനിപ്പിച്ച വേർപാടായി.

ലതികയുടെ ആദ്യ സംഗീത ഗുരുനാഥൻ വിഎസ് രാജൻലാലാണ്. സ്വാതിതിരുനാൾ സംഗീത കോളെജ് വിദ്യാർത്ഥിയായിരുന്ന അദ്ദേഹം ഞങ്ങളുടെ പ്രവീണ യിലെ ഗായകൻ കൂടിയായിരു ന്നു. മികച്ച ഗായകനും സംഗീത സംവിധായകനുമായ രാജൻലാൽ കൊല്ലത്തും പരി സരങ്ങളിലുമുള്ള നിരവധി നാടക സമിതികൾക്ക് സം ഗീത സംവിധാനം നി ർവഹിച്ചിട്ടുണ്ട്. ഞാൻ ഹാർ മോണിസ്റ്റായി അദ്ദേഹത്തോ ടൊപ്പമുണ്ടാകും. അതിമ നോഹരങ്ങളായ ഗാനങ്ങൾ മെനഞ്ഞെടുക്കാൻ രാജൻലാ ലിന് അധികം സമയമൊന്നും വേണ്ടിവരില്ല. അദ്ദേഹത്തിൻ റെ സംഗീതസംവിധാന മിക വിനെ ഒരു സുഹൃത്ത് വിശേ ഷിപ്പിച്ചത് ഞാനോർക്കുന്നു - പത്രവാർത്ത കൈയിൽ കിട്ടിയാലും അതു മനോഹരമായ പാട്ടാക്കാൻ രാജൻ ലാലിന് പ്രയാസമില്ല. മലയാളം, തമിഴ്, ഹിന്ദി ഗാനങ്ങൾ അതീവ ശ്രദ്ധയോടെയാകും അദ്ദേഹം ആലപിക്കുക. പാട്ടിലെ ഒരു സ്വരമോ സംഗതിയോ ഒരിക്കലും അദ്ദേഹ ത്തിൽ നിന്ന് വഴുതിപ്പോകാറില്ല. അത്ര സൂക്ഷ്മമായി നിരീക്ഷിച്ചാകും ഓരോ ഗാനവും അദ്ദേഹം വേദിയിൽ അവതരിപ്പിക്കുക. സംഗീത വിദ്യാഭ്യാസം പൂർത്തിയാ ക്കിയ ശേഷം സർക്കാർ സ്കൂളിൽ അധ്യാപകനായി ജോലിയിൽ പ്രവേശിച്ചതിനു ശേഷവും ആലാപനത്തി ലും സംഗീത സംവിധാനത്തിലും അദ്ദേഹം തിരക്കിൽ തന്നെ.

അയൽക്കാരനായ രാജൻലാലിനെ സംഗീത സംബ ന്ധിയായ ചർച്ചകൾക്കായി കൂടെക്കൂടെ സന്ദർശിക്കുക എൻറെ പതിവായിരുന്നു. രാജൻറെ സഹോദരിയുടെ മക്കളായ സുജിത്തും രഞ്ജി ത്തും വാതിൽപ്പടിയിൽ ഇരി പ്പുണ്ടാകും. അഞ്ചും മൂന്നും വയസ്സു പ്രായം. കഴുത്തിൽ ഒരു സ്വർണമാല, അരയിൽ അരഞ്ഞാണം. ഇവയല്ലാതെ രണ്ടുപേർക്കും വസ്ത്രമൊ ന്നും ഉണ്ടാകില്ല. വാതിൽപ്പ ടിയിലിരുന്ന് ഒരിക്കൽ സുജിത്ത് 'നാദബ്രഹ്മത്തിൻ സാഗരം നീന്തിവരും' എന്ന പാട്ട് പാടുന്നതു കേട്ട് ഞാൻ ഞെട്ടി. 'കാട്ടുകു

**കേരളത്തിലെ സംഗീത വേദികളിൽ ഇടവ ബഷീ റിനെപ്പോലെ നിറഞ്ഞുനിന്ന മറ്റൊരു ഗായകനെ കണ്ടെത്താനാവില്ല. ഭാവസാന്ദ്രമായ ആലാപന മി കവായിരുന്നു ബഷീറിൻറെ കരുത്ത്. അറുപതു കളുടെ ഒടുവിൽ അദ്ദേഹം കൊല്ലം ആസ്ഥാനമാ ക്കി 'സംഗീതാലയ' എന്ന സംഘടന രൂപീകരിച്ചു. ഇലക്ട്രോണിക് വാദ്യോപകരണങ്ങൾ വേദികളിൽ ആദ്യമായി അവതരിപ്പിച്ചതോടെ ഇടവ ബഷീർ കേരളത്തിലെ ഉത്സവവേദികളിലെ അനിവാര്യ ഘടകമായി. വർഷങ്ങളോളം ലതിക ബഷീറിൻറെ ഗായികയാ യിരുന്നു.**



*ഇടവ ബഷീറും യേശുദാസും*



*ശരത് ലതികയെ ആദരിക്കുന്നു*

രങ്ങ്' എന്ന ചിത്രത്തിനു വേണ്ടി ദേവരാജൻ മാസ്റ്റർ ചിട്ടപ്പെടുത്തിയ ആ ഗാനം അക്കാലത്ത് യേശുദാസിനല്ലാതെ മറ്റാർക്കും തെറ്റുകൂടാതെ പാടാൻ കഴിയാത്ത പാട്ടാണ്. എന്നാൽ രാജൻലാൽ ആ പാട്ട് സമർത്ഥമായി അവതരിപ്പിച്ചിരുന്നു. ആ പാട്ടാണ് അഞ്ച് വയസ്സുകാരൻ സുജിത്ത് അനായാസമായി പാടുന്നത്. അവൻ പാടാൻ തെരഞ്ഞെടുക്കുന്ന ഏതു പാട്ടും മറ്റാരും തൊടാൻ ധൈര്യം കാണിക്കാത്തവയായിരിക്കും. സുജിത്ത് പാടുമ്പോഴൊക്കെ രഞ്ജിത്ത് വായ കൊണ്ട് തബല വായിക്കുന്ന ശബ്ദം കേൾപ്പിക്കും. കുട്ടിക്കാലത്ത് ചിത്രരചനയിൽ സുജിത് അതീവതാത്പര്യം കാട്ടിയിരുന്നു. മിഠായിക്കു പകരം കളർ ചോക്കുകളാണ് ഞാൻ അവനു വാങ്ങിക്കൊടുത്തിരുന്നത്. ബസ് തട്ടി സൈക്കിൾ യാത്രക്കാരൻ മറിഞ്ഞു വീണ് കിടക്കുന്നത് മരപ്പലക വിരിച്ച തറയിൽ നിമിഷങ്ങൾക്കകം അവൻ വരച്ചു കാണിച്ചത് ഞാനോർക്കുന്നു. കർണാടക സംഗീതത്തിൻറെ ആദ്യപാഠങ്ങൾ മുതൽ സ്വരങ്ങൾ തിരിച്ചും മറിച്ചും കോർത്തിണക്കിയ അതിസങ്കീർണമായ ജണ്ഡവരിശികൾ വരെ മായാമാളവഗൗള രാഗത്തിലാണ് സംഗീത വിദ്യാർത്ഥികൾ പഠിക്കുക. സുജിത്താകട്ടെ ഈ ജണ്ഡവരിശികൾ കല്യാണി, ശങ്കരാഭരണം, ആനന്ദഭൈരവി, തോഡി തുടങ്ങിയ മേളകർത്താ രാഗങ്ങളിൽ മാറിമാറി പാടുന്നതു കേട്ട് ഞാൻ അമ്പരന്നിട്ടുണ്ട്. ഈ ചെറുപ്രായത്തിൽ കർണാടക സംഗീതം ഇത്ര അനായാസമായി കൈകാര്യം ചെയ്യുന്ന ബാലൻ മഹാപ്രതിഭയാണെന്ന് പിൽക്കാലത്ത് കാലം തെളിയിച്ചു. സ്വരങ്ങളും സംഗതികളും കൊണ്ട് അമ്മാനമാടി സങ്കീർണമായ ആലാപനം കൊണ്ട് ശ്രോതാക്കളെ വിസ്മയിപ്പിക്കുന്ന സംഗീത സംവിധായകൻ ശരത്താണ് ആ ബാലൻ. അമ്മാവനായ രാജൻലാലിൻറെ ശിക്ഷണത്തിൽ ആരംഭിച്ച സംഗീത പഠനം ഡോക്ടർ ബാലമുരളീകൃഷ്ണയുടെ അരുമൺശിഷ്യനായി വളർന്നിടത്ത് എത്തിനിൽക്കുന്നു.

സംഗീതത്തിലെ ഉപരി പഠനം ലക്ഷ്യം വച്ചാണ് ശരത്ത് മദിരാശിയിൽ ചേക്കേറിയത്. ശരത്തിൻറെ അമ്മാവൻ ജയചന്ദ്രലാൽ ശരത്തും രഞ്ജിത്തുമായി മദിരാശിയിലെത്തിയ ആദ്യദിനങ്ങളിൽ എന്നെ കാണാനെത്തി. സംഗീത സംവിധായകൻ ശ്യാം സാറിനെയാണ് ആദ്യം ഞാൻ ശരത്തിനു പരിചയപ്പെടുത്തിയത്. ശരത്തിൻറെ പാട്ട് അദ്ദേഹത്തിന് ഇഷ്ടമാവുകയും വൈകാതെ തന്നെ വാണി ജയറാമുമൊത്ത് ഒരു യുഗ്മഗാനം പാടാനുള്ള അവസരം നൽകുകയും ചെയ്തു. സംഗീത സംവിധായകൻ ബിഎ ചിദംബരനാഥുമായുള്ള പരിചയം ശരത്തിന് വഴിത്തിരിവായി. കർണാടക സംഗീത പാഠങ്ങൾ ധാരാളമായി അദ്ദേഹം ശരത്തിനു പകർന്നു നൽകി. ആഴത്തിലുള്ള പഠനത്തിനായി അദ്ദേഹം സുഹൃത്തായ ഡോക്ടർ ബാലമുരളീകൃഷ്ണയ്ക്ക് ശരത്തിനെ പരിചയപ്പെടുത്തി. കർണാടക സംഗീതത്തിൻറെ അഗാധതലങ്ങൾ കണ്ടെത്താനും അനായാസം അതു കൈകാര്യം ചെയ്യാനും ശരത്തിനു കരുത്തായത് ഇക്കാലയളവാണ്. ബാലമുരളീകൃഷ്ണയുടെ സാന്നിധ്യത്തിൽ തന്നെ ശരത്തിൻറെ സംഗീതക്കച്ചേരിയുടെ അരങ്ങേറ്റം നടത്താനുള്ള എല്ലാ സൗകര്യങ്ങളും ചിദംബരനാഥ് ഒരുക്കിക്കൊടുത്തു. മദിരാശിയിലെ സാലിഗ്രാമത്തുള്ള ഒരു ക്ഷേത്രാങ്കണത്തിലാണ് അരങ്ങേറ്റം കുറിച്ചത്. ഇക്കാലയളവിൽ ചിദംബരനാഥിൻറെ മകൻ രാജാമണിയുമായുള്ള സൗഹൃദം ചലച്ചിത്ര രംഗത്തെ പ്രവർത്തന പരിചയത്തിനു സഹായകമായി. ട്രാക്ക് പാടാൻ ലഭിച്ച അവസരങ്ങളും ശരത്ത് പ്രയോജനപ്പെടുത്തി. സംവിധായകൻ ഭരതൻറെ 'ചിലമ്പ്' എന്ന ചിത്രത്തിലെ 'താരും തളിരും മിഴിപൂട്ടി' എന്ന ഗാനത്തിൻറെ റെക്കോഡിംഗ് വേളയിൽ യേശുദാസിനു പകരം ശരത്താണ് ലതികയോടൊപ്പം ട്രാക്ക് പാടിയത്. പിന്നീട് സംഗീത രംഗത്ത് പടർന്നു കയറുകയായിരുന്നു ശരത്ത്. മലയാളം, തമിഴ്, തെലുങ്ക് ചിത്രങ്ങൾക്കും പരസ്യ ചിത്രങ്ങൾക്കും സംഗീതം പകർന്നും പശ്ചാത്തല സംഗീതത്തിന് ഓർക്കസ്ട്ര ഒരുക്കിയും തിരക്കിലായ സംഗീത സംവിധായകൻ ശരത്ത് ഇപ്പോൾ ചാനൽ സംഗീത മത്സരങ്ങളിലെ അവിഭാജ്യ ഘടകമാണ്; പ്രേക്ഷകർ കൊതിക്കുന്ന മഹനീയ സാന്നിധ്യവും.

**ലതികയുടെ ആദ്യ സംഗീത ഗുരുനാഥൻ വിഎസ് രാജൻലാലാണ്. സ്വാതിതിരുനാൾ സംഗീത കോളെജ് വിദ്യാർത്ഥിയായിരുന്ന അദ്ദേഹം ഞങ്ങളുടെ പ്രവീണയിലെ ഗായകൻ കൂടിയായിരുന്നു. മികച്ച ഗായകനും സംഗീത സംവിധായകനും . അതിമനോഹരങ്ങളായ ഗാനങ്ങൾ മെനഞ്ഞെടുക്കാൻ രാജൻലാലിന് അധികം സമയമൊന്നും വേണ്ടിവരില്ല.**



*ചിത്രയും ആൽബർട്ട് വിജയനും*

# HEDGE
## BROKERAGE INC.



- Life Insurance with Long Term Care
- Disability Income
- Business Overhead Expense Disability Insurance
- 10 Pay Life Insurance
- Estate Planning
- Advantage Index Universal Life S&P 500
- Life Income Annuity

HEDGE BROKERAGE INC.

**1-516-433-4310**
**hedgebrokerage@gmail.com**

ചെറുകഥ



ശ്രീലേഖ എൽ.കെ




വര: പി ആർ രാജൻ

' ഓ ഉണർന്നിട്ടിപ്പ എന്തിന്. വല്ലോം വിലപ്പെട്ടത് ഒലിച്ചുപോയ തോന്നൽ ഉണ്ടെങ്കിലല്ലേ ഇതിനൊക്കെ വിലയുള്ളൂ. ശുദ്ധ അസംബന്ധം. ' പതിനാല് കൊല്ലത്തെ ദാമ്പത്യജീവിതത്തിന്റെ പതം പറച്ചിലായിരുന്നു അത്.

# ഒരു വല്ലാത്ത ഞായർ

'ചരിത്രത്തിൽ ഇടം നേടിയ എത്ര പുരുഷന്മാരുടെ പേരിന്റെ വാലറ്റത്ത് സ്ത്രീകളുടെ പേരുണ്ടാവും എന്ന് ആലോചിച്ചുനോക്കൂ '

ലിൻഡ മരിയ ലിപ് സ്റ്റിക്ക് കട്ടി കൂടുന്നതിനിടയിൽ പറഞ്ഞു.

രാത്രിയിൽ ഇങ്ങനെ ചില മേക്കപ്പ് പ്രയോഗം അവൾക്ക് പതിവുള്ളതാണ്. സ്വപ്നം കാണുമ്പോ ചമഞ്ഞു കിടക്കണമെന്നാണ് അക്കാര്യത്തിൽ അവളുടെ മാരക വേർഷൻ കാരണം പറച്ചിൽ.

' അതിനെന്ത്? ഏതു പുരുഷനെയും ജീവിതവിജയത്തിന് പിന്നിൽ സ്ത്രീകളുണ്ടെന്നല്ലേ പറഞ്ഞേ. അത്ര അനുകമ്പ എങ്കിലും കാണിച്ചല്ലോ പെണ്ണുങ്ങളോട് ' ശ്രീലക്ഷ്മി ഉറക്കെ ചിരിച്ചു.

' ഒന്നു ഉറക്കെ കരഞ്ഞാൽ നിലവിളിച്ചാൽ ഞാൻ ഉണർന്നേനെ എന്ന ഒരു ആരോപണം നിങ്ങൾക്ക് മേലുണ്ട് ഓർത്തോളൂ കേട്ടോ '

ലീനയുടെ കമന്റിൽ ലേശം ഇറിറ്റേറ്റഡ് ആയി നിർമല.

' ഓ ഉണർന്നിട്ടിപ്പ എന്തിന്. വല്ലോം വിലപ്പെട്ടത് ഒലിച്ചുപോയ തോന്നൽ ഉണ്ടെങ്കിലല്ലേ ഇതിനൊക്കെ വിലയുള്ളൂ. ശുദ്ധ അസംബന്ധം. ' പതിനാല് കൊല്ലത്തെ ദാമ്പത്യജീവിതത്തിന്റെ പതം പറച്ചിലായിരുന്നു അത്.

പല പകലുകൾക്കൊടുവിൽ ഒത്തു കൂടാൻ ലിന്റയുടെ മുറിയാണ് അന്ന് തിരഞ്ഞെടുക്കപ്പെട്ടത്. ഹോസ്റ്റലിന്റെ ഏറ്റവും അറ്റത്തെ ആ റൂമിൽ കുറച്ച് ഏകാന്തത കൂടുതലാണ് എന്ന പാകപ്പെടൽ.

സ്ത്രീ ജന്മം പുണ്യ ജന്മം എന്ന ജപത്തോട് കൂടിയാണ് കൂടിച്ചേരലുകൾ ആരംഭിക്കുക. ഏറ്റവും ഒടുവിൽ പൂരപ്പാട്ടോടെ അവസാനിക്കുന്ന അത്തരം മീറ്റിംഗുകളിൽ എവിടെയും എത്താത്ത ചില ആശയങ്ങൾ ബാക്കിയാകും.

പക്ഷെ, ഫർസാന ആദ്യമായും ഒരു പക്ഷെ അവസാനമായും പൊട്ടിത്തെറിച്ച ആ രാത്രി മുതൽ മറ്റു ചില പ്രധാന കാര്യങ്ങളിലേക്ക് സംഘത്തിന്റെ കാര്യമായ ഇടപെടലുകൾ നടത്തേണ്ടതിന്റെ ആവശ്യകത തീരുമാനങ്ങളായി കുറിക്കപ്പെട്ടു.

**സ്ത്രീ ജന്മം പുണ്യ ജന്മം എന്ന ജപത്തോട് കൂടിയാണ് കൂടിച്ചേരലുകൾ ആരംഭിക്കുക. ഏറ്റവും ഒടുവിൽ പൂരപ്പാട്ടോടെ അവസാനിക്കുന്ന അത്തരം മീറ്റിംഗുകളിൽ എവിടെയും എത്താത്ത ചില ആശയങ്ങൾ ബാക്കിയാകും.**

ഗ്രൂപ്പിൽ ഫർസാന പലപ്പോഴും കേൾവിക്കാരി മാത്രമാണ്. ചാറ്റ് റൂമുകളിൽ നിന്ന് പുറത്തു വരുന്ന സമയങ്ങളിൽ മാത്രം ചില ചിരികളിൽ കൂടി ചേരും. അല്ലാത്ത നേരങ്ങളിൽ നോക്കിയാൽ അവളുടെ മുഖത്തു വിരിയുന്ന ഭാവങ്ങളിൽ കാണാൻ പറ്റും അന്നേരത്തെ ചാറ്റിങ് ന്റെ വിവിധ തലങ്ങൾ.

ലേശം ദിവസമായി പരിഭ്രമത്തിൽ ആണ് അവൾ. ' മെഡിക്കൽ സ്റ്റോറിൽ വല്ല പ്രശ്നോം ണ്ടോടീ ' നള്ള ചോദ്യത്തിന് വിളറിയ മുഖമായിരുന്നു മറുപടി.

മറുപടികൾ പറയാൻ മറ്റുള്ളവരെ നിർബന്ധിക്കാത്ത വിധമുള്ള ഒരു സ്വാതന്ത്ര്യം അവർക്കിടയിൽ രൂപപ്പെട്ടിരുന്നത് കൊണ്ട് ഒരു ഉത്തരം ഫർസാനയുടെ ഭാഗത്തു നിന്ന് ഉണ്ടായതുമില്ല.

രാത്രി ചർച്ചകൾ കൊഴുത്തു തുടങ്ങി, നിർമലയുടെ ഒരു കടും പറച്ചിലിൽ എല്ലാവരും ഉലഞ്ഞിരിക്കുന്ന നേരത്ത് ഫർസാന പെട്ടന്ന് പൊട്ടിത്തെറിച്ചു.

' എനക്ക് ഓന്റെ മുഖത്തിട്ട് അടിക്കണം. ഒരു പ്രാവശ്യങ്കിലും.. '

ബാക്കിയുള്ളവർ പെട്ടന്ന് നിശ്ശബ്ദരായി.

'നീയാര്. നാഗവല്ലിയോ. ' ലിന്റയുടെ ചോദ്യം ഒരു കരച്ചിലിന്റെ തുടക്കം കൊണ്ട് തടഞ്ഞ് ഫർസാന പറഞ്ഞു

'ന്റെ മുപ്പത്തയ്യായിരം ഉറപ്യ പോയി. ആ നായിന്റെ



മോൻ പറ്റിച്ച്. ഇപ്പം ഓൻ ഫോൺ എടുക്കുന്നില്ല. '

'ഓ. ഓൺലൈൻ കാമുകൻ പറ്റിച്ചോ നീയൊന്നും ഒരു കാലത്തും പഠിക്കില്ലെടി. എത്രയിരം കേസ് ഇങ്ങനെ വന്നു. ന്നിട്ടും..'

നിർമല അന്നേരം കോടതി മുറിയിലെപ്പോലെ എഴുന്നേറ്റ് മൂക്കു ചൊറിഞ്ഞു. അവൾ നിയമം പറയാൻ തുടങ്ങുന്നു എന്ന സൂചന കിട്ടിയപ്പോൾ ലീന അത് തടഞ്ഞു

ഫർസാനയ്ക്ക് എന്ത് പറ്റി എന്ന് അന്നേരത്തിനിടയിൽ എല്ലാവർക്കും ഊഹിക്കാൻ കഴിഞ്ഞിരുന്നു.

' ഓൻ ഒരു ചാനലി ജോലിയാ. നന്നായി വർത്താനം പറേം. എന്തും ഏതും ചോദിച്ചാ ഉത്തരം ണ്ട്. കെട്ട്യോളും മോനും ഒക്കെ ഇട്ടിട്ട് പോയിന്ന് പറഞ്ഞിട്ടാ ഞാ ഓനെ പ്രേമിച്ചേ '

'മതി മതി.. ഇനി ബാക്കി ഞാൻ പറയാം. ചങ്ങായി നിന്നോട് പണം ചോദിച്ചു. നീ അക്കൗണ്ടിൽ പൈസ ഇട്ട്. അതല്ലേ കാര്യം. ഇപ്പോ അവൻ ഫോൺ ബ്ലോക്ക് ചെയ്തു.'

ഫർസാന തട്ടത്തിന്റെ തലപ്പെടുത്ത് കണ്ണുനീർ തുറക്കുന്ന നേരത്തിനിടയ്ക്ക് ലീന ചാടിക്കേറി പറഞ്ഞു.

'ഏതാണ്ട് അത് പോലെ. നുള്ളി പെർക്കി ണ്ടാക്കിയ പൈസ. അത് ഓന് ഞാൻ ദാനം കൊടുത്തൂ ന്ന് അങ്ങ് വിചാരിക്കും. പക്ഷെ, എനക്ക് ഓന്റെ മോത്ത് ഒന്ന് അടിക്കണം. അതും ചന്തി കൈകുന്ന ഇക്കൈ ഓണ്ട് '

അട്ടഹാസം പോലെ ചിരിച്ച് ലിൻഡ പറഞ്ഞു.

'ഹോറിബിൾ.സംഗതി ഒരു പ്രതികാരം ഒക്കെ വേണ്ടത് തന്നെ. പക്ഷെ..'

'ഹാ. ബെസ്റ്റ്.നീയ് അതിനെ താങ്ങിക്കോ.. ഈ ഐഡിയ ഒക്കെ കൊള്ളാം. പക്ഷെ സിനിമേ കാണുന്ന പോലെ അത്ര എളുപ്പമാന്ന് തോന്നുന്നുണ്ടോ. '

ലീന വേവലാതിപ്പെട്ടു.

' ഒരടി ഓന് വേണം. പക്ഷെ മോളെ.. ഓൻ പത്രക്കാരൻ ആണ്. ന്റെ വല്ല ചാറ്റും ഓൻ പൊറത്താക്കിയ പോയില്ലേ.' ശ്രീലക്ഷ്മിക്ക് ആധി ഒതുക്കാൻ ആയില്ല.

' ഞാനിന്നലെ ഒരു ഫേക്ക് ഐഡിണ്ടാക്കി ഓനോട് ഒന്ന് മിണ്ടാൻ നോക്കി. ആളു ഞാനാന്ന് മനസിലാക്കാണ്ട് പഞ്ചാര ലൈൻ ൽ ഓൻ . പഴയ അതെ ഡയലോഗ്കൾ. അതെങ്കിലും ഓനൊന്ന് മാറ്റി പിടിക്കണ്ടേ ഒന്നുല്ലെങ്കി '

അന്തരീക്ഷത്തിന്റെ കനം അപ്പറച്ചിലോടെ നേർത്തു.

ഫർസാന കൂൾ മൂഡിൽ എത്തിയെങ്കിലും, ലിന്റ മരിയ പക്ഷെ കലിപ്പിൽ ആയിരുന്നു.

'ചെറ്റ. ഓന്റെ സ്ഥിരം പണിയാ ദ്. അല്ലെ. അപ്പൊ പിന്നെ പുന്നാര മോന് ഒരു പണി കൊടുക്കണം.'

'ഓൻ സകല അടവും അറിയുന്നോൻ ആയിരിക്കും.




**'ന്റെ മുപ്പത്തയ്യായിരം ഉറപ്പ പോയി. ആ നായിന്റെ മോൻ പറ്റിച്ച്. ഇപ്പം ഓൻ ഫോൺ എടുക്കന്നില്ല. ''ഓ. ഓൺലൈൻ കാമുകൻ പറ്റിച്ചോ നീയൊന്നും ഒരു കാലത്തും പഠിക്കില്ലെടി. എത്രയിരം കേസ് ഇങ്ങനെ വന്നു. ന്നിട്ടും..'**

പോരേൽ ഒരു ചാനൽ കൈയിൽ '

'പോവാൻ പറ ഓന്റെ പെരട്ട ചാനൽ. ഉണ്ണിയാർച്ചയുടെ വംശക്കാരായ നമ്മൾ ഇതിനാൽ ഇതാ അങ്കം കുറിക്കുന്നു. '

അവനിട്ടു ഒര് തട്ട് . അത്ര ന്നെ' ലീന ത്രിൽഡ് ആയി.

'ഇനി ഈ പണിക്ക് പുന്നാര മോന് ഇറങ്ങാൻ തോന്നരുത് '

ആരോ കൂട്ടിചേർത്തു.

പിറ്റേ ആഴ്ചയിലെ ഞായർ പ്രതികാരഞായർ ആയി കലണ്ടറിൽ കുറിച്ചിട്ട ശ്രീലക്ഷ്മി 'ന്റെ മുത്തപ്പാ. കാത്തോളണേ ' എന്ന് മറ്റാരും കാണാതെ പിറു പിറുത്തു.

നിർമലയ്ക്ക് ലേശമില്ലാത്ത ഉണർവ് തോന്നി. അല്ലെങ്കിൽ തന്നെ പ്രതികാരം ചെയ്യേണ്ടവൻ സ്വന്തം ശത്രു

വല്ലെങ്കിൽ കൂടി ഒരുത്തനോട് പക പോകുന്ന ഒരു പെണ്ണിന്റെ കൂടെ നിൽക്കുമ്പോൾ അതങ്ങനെത്തന്നെ ആണെന്ന് തോന്നി പോവുക സാധാരണമാണല്ലോ. കൂട്ടത്തിൽ ഒരാൾ പോലും തീരുമാനത്തെ എതിർക്കാത്തതും ആ ഒരു കാരണം കൊണ്ട് മാത്രമായിരുന്നു.

തീരുമാനങ്ങൾ എടുക്കൽ മുതൽ, അത് നടപ്പിലാക്കൽ വരെ പെട്ടന്നായിരുന്നു. പുതിയ സിം ഓഫീസിലെ കൂട്ടുകാരന്റെ പേരിൽ എടുക്കുമ്പോൾ ലിന്റ മരിയ ഒരു ബേസ് ഫോൺ കൂടി വാങ്ങി.

ബുദ്ധിമാൻ എന്ന് നടിക്കുന്ന ഒരുത്തനോട് ആണ് ഏറ്റുമുട്ടൽ. ഒരിടത്ത് പോലും പിഴയ്ക്കരുത് കാര്യങ്ങൾ.

'മ്മക്ക് കറുത്ത കുപ്പായം വല്ലോം വാങ്ങിയാലോ. ഒരേ പോലത്തെ . '

' ന്നാ പിന്നെ രാംജി റാവു ലെപോലെ കറുത്ത തോക്ക് കൂടി ആവാം. '

**'പോവാൻ പറ ഓന്റെ പെരട്ട ചാനൽ. ഉണ്ണിയാർച്ചയുടെ വംശക്കാരായ നമ്മൾ ഇതിനാൽ ഇതാ അങ്കം കുറിക്കുന്നു. 'അവനിട്ടു ഒര് തട്ട്. അത്ര ന്നെ' ലീന ത്രിൽഡ് ആയി.**

നിർമല ചിലപ്പോൾ വളരെ സില്ലി ആകും എന്നുള്ളത് എല്ലാവർക്കും അറിയുന്ന കാര്യമാണ്.

പറ്റിയ ഒരു മറുപടി ലിൻഡയുടെ വായിൽ നിന്ന് വന്നപ്പോൾ നിർമല ലേശം ചമ്മി.അവർ തമ്മിൽ ഇങ്ങനെ കൊടുക്കൽ വാങ്ങലുകൾ പതിവുള്ളതാണ്.

മറ്റുള്ളവർ അതിൽ ഇടപെടാറ് പതിവില്ല. പതിയെ അത് ' രണ്ട് തല ചേർന്നാൽ നാല്....' എന്ന പഴഞ്ചൊല്ലിന്റെ സ്ത്രീവിരുദ്ധതയിൽ രോഷം കൊണ്ട് അടങ്ങാറാണുള്ളത്.

'ആദ്യത്തെ കാൾ മിസ്സ്ഡ് കാൾ ആക്കണം' എന്ന സജഷൻ ഫർസാനയുടെ തന്നെ ആയിരുന്നു. കക്ഷി എന്തായാലും തിരിച്ചു വിളിക്കും. അങ്ങനെ ആയിരുന്നത്രെ അവരുടെ തുടക്കം.

'ഓൻ ഒര് മിസ്സ്ഡ് കാൾ പ്രേമിയാ ' ആ പറച്ചിലിൽ ഫർസാനയ്ക്ക് ഇടയ്ക്ക് പിന്നെയും അവനോട് സോഫ്റ്റ് കോർണർ തോന്നിയോ എന്ന സംശയം നിർമല ഉറക്കെ പറഞ്ഞു.

' ഒര് കുന്തോം മില്ല. നിക്കിപ്പോ ഓന്റെ മോന്തക്ക് ട്ട് ഒന്ന് കൊടുക്കാൻ മാത്രേ തോന്നലുള്ളൂ. '

ഫർസാന ചുവന്നു.

മിസ്സ്ഡ് കാളിന് മറുപടിയായി

സംസാരിക്കുമ്പോൾ ശ്രീലക്ഷ്മി ആണ് നല്ലത് എന്ന എല്ലാവരുടെയും അഭിപ്രായം മാനിച്ചു കൊണ്ട് തിരിച്ചു വന്ന കാൾ ന്

'ഹലോ ' എന്ന് അതി മധുരമായി ശ്രീലക്ഷ്മി പ്രതിവചിച്ചു.

സ്പീക്കർ ഫോണിൽ ജാതവേദന്റെ ഒച്ച

' ആരാ '

' ക്ഷമിക്കണം. ഒരു ന്യൂസ് കൊടുക്കാനുള്ള നമ്പർ ഒരു സുഹൃത്ത് തന്നിട്ട് വിളിക്കുകയാണ്. ഇവിടെ സ്കൂളിനെ സംബന്ധിച്ച ഒരു പരിപാടി...'

'ഓ ടീച്ചറാണോ. എന്നാണ് വരേണ്ടത് എന്ന് പറഞ്ഞാൽ മതി. ഇത് ടീച്ചറിന്റെ നമ്പർ ആണോ. വളരെ നല്ല....'

അത് പൂർത്തിയാവാൻ സമ്മതിക്കാതെ ഇടയ്ക്ക് കയറി ശ്രീലക്ഷ്മി പറഞ്ഞു

'ഞാൻ സ്കൂളിന്റെ പി ആർ ഓ ആണ്. ഇത് ഒഫീഷ്യൽ നമ്പർ . പറ്റുമെങ്കിൽ ഈ വരുന്ന ഞായർ ഒന്ന് കാണാൻ പറ്റുമോ. പരിപാടി കവർ ചെയ്യും മുൻപ് അതിനെ കുറിച്ച് ഒന്ന് ചർച്ച ചെയ്യാൻ വേണ്ടിയാണ്.'

' തീർച്ചയായും മാഡം. ഞാൻ ഫ്രീയാണ് '

സ്ഥലവും സമയവും ഓക്കേ പറഞ്ഞ് കാൾ വെക്കുമ്പോൾ എല്ലാവരും ആശ്വസിച്ചു. എല്ലാം മുൻകൂട്ടി തീരുമാനിക്കപ്പെട്ട പോലെ അത്രക്ക് എളുപ്പത്തിൽ ആകുമെന്ന് മറ്റുള്ളവർക്കു ഉറപ്പില്ലെങ്കിലും ഫർസാനക്ക് അതുണ്ടായിരുന്നു.

' ഓൻ ഒര് അങ്ങാടിയാ. നിയ്ക്ക് ഉറപ്പായിരുന്നു ഓൻ സമ്മതിക്കും ന്ന് . പുതിയ ആളെ തപ്പി നടക്ക്ന്ന നേര. അന്നേരം തന്നെ ഓന്റെ വായിൽ അങ്ങോട്ട് ചാടിക്കേറി ഒര് ചരക്ക് ന്ന് ആവും വിചാരം. '

കാര്യങ്ങൾ ആലോചിച്ച വഴിക്ക് നീങ്ങിയ സന്തോഷത്തിൽ ഹോസ്റ്റലിലെ മാട്ടച്ചായ വേണ്ടെന്ന് വെച്ച്, പിസ്സ ജ്യൂസ് കോമ്പോയിൽ അന്നത്തെ വൈകുന്നേരം അവസാനിച്ച ശേഷം ' മേസല ൃലമെ ള്യീ ിലഃ റമ്യ' എന്ന സ്ലോഗൻ ഉറക്കെ പറഞ്ഞ് എല്ലാരും അവനവന്റെ മുറികളിലേക്ക് നൂണ്ടു.

.............

ചുവന്ന ചുരിദാർ മനപ്പൂർവം തന്നെ ആണ് ഫർസാന ഇട്ടിരുന്നത്. പ്രതികാരത്തിന്റെയും പ്രണയത്തിന്റെയും നിറം.

ഒരു കാരണവശാലും ആരും അയാൾക്ക് മുഖം കൊടുക്കരുതെന്ന് ആദ്യമേ പറഞ്ഞിരുന്നു. മാസ്ക് ഉള്ളത് നന്നായെന്ന് എല്ലാവർക്കും തോന്നി. അത്രയും ഭാഗം സ്വകാര്യമായിരിക്കുമ്പോൾ തന്നെ ആത്മവിശ്വാസം തോന്നും.

കറുത്ത കണ്ണട വെച്ചാൽ കാര്യം കുറച്ചു കൂടി ശരിയാവുമെന്ന് നിർമലയുടെ പറച്ചിലിനുള്ള മറുപടി തല്ക്കാലം മാറ്റി വെച്ച്, ലിൻഡ അവളുടെ സ്കൂട്ടി സ്റ്റാർട്ട് ചെയ്തു.

പതിവ് വസ്ത്രങ്ങളുടെ ആവർത്തനങ്ങൾ ഒഴിവാക്കി, നിർമല ചുരിദാറും ലിൻഡ ജീൻസിനു പകരം സാരിയും

ധരിച്ചിരുന്നതും കണ്ട്, ആ പരിഭ്രമത്തിലും ഫർസാനയ്ക്ക് ചിരി വന്നു.

വാഹനങ്ങൾ കുറച്ചു ദൂരത്തിൽ നിർത്തി, നടന്നു പോകാനും ശ്രീലക്ഷ്മിയും ഫർസാനയും ഒഴിച്ചുള്ളവർ പ്രശ്നമുണ്ടായാൽ പെട്ടന്ന് എത്തിപ്പെടാനും ഉള്ള ദൂരങ്ങളിലായി നിന്നു.

11.30 ന് ജാതവേദൻ രണ്ട് സൈഡ് പോക്കെറ്റുള്ള കറുത്ത നിറമുള്ള ഷർട്ട് വലിച്ചു താഴ്ത്തി മാളിന് വെളിയിൽ എത്തിയതായി ലിന്റ ആദ്യത്തെ മെസ്സേജ് കൊടുത്തു.

കോഫി ഷോപ്പിന് മുന്നിൽ ആളുകളുടെ തിരക്ക് കൂടുതൽ ഉണ്ടെന്ന് ശ്രീലക്ഷ്മി മറുപടി അയച്ചു.

ഫോണിൽ ജാതവേദന്റെ ആദ്യ റിങ് മുഴങ്ങിയതും, ' ഞാൻ ഇവിടെ തന്നെയുണ്ട് വലത്തോട്ടുള്ള ഗോവണികൾ കേറുന്നിടത്ത് ' എന്ന് സി സി ടി വി യുടെ മുഖമില്ലാത്ത ഭാഗം നോക്കി ശ്രീലക്ഷ്മി അയാൾക്ക് പൊസിഷൻ പറഞ്ഞു കൊടുത്തു.

കറുത്ത ജീൻസ് ഒന്നുകൂടെ വലിച്ചു മുറുക്കി, മുഖം സുന്ദരമാക്കി, ജാതവേദൻ മുന്നിൽ എത്തിയ നിമിഷത്തിൽ ഫർസാന പിന്നിൽ നിന്ന് കണ്ണ് കാണിച്ചത് ശ്രീലക്ഷ്മി കണ്ടു.

ഒന്ന് നേരെ കാണും മുൻപ്, 'ന്നേ കേറി പിടിച്ചാലുണ്ടല്ലോ ' എന്ന ശ്രീലക്ഷ്മിയുടെ ഉച്ചത്തിലുള്ള പറച്ചിലിന്റെ കൂടെ ശക്തമായ ഒരു തള്ളലിൽ അപ്പോഴേക്കും അയാൾ മറിഞ്ഞു വീണിരുന്നു.

കണ്ണ് തുറക്കാൻ സാവകാശം കിട്ടും മുൻപ് ഫർസാനയുടെ ഇടത് കൈ കൊണ്ടുള്ള അടിയിൽ മൂളിപ്പോയ ചെകിട് അയാൾ ആൾക്കൂട്ടങ്ങളുടെ ആരവങ്ങൾക്ക് നേരെ വളരെ മെല്ലെ തുറന്നു.

' ഓരോരുത്തമ്മാർ ഇറങ്ങിക്കോളും. പെണ്ണുങ്ങളെ കേറി പിടിക്കാൻ.ഇവനൊക്കെ ഇങ്ങനെ ന്നേ കൈ കാര്യം ചെയ്യണം '

നിർമല സ്വന്തം കഥാപാത്രത്തിന്റെ ഡയലോഗ് പറഞ്ഞു കഴിയും മുൻപ്, ആളുകൾ അയാൾക്ക് മേൽ ആധിപത്യം സ്ഥാപിക്കുന്നതും, മറ്റുള്ളവർ അതെ കുറിച്ച് ചർച്ച ചെയ്യുന്നതും മാളിലെ സ്ഥിരം കാഴ്ചകൾ റിലേ ചെയ്യുന്നുണ്ടായിരുന്ന ചാനലുകളിൽ ഒന്ന് ഒപ്പിയെടുത്തു.

വീണു കിടക്കുന്ന ജാതവേദന്റെ ജാതകം മാറ്റി എഴുതാൻ തക്ക വേഗത്തിൽ ' പകൽ പോലും ആക്രമിക്കപെടുന്ന സ്ത്രീത്വം ' എന്ന ക്യാപ്ഷനിൽ വാർത്തകൾ അയാളുടെ ചാനൽ ഉൾപ്പെടെ ടെലികാസ്റ് ചെയ്യാൻ തുടങ്ങി.



**ഓൻ ഒര് മിസ്സ്ഡ് കാൾ പ്രേമിയാ ' ആ പറച്ചിലിൽ ഫർസാനയ്ക്ക് ഇടയ്ക്ക് പിന്നെയും അവനോട് സോഫ്റ്റ് കോർണർ തോന്നിയോ എന്ന സംശയം നിർമല ഉറക്കെ പറഞ്ഞു.**

ലിന്റ മരിയ മൊബൈൽ ഫോണിൽ നിന്ന് സിം ഊരി മാറ്റി. മാളിൽ പെണ്ണുങ്ങളെ ശല്യം ചെയ്ത പൂവാലനെ ആളുകൾ കൈകാര്യം ചെയ്ത വീഡിയോ വാട്സാപ്പിൽ കാണുകയായിരുന്നു ആ സമയം ഫർസാന.


' ദ് ത്തിരി കട്ത്ത് പോയ് പടച്ചോനെ ' എന്നുള്ള അവളുടെ പറച്ചിലിൽ, നിർമലയുടെ പുതിയ ഡയലോഗ് കാത്തിരിക്കുകയായിരുന്ന ലിൻഡ, അതുണ്ടാക്കാതിരുന്നതിനാൽ അൽപ്പം അകലെ പാർക്ക് ചെയ്തിരുന്ന സ്കൂട്ടിയ്ക്ക് നേരെ നടന്നു.

അന്നേരം, 24 ഫീമേൽ റിമ കല്ലിങ്കൽ മനസ്സിൽ കയറിയ ലീന, സ്ലോ മോഷനിൽ ഒരു വിജയനടത്തം അനുകരിച്ച്, 'ഞായറാഴ്ച നല്ല ദിവസം ' എന്ന് ദീർഘനിശ്വാസത്തോടെ കുരിശു വരച്ചു.

● സിനിമ /കോളം

അഭ്രപാളികളിൽ ഇതിഹാസങ്ങൾ രചിച്ചവർ 15

അഞ്ച് പതിറ്റാണ്ടിലേറെ ചലച്ചിത്രനിരൂപകനായും ചരിത്രകാരനായും പ്രവർത്തിച്ച ഏബ്രഹാം തോമസ് എഴുതുന്ന കോളം അഭ്രപാളികളിൽ ഇതിഹാസങ്ങൾ രചിച്ചവർ ചലച്ചിത്രത്തിലെ അപൂർവ പ്രതിഭകളുടെ സർഗജീവിതത്തിലേക്ക് വഴിതുറക്കുന്ന വ്യത്യസ്തമായ ലേഖനങ്ങളാണ്.



# സൽമാ ആഗ

## കരയുമ്പോൾ കൂടെ കരയിക്കുന്ന ഗായിക

◉ ഏബ്രഹാം തോമസ്


ഒരൊറ്റ ഗാനാലാപനത്തിലൂടെ ആരാധക ലക്ഷങ്ങളെ സ്വന്തമാക്കിയ സൽമാ ആഗ എഴുപതിന്റെ നിറവിൽ. ബിആർ ചോപ്രയുടെ 'നിക്കാഹി'ൽ 'ദിൽകെ അർമാൻ ആൻസു വോം ബഹ്ഗയേ'(ഹൃദയത്തിന്റെ ആഗ്രഹങ്ങൾ കണ്ണുനീരിൽ ഒഴുകിപ്പോയി) എന്ന ഗാനത്തിന്റെ ആലാപനം ഹൃദയദ്രവീകരണ ശക്തിയോടെ സൽമ നടത്തിയപ്പോൾ നായികയുടെ വേദന പ്രേക്ഷകരും ആരാധകരും സ്വയം അനുഭവിച്ചറിഞ്ഞു. ഇന്നും ആരാധകരുടെ ചുണ്ടുകൾ ഇതേറ്റു പാടാൻ തയ്യാറാണ്.

**'നിക്കാഹി'ൽ 'ദിൽകെ അർമാൻ ആൻസു വോം ബഹ്ഗയേ'(ഹൃദയത്തിന്റെ ആഗ്രഹങ്ങൾ കണ്ണുനീരിൽ ഒഴുകിപ്പോയി) എന്ന ഗാനത്തിന്റെ ആലാപനം ഹൃദയ ദ്രവീകരണ ശക്തിയോടെ സൽമ നടത്തിയപ്പോൾ നായികയുടെ വേദന പ്രേക്ഷകരും ആരാധകരും സ്വയം അനുഭവിച്ചറിഞ്ഞു.**



നിക്കാഹിന്റെ കഥയിൽ വലിയ പുതുമ ഉണ്ടായിരുന്നില്ല. കോളേജിൽ സഹപാഠികളും ഒന്നിച്ച് യുഗ്മ ഗാനങ്ങൾ പാടിയിരുന്നവരുമായ നായികാനായകന്മാർ(സൽമയും രാജ് ബബ്ബറും). സൽമയ്ക്ക് മറ്റൊരു ചെറുപ്പക്കാരൻ വ്യവസായി ദീപക് പരാശറിനെ വിവാഹം കഴിക്കേണ്ടി വന്നു. ഭാര്യയെ ശ്രദ്ധിക്കുവാനോ അവൾക്കൊപ്പം ചിലവഴിക്കുവാനോ ദീപകിന് കഴിയുന്നില്ല. സൽമ വീണ്ടും രാജുമായി ഇടപഴകുന്നു. ദീപകിൽ നിന്ന് വിവാഹമോചനം നേടി സൽമ രാജിനെ വിവാഹം കഴിക്കുന്നു. പക്ഷെ അവളുടെ അവസ്ഥ വീണ്ടും അവഗണിക്കപ്പെടുന്ന ഭാര്യയുടേതാണ്. കഥ ഇങ്ങനെ പുരോഗമിക്കുന്നു.

നിക്കാഹിന്റെ നിർമ്മാണ വേളയിൽ പേരിനെ ചൊല്ലി ഒരു വലിയ തർക്കം ഉണ്ടായി. ജിതേന്ദ്രയെയും റിമി കപൂറിനെയും നായകന്മാരാക്കി ഒരു വലിയ നിർമ്മാതാവ് ഇതേ പേരിൽ മറ്റൊരു ചിത്രം നിർമ്മിച്ചുവന്നിരുന്നു.



പ്രശ്നം കോടതിയിലെത്തിയപ്പോൾ ആദ്യമേ പേര് രജിസ്റ്റർ ചെയതത് ബി.ആർ. ആയതിനാൽ നിക്കാഹ് ബി ആറിന് നൽകുകയാണെന്ന് കോടതി വിധിച്ചു. ആ ചിത്രം പിന്നീട് 'തലാബ്' എന്ന പേരിൽ പുറത്തുവന്നു. പക്ഷെ ചിത്രം വിജയിച്ചില്ല. നിക്കാഹ് വലിയ സാമ്പത്തിക വിജയമായി. സൽമയ്ക്കു ധാരാളം ഓഫറുകൾ ലഭിച്ചു.

ആയിടയ്ക്ക് സൽമ ബി ആറിന്റെ സംരക്ഷണയിലാണ്, അഭിമുഖത്തിന് അവസരം ലഭിക്കുക പ്രയാസമാണെന്ന് വാർത്ത പരന്നു. അപ്പോഴാണ് രാമാനന്ദ് സാഗർ സൽമയെ നായികയാക്കി സൽമാ, സൽമാ ബനാറസി എന്ന പേരിൽ ഒരു ചിത്രത്തിന്റെ ഷൂട്ടിംഗ് ആരംഭിച്ചത്. സാഗറിന്റെ മകൻ പ്രേം സാഗർ എന്റെ അടുത്ത സുഹൃത്തായിരുന്നു. സംഭാഷണമദ്ധ്യേ ഒരിക്കൽ എന്നോട് സൽമയെ എന്തുകൊണ്ട് ഇന്റർവ്യൂ ചെയ്യുന്നില്ല എന്ന് ചോദിച്ചു. ചെയ്യാം എന്ന് ഞാൻ പറഞ്ഞു. അങ്ങനെയാണ് ഞാൻ സാഗറിന്റെ വീട്ടിലെത്തി സൽമയുമായി അഭിമുഖം നടത്തിയത്. വീടിന്റെ രണ്ടാം നിലയിലായിരുന്നു ഷൂട്ടിംഗ് ചിത്രീകരണത്തിനിടയിൽ ഞങ്ങളുടെ അഭിമുഖം പുരോഗമിച്ചു.

'ഏത് ഗാനവും പഠിച്ച്, അർത്ഥം മനസ്സിലാക്കി സന്ദർഭത്തിനനുസരിച്ച് ആലപിക്കണം എന്ന് ഞാൻ കരുതുന്നു. എന്നാലേ ഗാനത്തോടും കേൾക്കുന്നവരോടും നീതി പുലർത്താൻ നമുക്ക് കഴിയൂ. ചെറുപ്പത്തിലേ പഠിച്ച ഉർദ്ദു വാക്കുകളുടെ അർത്ഥം മനസ്സിലാക്കി പാടാൻ എന്നെ സഹായിക്കുന്നു.'

'ഞാൻ ജനിച്ചത് കറാച്ചിയിലാണ്. സ്കൂളിൽ പഠിക്കുന്ന കാലത്ത് തന്നെ ഫെസ്റ്റിവലുകളിലും മറ്റ് പരിപാടികളിലും ഞാൻ പാടിയിരുന്നു. ജനിച്ചത് പാക്കിസ്ഥാനിലെ കറാച്ചിയിലാണെങ്കിലും ഞാൻ വളർന്നത് ലണ്ടനിലാണ്. സ്കൂളിൽ പഠിക്കുമ്പോൾ തന്നെ എനിക്ക് സിനിമയിൽ അഭിനയിക്കുവാനും പാടുവാനും ധാരാളം ഓഫറുകൾ ലഭിച്ചിരുന്നു. ചോപ്ര സാബിനെ ഒരു പരിപാടിയിൽ കണ്ടു. അദ്ദേഹം തന്റെ പുതിയ ചിത്രത്തിന് ഗാനം ആലപിക്കുവാൻ കഴിയുന്ന നായികയെ തിരയുകയായിരുന്നു. സ്ക്രീൻ ടെസ്റ്റിൽ അദ്ദേഹം തൃപ്തനായി. ബോംബെയിലേയ്ക്ക് താമസം മാറാൻ ആവശ്യപ്പെട്ടു. അങ്ങനെയാണ് ഞാൻ ഇവിടെ എത്തിയത്. നിക്കാഹിന് മുമ്പ് ഞാൻ 'ജാലഡാകു' എന്ന ചിത്രത്തിന് വേണ്ടി പാടിയിട്ടും ഉണ്ട്.'

982ൽ നിക്കാഹിന് ലഭിച്ച അംഗീകാരം(മികച്ച ഗായികയ്ക്കുള്ള ഫിലിം ഫെയർ അവാർഡ്) രണ്ടു വർഷത്തിന് ശേഷം കസം പൈദാകർനേ വാലേകി' യിലൂടെ സൽമ വീണ്ടും നേടി.

**ആഗ എന്ന പേര് വരാൻ കാരണം?**

എന്നെ വളർത്തിയത് മുത്തച്ഛൻ ലിയാക്കത്ത് ഗുൽ ആഗയും മുത്തശ്ശി നസ്രീൻ

ആഗയുമാണ്.അമൃതസറിൽ ഉർദു സംസാരിക്കുന്ന ഒരു കുടുംബമായിരുന്നു ഞങ്ങളുടേത്. മുത്തച്ഛനും അച്ഛൻ ലിയാക്കത്ത് ഗുൽ താജിക്കും വില മതിപ്പുള്ള രത്നങ്ങളുടെയും പുരാവസ്തുക്കളുടെയും വ്യാപാരത്തിൽ ഏർപ്പെട്ടിരുന്നു. വ്യാപാരത്തിൽ വിശ്വസ്തരായവരെ ഇറാൻ ആഗ എന്ന ബഹുമതി നൽകിയിരുന്നു. അങ്ങനെ മുത്തച്ഛനും എന്റെ പിതാവും ആഗമാരായി. അത് തുടർന്നു കൊണ്ട് പോകുന്നു. അമ്മയുടെ ജനന പേര് സറീന ഗസ്നവി എന്നായിരുന്നു. അവർ പഷ്തൂൺ സംഗീതജ്ഞനായ റഫീഖ് ഗസ്നവിയുടെ മകളായിരുന്നു. അദ്ദേഹത്തിന്റെ ഭാര്യ അൻവാരിബായ് ബീഗം ഇന്ത്യൻ സിനിമയുടെ പഴയകാല നടിയാണ്(1932 ലെ ഹീർ രാത്ധാ അവരുടെ ചിത്രമായിരുന്നു) നസ്രീന് ജന്മം നൽകിയതിന് ശേഷം അവർ വീണ്ടും വിവാഹം കഴിച്ചു, ജൂഗല് കിശോർ ശർമ്മ എന്ന ധനിക വ്യവസായിയെ. ജൂഗൽ കിശോർ രാജ്, ഷമ്മി, ശശികപൂർമാരുടെ കസിനായിരുന്നു.

**'സൽമ, സൽമ ബനാറസ്കി', ഊഞ്ചേലോഗ് ജംഗിൾ കി ബേറി', 'പാഞ്ച് ഫൗലാദി', 'മഹാവീര', 'കൻവർലാൽ', പതി പത്നി, ഔർ തവായി ഫ് , മീത് മേരേ മൻകി ജ്യോതി, ജോ, ഗഹ്റാ രാസ് എന്നീ ഹിന്ദി ചിത്രങ്ങളിലും ഇരുപതിലധികം പാകിസ്ഥാനി, പഷ്തോ, പഞ്ചാബി ചിത്രങ്ങളിലും സൽമ അഭിനയിച്ചു.**

**നിങ്ങളുടെ ഗാനാലാപനം ഇത്രയധികം ഹൃദയസ്പർശി ആകുന്നത് എങ്ങനെയാണ്?**

‘ഏത് ഗാനവും പഠിച്ച്, അർത്ഥം മനസ്സിലാക്കി സന്ദർഭത്തിനനുസരിച്ച് ആലപിക്കണം എന്ന് ഞാൻ കരുതുന്നു. എന്നാലേ ഗാനത്തോടും കേൾക്കുന്നവരോടും നീതി പുലർത്താൻ നമുക്ക് കഴിയൂ. ചെറുപ്പത്തിലേ പഠിച്ച ഉർദ്ദു വാക്കുകളുടെ അർത്ഥം മനസ്സിലാക്കി പാടാൻ എന്നെ സഹായിക്കുന്നു.’



നിക്കാഹിലെ ഗാനാലാപനത്തിന് ഏറ്റവും നല്ല ഗായികയ്ക്കുള്ള ഫിലിം ഫെയർ അവാർഡ് സൽമയ്ക്ക് ലഭിച്ചു. ഏറ്റവും മികച്ച നടിക്കുള്ള ഫിലിം ഫെയർ അവാർഡിന് നോമിനേഷനും ലഭിച്ചു. നിക്കാഹിലെ മറ്റ് പല ഗാനങ്ങളും ഹൃദയഹാരികളാക്കി മാറ്റുവാൻ സൽമയ്ക്കു കഴിഞ്ഞു. 1982ൽ നിക്കാഹിന് ലഭിച്ച അംഗീകാരം(മികച്ച ഗായികയ്ക്കുള്ള ഫിലിം ഫെയർ അവാർഡ്) രണ്ടു വർഷത്തിന് ശേഷം കസം പൈദാകർനേ വാലേകി’ യിലൂടെ സൽമ വീണ്ടും നേടി.

‘സൽമ, സൽമ ബനാറസ്കി’, ഊഞ്ചേലോഗ് ജംഗിൾ കി ബേറി’, ‘പാഞ്ച് ഫൗലാദി’, ‘മഹാവീര’, ‘കൻവർലാൽ’, പതി പത്നി, ഔർ തവായി ഫ് , മീത് മേരേ മൻകി ജ്യോതി, ജോ, ഗഹ്റാ രാസ് എന്നീ ഹിന്ദി ചിത്രങ്ങളിലും ഇരുപതിലധികം പാകിസ്ഥാനി, പഷ്തോ, പഞ്ചാബി ചിത്രങ്ങളിലും സൽമ അഭിനയിച്ചു. ബോംബെയിൽ സ്ഥിരതാമസമാക്കിയ സൽമ സ്റ്റേജ്, റിയാലിറ്റി ഷോകളിൽ സ്ഥിരസാന്നിദ്ധ്യമാണ്.

അനവധി അവാർഡുകളും ബഹുമതികളും സൽമയെ തേടി എത്തിയിട്ടുണ്ട്. 1980 കളിൽ സൽമ ലണ്ടൻ നിവാസിയായ വ്യവസായി അയാസ് സിപ്രയുമായി പ്രണയത്തിലാണ് എന്ന വാർത്ത പരന്നിരുന്നു. പക്ഷെ ഈ ബന്ധം വിവാഹത്തിൽ കലാശിച്ചില്ല. ഒരു പക്ഷേ സൽമയുടെ ഫിലിം കരിയറായിരിക്കാം കാരണം.

പിന്നീട് സൽമ മൂന്നു തവണ വിവാഹിതയായി. ആദ്യ വിവാഹം ജാവേദ് ഷെയ്ഖുമായി 1980 കളിൽ തന്നെ ആയിരുന്നു. ആയിടയ്ക്ക് രേഖയ്ക്കൊപ്പം അഭിനയിക്കുന്നതിൽ നിന്ന് തന്റെ ഭാര്യ സൽമ തന്നെ വിലക്കിയിട്ടുണ്ട് എന്ന് ജാവേദ് മാധ്യമങ്ങളോട് പറഞ്ഞത് വിവാദം സൃഷ്ടിച്ചു. പിന്നീട് സൽമ സ്ക്വാഷ് കളിക്കാരൻ റഹ്മത് ഖാനെ വിവാഹം കഴിച്ചു. ഈ ബന്ധം 1989 മുതൽ 2010 വരെ നീണ്ടു നിന്നു. ഇവർക്ക് രണ്ടു കുട്ടികളുണ്ട്- സാറാ സാഷാ ആഗാ ഖാനും അലി ആഗാ ഖാനും. സാറ ബോളിവുഡ് ചിത്രങ്ങളിൽ അഭിനയിക്കുന്നുണ്ട്.


സൽമ ഒരു ഓവർസീസ് സിറ്റിസൺ ഓഫ് ഇന്ത്യയാണ്-2017 മുതൽ. പക്ഷെ ബ്രിട്ടീഷ് ഗായികയും നടിയുമായാണ് അറിയപ്പെടുന്നത്.

സൽമ ജനിച്ചത് 1954 ഒക്ടോബർ 29നാണ്. എഴുപത്തിന്റെ തിളക്കത്തിൽ ആണവർ

● ചെറുകഥ



◉ കെ.കെ.ജയേഷ്



വര:
പി ആർ രാജൻ

# ഓർമ്മകൾ മായുമ്പോൾ...

നഗരത്തിന്റെ തിരക്കിൽ നിന്ന് വിട്ടുമാറി മിനർവ റസ്റ്റോറന്റിന്റെ എതിർവശത്താണ് ആ കെട്ടിടം. വലിയ ഗേറ്റിനപ്പുറത്ത് വെള്ളച്ചായമടിച്ച പഴയൊരു ബിൽഡിംഗ്. മുമ്പത് ഔസേപ്പച്ചന്റെ രാജധാനി ടാക്കീസായിരുന്നു. പിന്നീടെപ്പോഴോ കടം കേറി ഔസേപ്പച്ചൻ ടാക്കീസും വിറ്റ് നാട്ടിൽ നിന്ന് പോയി.

> **രാഘവാ ന്നെ മനസ്സിലായോ.. പണ്ട് നിന്റെ കൂടെ സ്കൂളിൽ പഠിച്ചവനാ.. ഒടുക്കത്തെ ഓർമ്മയാടാ നിന്റേതെന്നായിരുന്നു സുമതി ടീച്ചർ പറയാറുണ്ടായിരുന്നത്.. ആ നീ ഓർമ്മകളെല്ലാം നശിച്ച്.. സഹിക്കാൻ പറ്റുന്നില്ലെടാ... ' മാഷ് കട്ടിലിൽ വന്നിരുന്ന് അയാളുടെ ചുമലിൽ കൈവെച്ചു.**

സ്ഥലവും കെട്ടിടവും വാങ്ങിയ കൃഷ്ണക്കുറുപ്പാണ് കെട്ടിടം ഓൾഡ് ഏജ് ഹോമാക്കി മാറ്റിയത്.

ഗേറ്റിന് പുറത്ത് കാറ് നിർത്തി സതീശൻ ഹോൺ മുഴക്കിയപ്പോൾ എവിടെ നിന്നോ സെക്യൂരിറ്റി ഓടിവന്ന് ഗേറ്റ് തുറന്നു. സതീശന്റെ കൈപിടിച്ച് മുറ്റത്തേക്കിറങ്ങുമ്പോൾ രാഘവൻ മാഷ് ചു

റ്റുമൊന്ന് കണ്ണോടിച്ചു. രണ്ടു നില കെട്ടിടം. കെട്ടിടത്തിന് മുകളിൽ പ്രശാന്തി നിലയം എന്ന വലിയ ബോർഡ്. കരിയിലകൾ നിറഞ്ഞുകിടക്കുന്ന മുറ്റത്തേക്കിറങ്ങിയപ്പോൾ വെള്ള സാരി ധരിച്ച രണ്ടു പെൺകുട്ടികൾ വന്ന് കൈപിടിച്ചു.

'വരൂ. . അച്ഛാ'

പെൺകുട്ടികൾക്കൊപ്പം നടക്കുമ്പോൾ ഒന്ന് തിരിഞ്ഞു നോക്കി. കാറിൽ നിന്ന് സാധനങ്ങളെടുക്കുന്ന സതീശൻ ഒന്ന് പുഞ്ചിരിച്ചു.

'അച്ഛൻ നടന്നോളൂ. . ഞാൻ ബില്ലെല്ലാം അടച്ച് റൂമിലേക്ക് വരാം. . '

അടർന്നു തുടങ്ങിയ ചുവരുകൾ. ഇരുട്ട് നിറഞ്ഞ വഴികൾ. ഇടനാഴിയിലൂടെ പെൺകുട്ടികളുടെ കൈപിടിച്ച് മാഷ് നടന്നു. ഇടയ്ക്ക് ചില മുറികളിൽ നിന്ന് ആരെക്കെയോ ഒന്ന് എത്തി നോക്കി പിൻവലിഞ്ഞു. ഒരു മുറിയിൽ നിന്ന് ആരോ പഴയൊരു ഹിന്ദി ഗാനം പാടുന്നുണ്ട്.

'അച്ഛന് നടക്കാൻ പ്രയാസം ണ്ടോ'

ഒരു പെൺകുട്ടിയുടെ സ്നേഹത്തോടെയുള്ള ചോദ്യം. പുഞ്ചിരിയോടെ ഇല്ലെന്ന് മാഷ് തലയാട്ടി. കോണിപ്പടികൾ കയറി മുകളിലെത്തിയപ്പോൾ പെൺകുട്ടികൾ ഒന്നു നിന്നു

'ഇതാണ് അച്ഛന്റെ മുറി. . '

ഇരുപത്തിരണ്ടാം നമ്പർ മുറിയുടെ വാതിൽ തുറന്നു. ചെറിയൊരു മുറി. ഭംഗിയായി ഒരുക്കിവെച്ചിരിക്കുന്ന കിടക്ക. മേശപ്പുറത്ത് ഒരു മൺകൂജ. വലിയ ശബ്ദത്തോടെ ജനൽ തുറന്നപ്പോൾ തണുത്ത കാറ്റ് മുറിയിലേക്ക് ഇരച്ചു കയറി.

'അച്ഛാ പുറത്ത് പാർക്കുണ്ട്. . വൈകുന്നേരങ്ങളിൽ അവിടെ പോയിരിക്കാം. '

അയാൾ ജനലഴികൾക്കിടയിലൂടെ പുറത്തേക്ക് നോക്കി. വാടിക്കരിഞ്ഞ കുറച്ചു ചെടികൾ. . ഒടിഞ്ഞു കിടക്കുന്ന ഇരിപ്പിടങ്ങൾ. . ദിവസങ്ങളായി വൃത്തിയാക്കാത്ത അന്തരീക്ഷം. പഴയൊരു പാർക്കിന്റെ പ്രേതം അയാൾക്ക് മുമ്പിൽ പുഞ്ചിരിക്കാൻ ശ്രമിച്ചു കിടക്കുന്നു.

അയാളെ കട്ടിലിലിരുത്തി ഒരു പെൺകുട്ടി ബിപി ചെക്ക് ചെയ്തു.

'ബിപിയൊക്കെ നോർമലാ. . . അച്ഛന് ഇനി കുറച്ച് ദിവസം ചിരിച്ച് കളിച്ച് ഇവിടെ സുഖായി കഴിയാം. കമ്പനിക്ക് പറ്റിയ കുറേ പാർട്ടീസുമുണ്ട്. . പാട്ടും കവിതേം ഒക്കെയായിട്ട് നല്ല രസാ. . നഷ്ടപ്പെട്ട ഓർമ്മയൊക്കെ നമുക്ക് തിരിച്ച് പിടിക്കണം. . മോനേം കൊച്ചു മോനേം ഒക്കെ തിരിച്ചറിയുന്ന ഒരു ദിവസം ഇവിടുന്ന് മടങ്ങിപ്പോകാം. . മാഷുടെ പഴയൊരു സുഹൃത്തിനെ ഇവിടേക്ക് അയക്കാം.. ആളെ തിരിച്ചറിയുന്നുണ്ടോ എന്ന് നോക്കൂ... ' പെൺകുട്ടി ചിരിച്ചുകൊണ്ട് പറഞ്ഞു. അവർ ഇറങ്ങിപ്പോയപ്പോൾ മാഷ് ജനലഴി പിടിച്ച് പുറത്തേക്ക് നോക്കി നിന്നു.

കുറച്ചു സമയം കഴിഞ്ഞപ്പോഴാണ് ഒരാൾ മുറിയിലേക്ക് കയറി വന്നത്. വന്നപാടെ അയാൾ കട്ടിലിലിരുന്നു.

'രാഘവാ നെന്ന മനസ്സിലായോ.. പണ്ട് നിന്റെ കൂടെ സ്കൂളിൽ പഠിച്ചവനാ.. ഒടുക്കത്തെ ഓർമ്മയാടാ നിന്റേതെന്നായിരുന്നു സുമതി ടീച്ചർ പറയാറുണ്ടായിരുന്നത്.. ആ നീ ഓർമ്മകളെല്ലാം നശിച്ച്.. സഹിക്കാൻ പറ്റുന്നില്ലെടാ... '

മാഷ് കട്ടിലിൽ വന്നിരുന്ന് അയാളുടെ ചുമലിൽ കൈവെച്ചു.

'നീ ഭാഗ്യവാനാടാ രാഘവാ.. എത്ര വിഷമത്തോടെയാ നിന്നെ ഇവിടെയാക്കി നിന്റെ മകൻ പോയത്. മറ്റൊരു വഴിയുമില്ലാഞ്ഞിട്ടാ ഇവിടെയാക്കുന്നതെന്നാ ഓൻ പറഞ്ഞത്. നിന്റെ ഓർമ്മകൾ പഴയതുപോലെയാകുമ്പോൾ കൂട്ടിക്കൊണ്ടുപോകാൻ ഓൻ വരും.. എന്നെയൊക്കെ മക്കൾ ഇവിടെ കൊണ്ടുവന്ന് തള്ളിപ്പോയതാ.. നാലഞ്ച് മാസമായി.. ഇങ്ങോട്ട് ഇതുവരെ തിരിഞ്ഞു നോക്കിയിട്ടില്ല... നിനക്കെന്നെ മനസ്സിലാകുന്നുണ്ടോ രാഘവാ.. '

രാഘവൻ മാഷ് പൊട്ടിച്ചിരിച്ചു.

'എടാ സദാനന്ദാ... നിന്നെ എനിക്ക് മറക്കാൻ പറ്റ്വോ.. '

ഓർമ്മ നശിച്ചെന്ന് മകൻ പറഞ്ഞ രാഘവൻ മാഷ് തന്നെ തിരിച്ചറിഞ്ഞതിലുള്ള അദ്ഭുതത്തിലായിരുന്നു സദാനന്ദൻ. അയാൾ മാഷുടെ കണ്ണുകളിലേക്ക് തുറിച്ചു നോക്കി. പഴയ തിളക്കം ആ കണ്ണുകളിൽ ഇപ്പോഴും നിറയുന്നത് സദാനന്ദൻ തിരിച്ചറിഞ്ഞു.

'സദാനന്ദാ.. അദ്ഭുതപ്പെടേണ്ട.. ആരെയും ഞാൻ മറന്നിട്ടില്ല. . സുമതി ടീച്ചർ പറഞ്ഞത് ശരിയാ.. ഒടുക്കത്തെ ഓർമ്മയാ എന്റേത്.. പക്ഷെ ഓർമ്മകൾ ഭാരമാകുന്ന ചില സമയമുണ്ട്.. നമ്മുടെ ഓർമ്മകൾ പലർക്കും ബുദ്ധിമുട്ടാകും.. അപ്പോൾ മറവിയാണ് ഏറ്റവും നല്ലത്. നമ്മൾ ഒന്നുമോർക്കുന്നില്ലെന്ന് അറിയുമ്പോൾ പലർക്കും അത് വലിയ ആശ്വാസമാകും. പ്രിയപ്പെട്ടവർക്ക് ആശ്വാസം ലഭിക്കാൻ മറവി അഭിനയിക്കുന്നത് എന്തു

> **ഓർമ്മകളെക്കുറിച്ച് ഏറ്റവും ഹൃദ്യമായി പറഞ്ഞത് ആരാണെന്ന് അറിയുമോ. . . മറ്റാരുമല്ല. . അത് നമ്മുടെ മാർക്വേസ് തന്നെയാ. . ജീവിക്കുന്നതല്ല ഓർമ്മിക്കുന്നതാണ് ജീവിതമെന്ന് അദ്ദേഹം ഒരിക്കൽ എഴുതി. പക്ഷെ എന്റെ ഓർമ്മകളെ ഇനി തിരിച്ചെടുക്കാൻ ഞാൻ അഗ്രഹിക്കുന്നില്ല സദാനന്ദാ. . . . . എല്ലാ ഓർമ്മകളും മറവികൾ കൂടിയാണെന്ന് ഉംബർട്ടോ എക്കോ എഴുതിയത് നീ വായിച്ചിട്ടില്ലേ. . . .**

ഏതെങ്കിലും ഓൾഡ് ഏജ് ഹോമിലേക്ക് മാറ്റണമെന്ന മകളുടെയും മരുമകളുടെയും ചിന്തകൾ തന്റെ ഓർമ്മയിൽ തട്ടി തകരുന്നത് മാഷ് അറിഞ്ഞു. അച്ഛനെ എങ്ങിനെ അവിടെ കൊണ്ടു പോയി തള്ളുമെന്ന മകന്റെ മരുമകളോടുള്ള ചോദ്യം കേട്ടതോടെ ഒന്നും ഓർമ്മയില്ലാത്ത ഒരാളായി മാറാൻ മാഷ് തീരുമാനിക്കുകയായിരുന്നു.




സുഖമുള്ള അനുഭവമാണെന്ന് നിനക്ക് അറിയുമോ സദാനന്ദാ.. '

സദാനന്ദന് അപ്പോഴും ഒന്നും മനസ്സിലായില്ല. പക്ഷെ രാഘവൻ മാഷ് കഴിഞ്ഞ ദിവസങ്ങളിലൂടെയുള്ള സഞ്ചാരത്തിലായിരുന്നു. ഏതെങ്കിലും ഓൾഡ് ഏജ് ഹോമിലേക്ക് മാറ്റണമെന്ന മകളുടെയും മരുമകളുടെയും ചിന്തകൾ തന്റെ ഓർമ്മയിൽ തട്ടി തകരുന്നത് മാഷ് അറിഞ്ഞു. അച്ഛനെ എങ്ങിനെ അവിടെ കൊണ്ടുപോയി തള്ളുമെന്ന മകന്റെ മരുമകളോടുള്ള ചോദ്യം കേട്ടതോടെ ഒന്നും ഓർമ്മയില്ലാത്ത ഒരാളായി മാറാൻ മാഷ് തീരുമാനിക്കുകയായിരുന്നു.

അമ്പരന്ന് നിൽക്കുന്ന സദാനന്ദനെ മാഷ് ചേർത്തുപിടിച്ചു.

'ഓർമ്മകളെക്കുറിച്ച് ഏറ്റവും ഹൃദ്യമായി പറഞ്ഞത് ആരാണെന്ന് അറിയുമോ. . . മറ്റാരുമല്ല. . അത് നമ്മുടെ മാർക്വേസ് തന്നെയാ. . ജീവിക്കുന്നതല്ല ഓർമ്മിക്കുന്നതാണ് ജീവിതമെന്ന് അദ്ദേഹം ഒരിക്കൽ എഴുതി. പക്ഷെ എന്റെ ഓർമ്മകളെ ഇനി തിരിച്ചെടുക്കാൻ ഞാൻ അഗ്രഹിക്കുന്നില്ല സദാനന്ദാ. . . . . എല്ലാ ഓർമ്മകളും മറവികൾ കൂടിയാണെന്ന് ഉംബർട്ടോ എക്കോ എഴുതിയത് നീ വായിച്ചിട്ടില്ലേ. . . . . . സദാനന്ദന്റെ അമ്പരപ്പിന് മുകളിൽ മാഷുടെ പൊട്ടിച്ചിരി ഉയർന്നുകൊണ്ടിരുന്നു.

# Got into an accident?

# NEVER TO WORRY



CALL


GLOBAL COLLISION & BODY WORKS LLC

1-845-727-4022

We will pick up the vehicle
and repair it fully to your satisfaction!

കവിത

രമാ പിഷാരടി



# ഇത് മഞ്ഞുകാലമാണ്

ഇത് മഞ്ഞുകാലം
ഇലയ്ക്കും മരത്തിനും
വിരിയുന്ന പൂവിനും
കിളികളുടെ കൂടിനും
മലമുകളിലെങ്ങോ
പനിച്ച് തുള്ളി പാട്ട്
തിരയുന്ന പക്ഷിക്ക്
മഴമേഘസന്ധ്യയ്ക്ക്
കടലിന്റെ ശ്രുതികൾക്ക്
ചക്രവാളത്തിന്റെ
നിറുകയിൽ നിൽക്കുന്ന
നക്ഷത്രമൊഴികൾക്ക്
ഇത് മഞ്ഞുകാലം..

ഇത് മഞ്ഞുകാലം
കൊഴിഞ്ഞു വീഴും
നിഴലിനൊഴിവുകാലത്തിനും
സായന്തനത്തിനും
ഗ്രഹതാരകങ്ങൾക്ക്
രാശിദോഷത്തിന്റെ
കദനത്തിനും വെറുപ്പിന്റെ-
ഗന്ധത്തിനും
മുറിവിനും മൂവന്തി
ഹോമിച്ച സൂര്യനും
മറവിയിൽ ചുറ്റിക്കൊഴിഞ്ഞ-
സ്വപ്നത്തിനും
കഥകളിൽ നിത്യം
കുടഞ്ഞിട്ട് പോകുന്ന
അഴലിനും,
ആത്മാവ് ഹോമിച്ച
വാക്കിനും
അറിയാതെ പൊഴിയുന്ന
പൂവുകൾക്കും
സന്ധ്യ പതിയെ തെളിച്ച-
ചെരാതുകൾക്കും
രാവ് കലഹിച്ച
വൻകൊടുങ്കാറ്റുകൾക്കും
പെയ്ത് പരിഭവം
തീരാത്ത മഴകൾക്ക്
ഭൂമിയുടെ തിരുഹൃദയ-
മുറിവിന്ന്,
മണ്ണിന്റെ നോവിന്ന്
ഇത് മഞ്ഞുകാലം..

ഇത് മഞ്ഞുകാലം
മണൽക്കാറ്റടിക്കുന്ന
മനസ്സിൽ നിന്നിറ്റിറ്റ്
വീഴുന്ന സ്മൃതികൾക്ക്
വരികൾക്ക് മേലേ പടർന്ന്
ശ്വാസത്തിന്റെ ലയമൊടുക്കും
കിനാവള്ളികൾക്കും
പോയ പകലിന്റെ
ദു:ഖം കുടിച്ച നീർച്ചോലയ്ക്ക്,
കരളിലെ തീപ്പന്തമെല്ലാം
കെടുത്തുന്ന കനലെഴുത്തിൻ
പുരാവൃത്തകാവ്യങ്ങൾക്ക്
മഴയൊച്ചകൾക്കും,
മടുപ്പിന്റെ നാളിനും
വെയിലിന്റെ തുമ്പിനും
നിഴലിന്റെ  തണലിനും
അറിയാതെ പൊട്ടിപ്പടർന്ന
തീക്കാറ്റിനും
യമുനയ്ക്ക് മീതേ
പറന്ന മേഘത്തിനും
കരിയാതിരുന്ന
കദംബവൃക്ഷത്തിനും
ഇടവേളകൾക്കിടയിൽ
മാഞ്ഞ വർഷങ്ങൾക്ക്,
ഇടയിലെങ്ങോ പൊട്ടി-
വീണ ഗാനങ്ങൾക്ക്
ഇത് മഞ്ഞുകാലം
ഇതർദ്ധസത്യത്തിന്റെ
ചമയങ്ങൾ, ചായം-
പകർത്തുന്ന ദിക്കുകൾ-
ക്കരിക്കരികിൽ നിലയ്ക്കാത്ത
ഹൃദയതാളത്തിനും,
കലഹകാലത്തിന്റെ
ചുറ്റമ്പലങ്ങൾക്ക്
ഒളിവച്ച് നീങ്ങുന്ന
ഗോപുരങ്ങൾക്കതിര്
പണിയുന്ന പ്രാണന്റെ
പച്ചത്തുരുത്തിന്ന്
ഇത് മഞ്ഞുകാലം

ഇത് മഞ്ഞുകാലം
നനഞ്ഞ കൺപീലിയിൽ
കടലിനെ കാണുവാൻ
വന്ന കാവ്യങ്ങൾക്ക്
ഇരുളിന്റെ കോട്ടയിൽ
മിന്നാമിനുങ്ങിന്റെ
തിരിവച്ച വരികൾക്ക്,
ചന്ദനക്കാറ്റിന്ന്
ഇത് മഞ്ഞുകാലം..

ഇത് മഞ്ഞുകാലം
നനഞ്ഞ കൺപീലിയിൽ
കടലിനെ കാണുവാൻ
വന്ന കാവ്യങ്ങൾക്ക്
ഇരുളിന്റെ കോട്ടയിൽ
മിന്നാമിനുങ്ങിന്റെ
തിരിവച്ച വരികൾക്ക്,
ചന്ദനക്കാറ്റിന്ന്
ഇത് മഞ്ഞുകാലം
സ്വരങ്ങൾക്ക്, ജതികൾക്ക്
സ്മൃതികൾക്ക്, കൈതോല-
നിറമുള്ള വഴികൾക്ക്
നിരയറ്റ ചിന്തയ്ക്ക്
പറയുവാനാകാതെ
പകുതിയ്ക്ക് വച്ചേ
കൊഴിഞ്ഞ സത്യങ്ങൾക്ക്
ലയമറ്റ വെള്ളോട്ടുമണികൾക്ക്
നെറ്റിയിൽ തിരുമുദ്രചാർത്തുന്ന
പള്ളിവാൾമുനകൾക്ക്
ഒരു മുളങ്കാടിന്റെ
തന്ത്രിവാദ്യങ്ങൾക്ക്
മിഴിയിൽ തടഞ്ഞിട്ട
കാട്ടുനീർച്ചോലയ്ക്ക്
കൊഴിയാത്ത കവിതയ്ക്ക്
പ്രാണന്റെ വരികൾക്ക്
ലയമിട്ടൊരാകാശനാദവാദ്യത്തിനും
ഇത് മഞ്ഞുകാലം..



# Save $ 894.* Combine Home & Auto.

**Michael Tharian**
**Agent**
1855 Victory Blvd
Staten Island, NY 10314
**Toll Free: 888-644-7222**

Save money and time when you combine your home and auto insurance. Just another way I'm her to help life go right. **CALL ME TODAY**

**We Serve These States NY, NJ, PA, & CT.**

**We Provide Auto, Home & Life Insurance**

StateFarm®

*Average household savings based on 2016 national survey of new policyholders who reported savings by switching to State Farm
State Farm Mutual Automobile Insurance Company State Farm Indemnity Company, State Farm Fire and Casualty Company State Farm General Insurance Company
1601489 Bloomington, IL

കവിത

മായ സുരേഷ്





# ആറു കവിതകൾ

## 1. കല്ലു വെച്ച നുണ

കല്ലു വെച്ചൊരു നുണയായിരുന്നുവോ എൻ ജീവിതമത്രയും
ഉള്ളിൽ കണ്ണീരിൻ പേമാരിയിൽ കുളിച്ചു നിൽക്കുമ്പോളും

പുഞ്ചിരി തൻ പൊൻവെയിൽ പുറമെ പരത്തി ഞാൻ
കണ്ണീരിൻ മഴക്കാറ് മൂടിയ മുഖം കാണിച്ചുന്മാദിയെപ്പോൽ
സ്വയം മറന്നാടിയപ്പോൾ പോലും

ഉള്ളിൽ ചിരിച്ചുംകൊണ്ടാർക്കയാണ് ഞാൻ
ചുറ്റും ഒന്നുമറിയാതെ എനിക്കായ് തപിക്കുന്ന ചിത്തങ്ങൾ കാൺകെ

നുണയിൽ സ്വയം മറന്നാടി തിമർക്കവേ
തിരിച്ചറിയുന്നില്ല ഞാൻ പോലുമെൻ സ്വത്വത്തെ

പ്രണയിക്കയാണോ ഞാൻ
സ്നേഹം കാണിച്ചെന്നിൽ ചേരാൻ തപിക്കുവോനെ
വെറുക്കയാണോ തിരിച്ചറിയാനാകുന്നില്ല

വെറുപ്പിൻ തീക്കൊള്ളിയാൽ പൊള്ളിച്ചെന്നുടലിനെ
വികൃതമാക്കിയങ്ങാസ്വദിക്കുവോനെ പോലും
അറിയാതൊരു മാത്ര സ്നേഹിച്ചുപോയോൾ അല്ലെ
തിരിച്ചറിയാതെന്നെ കുഴഞ്ഞു പോകുന്നു ഞാൻ

## 2. ഇല

ഗ്രീഷ്മമെത്തി
അടർന്നു വീണൊരു ഇല
പോലെ ഈ ജീവിതം

## 3. അകലം

അറിയില്ലെനിക്ക്
നിൻ മൗനത്തിൽ ഒളിപ്പിച്ചത്
ഇഷ്ടമോ
അകലമോ
വെറുപ്പിൻ കറുപ്പോ

## 4. ഓർമ്മയുടെ ചിത

കനലാറിയ
ഓർമ്മകളുടെ ചാരത്തിൽ
ഇന്നും
എന്നെ തിരയുന്നു

## 5. സ്വപ്നം

കടുത്ത വേനൽ ചൂടിൽ
ഉരുകിയുണങ്ങി
ചുരുണ്ടീമണ്ണിൽ
പൂണ്ടു കിടക്കുമ്പോളും
വരണ്ട നാവിലൊരിത്തിരി നീര്
തളിക്കാനെത്തും
മഴമേഘങ്ങളെ
സ്വപ്നം കാണ്മൂ

## 6. വരൾച്ച

ഉയിര് കട്ട് നീ അകലവേ
ജഡമായി ജീവിച്ചു മരിപ്പു ഞാൻ
ഒരിറ്റു കണ്ണീർ
നിനക്കായി പോലും
പൊഴിക്കാനില്ലിനി
വരണ്ടു പോയി

കവിത

നമ്പ്രേത്തിൽ
ജോസ് വർഗ്ഗീസ്





# ബെസ്റ്റി

കാടിന്റെമണമുള്ള
കാറ്റൊന്നുകൊള്ളുമ്പോൾ
എഫ് ബിയിൽ റീലിനു
കൊടുത്തൊരു തംസ്അപ്പു
നീലിച്ചലൈക്കിനു ചെമന്നൊരു ചങ്കിന്റെ
തുടുതുടുപ്പായൊരു റിപ്ലേവന്നു!

റീലുകൾ കൈമാറി ഇഷ്ടങ്ങൾ കൈമാറി
ഒന്നിച്ചു റീലൊന്നെടുത്താലോന്നായ്

തടിയുടെതൂണുള്ളവീടും, വീടിന്റെ
പുറകിലെ തോടും, തോട്ടിൻകരയിലെകാടും
കോരന്റെമോനൊന്നുഷാറായ്

ഏമാന്റെ വീട്ടിലെ പട്ടിക്കുസുഖാന്നു
കോരന്റെ വീട്ടിലെ കൊച്ചുപയ്യൻ!

കുമ്പിളിൽ കഞ്ഞികുടിക്കേണ്ടാ അപ്പാന്നു
കോരന്റെ മൂത്തമോൻ ചൊല്ലിയന്നു

ഏമാന്റെ വീട്ടിലെ കൊച്ചുമോൾവാട്സാപ്പിൽ
ചാറ്റിയതാണെന്നു കോരന്റെ മോൻ!

ഏമാന്റെ കൊച്ചുമോൾ കോരന്റെ മൂത്തമോൻ
ലൈക്കായി, ഷെയറായി, ഒരു വീട്ടിലായി!

കോരന്റെവീട്ടിലെകിളിച്ചുണ്ടൻമാങ്ങയ്ക്കു
പുളിയൊട്ടുംപോരെന്നു പുതുമരുമോൾ!

കോരന്റെ മരുമോളു ഗൂഗിളിൽതപ്പുന്ന
വേളയിൽപെട്ടന്നൊരുന്നാളിരട്ടപെറ്റു

ആദ്യം പിറന്നവൻ സൂര്യൻ
പിന്നെ കാലുപിറന്നവൻപൃഥ്വി!
കവളൻമടൽവെട്ടി നിലത്തിട്ടടിച്ചിട്ടു
കോരന്റ ഭാര്യ പുലമ്പി
'വിഴുങ്ങാതിരിക്കെന്റെ സൂര്യ,
ഭൂമിയെ വിഴുങ്ങാതിരിക്കെന്റെ സൂര്യ,
ഛർദ്ദിച്ചുവെക്കെന്റെ സൂര്യാ
ഭൂമിയെ ഛർദ്ദിച്ചുവെക്കെന്റെ സൂര്യാ!'

മരുമോളു റീലെടുത്തിട്ടുതും എഫ് ബിയിൽ
ലൈക്കോടു ലൈക്കുംഷെയറോടു ഷെയറും
വ്യൂസോ മില്യണിലെത്തി!

അത്ഭുതചിത്തയായ് മരുമോളു
റീലൊന്നോടിച്ചുനോക്കി
ചോരതെറിക്കുന്ന സീനിൽ
അമ്പരപ്പോടൊന്നു നോക്കി!

താഴെക്കിടക്കുന്നു ബെസ്റ്റി
രണ്ടായ്മുറിഞ്ഞുപിടഞ്ഞ്!
ചുരുട്ടുപുകച്ചങ്ങു പപ്പാ
തിരിഞ്ഞുനടക്കുന്നു കൂളായ്!

കവിത

അഞ്ജു അജീഷ്



# ഇല



ആഞ്ഞിലിക്കൊമ്പിന്റെ ആദ്യ ശിഖരത്തിൻ,
മദ്ധ്യത്തിൽ നിൽക്കുന്ന പച്ചിലയാണ് ഞാൻ.
ഇളം കാറ്റിൽ ഇളകിയാടുന്ന ഇക്കിളി കുഞ്ഞൻ .
കൊടുങ്കാറ്റിനോട് കലഹിക്കുന്ന കുപിത.

ആത്മമിത്രമായെത്തിയ
അണ്ണാറക്കണ്ണനെ
ആട്ടിയോടിക്കും തളിര് ഞാൻ.
കൂടൊന്നൊരുക്കാൻ കൊഞ്ചി വന്ന കുരുവിയെ,
കുത്തിനോവിക്കും കുറുമ്പി
ദേശംചുറ്റി ദേഹം നൊന്ത ദേശാടനക്കിളിയോട്,
ദോഷം ചൊല്ലും ദേഷ്യക്കാരി
വാനമ്പാടിയോട്,
വാർത്തകളാരായും വായാടി .

ദൂരമധികമില്ലാ നിൻ ദുരിതകാലത്തിന്,
കരുതിയിരിക്കയെന്നെല്ലാരും
പാടി പാടിയകന്നു പോയി.

മഴയേറ്റ്, മഞ്ഞേറ്റ്
ഞെട്ടിനുള്ളിൽ ഞെളിഞ്ഞിരുന്നു,

ഒരു നാളിൽ കൊടുങ്കാറ്റ് കൊമ്പുകുലുക്കി,
ഞെട്ടറ്റ് വീണത്, ചേറ് മണക്കും മണൽപരപ്പിൽ.
കണ്ണൊന്നുയർത്തി കണ്ടു ഞാൻ കാറ്റിലാടും പച്ചിലകളെയും,
കൂടൊരുക്കും കുഞ്ഞി കുരുവികളെയും.

ഞാനെന്റെ ദുർവിധിയോർത്ത് വിലപിക്കാനാഞ്ഞപ്പോൾ,
ഉറുമ്പുകൾ മഞ്ഞമേനി പൊതിഞ്ഞിരുന്നു.


# MUKKUT MONUMENTS INC.


**PHONE (C) 972-342-0041**
**E-mail: mukkutmonuments@gmail.com**
**www.mukkutmonuments.com**




**We Specialize in Custom Creation and Installation of Cemetery Granites, Bronze Memorials Sculptures, Large Stone Cross for Churches. We Service all over USA, Canada & India**

വാക്കനൽ
പി .എസ് .ജോസഫ്






# കവിത എന്ന കുരിശുമരം

ഒന്നര ദശകം മുൻപാണ് ഞാൻ പത്രാധിപർ ആയിരുന്ന ഇന്ത്യ ടുഡേ മലയാളം മലയാള കവിതയിലെ മികച്ച വാഗ്ദാനങ്ങളിൽ ഒരാളായി കുഴൂർ വിത്സനെ തെരഞ്ഞെടുത്തത് ബെന്യാമിൻ ആയിരുന്നു മറ്റൊരാൾ .എഴുത്തുകാരിയായിരുന്ന എൻ ജി നയനതാരയായിരുന്നു ആ തെരഞ്ഞെടുപ്പു നടത്തിയത് . വർഷങ്ങൾക്കു ശേഷം ആ തെരഞ്ഞെടുപ്പു എത്ര ശരിയായിരുന്നു എന്ന് കുഴൂർ വിത്സന്റെ കവിതകൾ തെളിയിക്കുന്നു അടുത്തയിടെയാണ് അദ്ദേഹത്തിന് ഒ വി വിജയൻ അവാർഡ് ലഭിക്കുന്നത് .അവാർഡോ പ്രശസ്തിയോ നേടാൻ സമൂഹ മാധ്യമങ്ങളുടെ ആധിപത്യമുള്ള ഇക്കാലത്ത് പ്രയാസമുള്ള കാര്യമല്ല .ഇറങ്ങിത്തിരിച്ചാൽ ,ശരിയായ ചരട് വലിച്ചാൽ നിങ്ങൾ കോടികളുടെ ക്ലബ്ബിൽ എത്തും .വേണ്ടി വന്നാൽ നിങ്ങളുടെ അപദാനം എഴുതിക്കാൻ ആളെ കൂട്ടാം .നിങ്ങൾ സ്വയം വിവാദപുരുഷനായി മാറാം .പക്ഷെ അതാണോ എഴുത്തിൻറെ ലക്ഷ്യം ?എന്തിനു നിങ്ങൾ എഴുതുന്നു ?എന്താണ് നിങ്ങളുടെ ലക്ഷ്യം ?കവിതയെ ഗൌരവത്തോടെ സമീപിക്കുന്നവരെ അലട്ടുന്ന പ്രശ്നമാണിത് . കവിക്കും വായനക്കാരനും ഇത് നിതാന്തമായ ഒരു ചോദ്യമാണ് .ഒരർത്ഥത്തിൽ എല്ലാ കലയും ഇത്തരമൊരു ചോദ്യം ഉയർത്തുന്നു .



പാരമ്പര്യവും ജീനുകളും ഒരു പരിധി വരെ പ്രതിഭയെ നിശ്ചയിക്കുന്ന സംഗീതത്തിൽ നിന്നു വ്യത്യസ്തമായി മറ്റു കലാശാഖകളിൽ പ്രതിഭയുടെ മാറ്റ് ഉരക്കുന്നത് അനുഭവവും നിരന്തരമായ പരിശീലനവുമാണ് .കലയോട് അഭിനിവേശം പുലർത്തുന്നവർ തുലോം തുഛമായിരിക്കുന്ന ഈ ലോകത്തിൽ ഏതെങ്കിലും കലയിൽ അഗാധമായി മുഴുകുക എന്നത് വലിയ സാഹസമാണ് .ജീവിതം  മറന്നു കൊണ്ടേ നിങ്ങൾക്കത് സാധിക്കൂ.ചിലർ വിജയിക്കാം എങ്കിലും പൊതുവേ ചുരുക്കം പേർക്കെ ആ ഭാഗ്യം ലഭിക്കൂ .എങ്കിലും കൂഴൂർ വിത്സൻ ‘‘തോറ്റവരുടെ പാട്ട് കുർബ്ബാന ‘‘അർപ്പിക്കുന്നു . കവിത എന്ന കുരിശു മരത്തിൽ ബലി നടത്തുന്നു .ഓരോ ബലിയും പൂർത്തിയാക്കുക എന്നത് ദുസ്സഹമായ കൃത്യമാണെന്ന് അറിഞ്ഞിട്ടും കവി ആ യത്നത്തിൽ ഏർപ്പെടുന്നു .

എഴുത്തിൽ ഏറ്റവും ദുഷ്ക്കരവും കാര്യമായ പ്രതിഫലം ലഭി

**എന്തിനു നിങ്ങൾ എഴുതുന്നു ?എന്താണ് നിങ്ങളുടെ ലക്ഷ്യം ?കവിതയെ ഗൌരവത്തോടെ സമീപിക്കുന്നവരെ അലട്ടുന്ന പ്രശ്നമാണിത് . കവിക്കും വായനക്കാരനും ഇത് നിതാന്തമായ ഒരു ചോദ്യമാണ്. ഒരർത്ഥത്തിൽ എല്ലാ കലയും ഇത്തരമൊരു ചോദ്യം ഉയർത്തുന്നു**

ക്കാത്തതുമായ മേഖലയാണ് കവിത.വളരെ എളുപ്പം രചിക്കാം, എന്ന് ഭാഷ അറിയുന്ന എല്ലാവരും കരുതുന്ന മണ്ഡലമാണിത് .ഗദ്യം പലതായി മുറിക്കുകയോ കേകയിൽ രചിക്കുകയോ വൃത്ത നിബദ്ധമായി എഴുതുകയോ ചെയ്താൽ കവിതയായി എന്ന് ഭൂരിപക്ഷം പേരും കരുതുന്നു .അല്ലെങ്കിൽ വിജയികളെ അനുകരിക്കുകയോ മോഷ്ടിക്കുകയോ ചെയ്യാം .അത് കൊണ്ടു തന്നെ നാം കാണുന്നതിൽ ഏറെ പേരും കവികളാണ് .കൊച്ചുകുട്ടികൾ പോലും കവികളായി പേരെടുക്കുന്നു .അതൊക്കെ സാധ്യമാണോ എന്ന് എനിക്ക് സംശയമുണ്ട് .

> **കവിതയ്ക്ക് വേണ്ടി ജീവിതത്തെ ഹോമിച്ച വ്യക്തിയാണ് കുഴൂർ വിൽസൺ . കവിത കൊണ്ടു മാത്രം ജീവിക്കുന്ന വ്യക്തി . മാധ്യമപ്രവർത്തകൻ ആയിരുന്നു എങ്കിലും കവിതയാണ് അദ്ദേഹത്തിൻറെ തുലാസ്സിൽ മുന്തട്ടിൽ . അത് കൊണ്ടു തന്നെ അനുഭവങ്ങളും പരിശീലനവും ക്രാഫ്റ്റിൽ ഉള്ള പരിചയവും അദ്ദേഹത്തിനു ഏറെയാണ് . അതിലും പ്രധാനം പ്രവാസത്തിന്റെ കയ്പ്പുനീർ കുടിച്ചയാളാണ് അദ്ദേഹം . ജീവിതത്തിലെ നിരവധി ദുഃഖ നിമിഷങ്ങൾ കുടിച്ചു തീർത്ത വ്യക്തി . അത് കൊണ്ടു തന്നെ ആ കവിതകളിൽ ജീവിത ചിത്രങ്ങൾ ജീവസ്സോടെ നിറയുന്നു .**

അനുഭവത്തിന്റെ,ഹൃദയഭേദകമായ സംഭവങ്ങളുടെ,വൈകാരികമായ ചിന്തകളുടെ മൂശയിൽ വാർത്തെടുക്കപ്പെടുന്നതാണ് കവിത .അതിനു നീണ്ട കാലത്തെ പരിശീലനം വേണം .ഭാഷാസ്വാധീനം വേണം .വാർപ്പ് മാതൃകകളെ തിരസ്കരിക്കാനുള്ള ശേഷി വേണം.ഉന്നതമായ അല്ലെങ്കിൽ വ്യത്യസ്തമായ ചിന്തകളുടെ പിൻബലം വേണം . ജീവിതത്തെ ഒറ്റചിമിഴിൽ കാണാനുള്ള ശേഷി വേണം .ഹബ്ബിൽ ടെലിസ്കോപ് പോലെ ജെയിംസ് വാട്ട് വെബ്ബ് പോലെ കോടാനുകോടി പ്രപഞ്ചങ്ങളെ കണ്ടെത്താനുള്ള ശേഷി വേണം .ഈ മണ്ണിൽ നിന്നു , ഈ നശ്വരതയിൽ നിന്ന് നിങ്ങൾ ഈ പ്രപഞ്ചത്തെ കാണണം .

കവിതയ്ക്ക് വേണ്ടി ജീവിതത്തെ ഹോമിച്ച വ്യക്തിയാണ് കുഴൂർ വിൽസൺ . കവിത കൊണ്ടു മാത്രം ജീവിക്കുന്ന വ്യക്തി .മാധ്യമപ്രവർത്തകൻ ആയിരുന്നു എങ്കിലും കവിതയാണ് അദ്ദേഹത്തിൻറെ തുലാസ്സിൽ മുന്തട്ടിൽ . അത് കൊണ്ടു തന്നെ അനുഭവങ്ങളും പരിശീലനവും ക്രാഫ്റ്റിൽ ഉള്ള പരിചയവും അദ്ദേഹത്തിനു ഏറെയാണ് .അതിലും പ്രധാനം പ്രവാസത്തിന്റെ കയ്പ്പുനീർ കുടിച്ചയാളാണ് അദ്ദേഹം .ജീവിതത്തിലെ നിരവധി ദുഃഖ നിമിഷങ്ങൾ കുടിച്ചു തീർത്ത വ്യക്തി .അത് കൊണ്ടു തന്നെ ആ കവിതകളിൽ ജീവിത ചിത്രങ്ങൾ ജീവസ്സോടെ നിറയുന്നു .



എത്ര അനുഭവം ഉണ്ടെങ്കിലും ചിന്തയിൽ ഔന്നത്യം ഉണ്ടെങ്കിലും നിങ്ങളെ അടയാളപ്പെടുത്തുക നിങ്ങളുടെ എഴുത്താണ് അത് സമാനമനസ്ക്കരിൽ സൃഷ്ടിക്കുന്ന വികാരമാണ് .എതെൻസിൽ പെർസേപ്പോലിസ് നിർമിച്ച ഫിഡിയാസ്എന്ന ശില്പ്പിക്കു അദ്ദേഹം ആവശ്യപ്പെട്ട വൻ തുക കൊടുക്കാൻ സിറ്റി കൌൺസിൽ തയ്യാറായില്ല .മലനിരകളെ നോക്കി നിൽക്കുന്ന ആരും കാണാത്ത ആ പിൻഭാഗം എന്തിനു കെട്ടിപ്പൊക്കി എന്നായിരുന്നു അവരുടെ ചോദ്യം . അത് ഈശ്വരനു കാണാൻ എന്നായിരുന്നു അദ്ദേഹത്തിൻറെ മറുപടി . അതെ, ഒരു പക്ഷെ ഈശ്വരനു മാത്രം കാണാൻ ആകുന്ന അർത്ഥതലങ്ങൾ ആകണം ഒരു കവിതയിൽ ഉണ്ടാകേണ്ടത് .പല പല തലങ്ങൾ;പല പല അടരുകളിൽ സ്പർശിക്കുന്ന ഒരു രചന ആകണം സാഹിത്യം .

പ്രണയവും പ്രവാസവും സ്നേഹവും വ്യക്തി ദുഖങ്ങളും അടങ്ങുന്നതാണ് തടാകത്തിൽ പ്രതിഫലിക്കുന്ന ഈന്തപ്പനയുടെ നിഴൽ എന്ന ബുക്ക് പ്ലസ് പ്രസിദ്ധീകരിച്ച കുഴൂർ വിത്സന്റെ കവിതാസമാഹാരം . എൻ എസ് മാധവൻറെ വരിയാണ് ഇതെന്ന് കവി തന്നെ പറയുന്നു .പച്ചയും നീലയും ജീവനും ജലവും സമ്മേളിക്കുന്ന ഈ തലക്കെട്ടിനു പിന്നിൽ പല വിധത്തിൽ ,പല താളത്തിൽ ,വ്യത്യസ്ത രൂപങ്ങളിൽ ആണ് കുഴൂർ വിത്സൻ കവിത രചിക്കുന്നത്.ചൊല്ലുന്നത് .അതിനു പുതുമയുണ്ട് , താളമുണ്ട്,വ്യത്യസ്ത തലങ്ങൾ ഉണ്ട് .വൈകാരികമായി നമ്മെ ചിരിപ്പിക്കുകയും ചിന്തിപ്പിക്കുകയും ചെയുന്ന കാര്യങ്ങൾ ഉണ്ട് .

നാം എങ്ങനെ നോക്കുന്നുവോ എന്നതിൽ നിന്ന് വ്യത്യസ്തമായി മറ്റൊരു കൺകോണിൽ നിന്നാണ് അദ്ദേഹം കവിത എഴുതുന്നത് .

ആദ്യം മരിച്ചാൽ
നിന്നെയാര് നോക്കുമെന്നല്ലായിരുന്നു സങ്കടം
ആരെല്ലാം നോക്കുമെന്നായിരുന്നു ..
അന്ന് ആറുതവണ നിറയോഴിച്ച ശേഷവും
അരിശം തീരാതെ ബാക്കി വെച്ച വെറുപ്പിന്റെയും
പകയുടെയും ഒരുണ്ടയാണ്
നിൻറെ നോട്ടമെന്നു
ഞാനന്ന് തിരിച്ചറിഞ്ഞു


(2027 ഫെബ്രുവരി 28 )

ഒരു പഴം വേണ്ടി വന്നു
ഈ തെറിച്ച വിത്തിന് സ്വന്തം
കൃഷിക്കാരനെ ഓർമ്മിക്കാൻ
(കൃഷിക്കാരൻ)

ലളിതമെന്നു തോന്നുന്ന ബിംബങ്ങളിൽ സ്വയം പുച്ഛവും ബഹുമാനവും പാരമ്പര്യവും അവതരിപ്പിക്കാൻ കവിക്ക് അധിക വാക്കുകളോ വരിയോ വേണ്ടി വരുന്നില്ല

കവിത ഏറ്റവും ചെറിയ ഏറ്റവും വലിയ ആവിഷ്ക്കാരമാണ് . ഒരു വരിയിൽ ഒരു മഹാകാവ്യം എഴുതാനാകും എന്ന് അന്ന ആഖ് മതോവയെ പോലുള്ളവർ തെളിയിച്ചിട്ടുണ്ട് പ്രിസണർ ഓഫ് ഒമ്സ്ക് ഉദാഹരണമാണ് ഇ ഷാൾ ഷോ യു ഫിയർ ഇൻ എ ഹാണ്ട്ഫുൾ ഓഫ് ഡസ്റ്റു എന്ന് ടി എസ് എലിയറ്റ്

എത്ര എഴുതിയാലും ചിലപ്പോൾ വാക്കുകൾക്കോ ഭാഷക്കോ ആവിഷ്കരിക്കാനാകാത്ത വികാരങ്ങളും ഉണ്ട് .ഭാഷയതപൂർണ്ണം എന്ന് ആശാൻ പറഞ്ഞത് വെറുതെയല്ല



പഴകിപതിഞ്ഞ ആശയങ്ങളെ കവിക്കോ എഴിത്തുകാരനോ കലാകാരനോ ആവിഷ്ക്കരിക്കാൻ ഉള്ളൂ .പ്രണയം,മരണം ,വീട്ടു നൊമ്പരം ,ഓർമ്മ ,പ്രതികാരം ,അസൂയ തുടങ്ങി ചെറിയ വലിയ കാര്യങ്ങൾ. ആ കഥാതന്തുവിൽ നിന്നാണ് ഓരോ കാലവും പുതിയ രചനകൾ കണ്ടെത്തുന്നത് .കവിതകൾ അലങ്കാരങ്ങളിൽ നിന്ന് മാറി നവീനമായ ഇമേജുകൾ കണ്ടെത്തുന്നത് .

നൃത്തം എന്ന കവിത നോക്കുക

ഇല്ല എല്ലാ മുന്നേറ്റങ്ങളും
ഗോളുകളാകുന്നില്ല
സ്വപ്നത്തിലായാലും ഫൌളാകാത്ത
കളികളുമില്ല

പന്താണ് ഇവിടെ നിറഞ്ഞു നിൽക്കുന്ന ഇമേജ്

അതെ പോലെ ,കുഴൂർ വിത്സന്റെ കവിതകളിൽ മറ്റു പലരും ഉപയോഗിക്കാൻ മടിക്കുന്ന കാലികമായ ഇമേജുകളുടെ നിര തന്നെ കാണാം

12 വർഷം പഴക്ക്മുള്ള
ഒരു ലാൻസർ കാറായിരുന്നു
ഞങ്ങളുടെ വീട് ..

ഒരു കവിതയിലെ റിഫ്രയിൻ ആണിത്

അതെ പോലെ സിഗരെട്റ്റ് ,മൊബൈൽ ഫോൺ . തുടങ്ങി ആധുനിക ജീവിതത്തിലെ എല്ലാ ബിംബങ്ങളും ഈ കവിതകളിൽ പ്രത്യക്ഷപെടുന്നു .എങ്കിലും കടലും മുള്ളുവേലിയും കാറ്റും മരങ്ങളും അവിടവിടെ കവിതകളിൽ കാണാം അതേ പോലെ പി രാമനും രാം മോഹൻ പാലിയത്തും വിഷ്ണു പ്രസാദും പോലെ

പല കവികളും അതേപേരിൽ ഇവയിൽ പ്രത്യക്ഷപെടുന്നുണ്ട് . മൊയ്തു വാണിമേൽ പോലുള്ള എഴുത്തുകാരും .കോഴിക്കോടും നിപ്പ പനിയും കണ്ടയിനർ റോഡും മാഡ്രിഡും അജ്മാനും കവിതകളിലെ ഭൂസാന്നിധ്യം

കുഴൂർ വിത്സന്റെ എഴുത്ത് രീതിയാണ് രസകരം കിളിപോയി എന്നാണ് ഒരു കവിതയുടെ നിരവധി വരികളിൽ ഈ ഈ കമ്മിങ്ങ്സിനെ പോലെ കിളി പോയി കിളി പോയി എന്ന് അദ്ദേഹം ആവർത്തിക്കുന്നു .കവിത ഒരു വിചിത്ര എഴുത്ത് രീതിയാണ് എന്നോർമ്മിപ്പിക്കുന്നു പക്ഷെ ബാബേൽ എന്ന പ്രണയ കവിതയിൽ എല്ലാ ഭാഷയും മറന്നു പോകുന്ന കാമുകനാണ് കവി .മറ്റൊരു കവിതയിൽ കടൽ മഴത്തുള്ളിയായി എത്തുന്ന അപൂർവ്വ നിമിഷം നമുക്ക് കാണാം .

അതിലും രസകരമാണ് ഒരു ഉന്മാദത്തിന്റെ ഭംഗിയ്ടുള്ള ഒരു പകലിൽ ജീവിതവുമായുള്ള കവിയുടെ കണ്ടുമുട്ടൽ . അവസാനം വരെ നീണ്ട വെറുപ്പിക്കലുകൾക്ക് ശേഷം ജീവിതത്തെ കവി ഇഷ്ടപെടുന്നു ജീവിതവുമായി നൃത്തം ചെയ്യുന്നു .

**കവിതയെ കുറിച്ചു എന്ത് പറഞ്ഞാലും അത് ഇങ്ങനെയേ അവസാനിപ്പിക്കാൻ പറ്റു. അത് കവിതയായിരിക്കണം നിങ്ങളുടെ ഹൃദയത്തെ ത്രസിപ്പിക്കുന്നത്.. ആല്മാവിൽ തീ കോറിയിടുന്നത്. നിങ്ങളുടെ ലോകത്തെ വിസ്മൃതമാക്കുന്നത്. നിങ്ങളെങ്ങനെ നിങ്ങൾ ആയെന്നു അറിയിക്കുന്നത്. ആ കവിതയുടെ ഒരു മുഖമാണ് നാം ഇവിടെ കാണുന്നത്**

പേര് മാത്രമല്ല ജീവിതത്തിൻറെ ഇനിഷ്യലും കണ്ടെത്തുന്നു. ജീവിതം പി കെ.

ഒരു ഗാനത്തിന്റെ ആരോഹണാവരോഹണം പോലെ മധുരമായ രാഗാലാപനമാണീ കവിത .

ഒരിടത്ത് കവി പറയുന്നു :

ഞാൻ കവിത ചൊല്ലുകയല്ല
കവിത എന്നെ ചൊല്ലുകയാണ്

കവിതയെ കുറിച്ചു എന്ത് പറഞ്ഞാലും അത് ഇങ്ങനെയേ അവസാനിപ്പിക്കാൻ പറ്റു. അത് കവിതയായിരിക്കണം നിങ്ങളുടെ ഹൃദയത്തെ ത്രസിപ്പിക്കുന്നതു.ആല്മാവിൽ തീ കോറിയിടുന്നത്. നിങ്ങളുടെ ലോകത്തെ വിസ്മൃതമാക്കുന്നത് .നിങ്ങളെങ്ങനെ നിങ്ങൾ ആയെന്നു അറിയിക്കുന്നത്. ആ കവിതയുടെ ഒരു മുഖമാണ് നാം ഇവിടെ കാണുന്നത്

# ചിത്രലോകം

അശോക് കുമാർ ഗോപാലൻ





**ദി സ്ട്രീം ആൻഡ് സൺ**
(വാട്ടർ കളർ)
**(പുഴയും സൂര്യനും)**


India Press Club of North America
MADHYAMASREE
MADHYAMARATNA
MEDIA EXCELLENCE
Awards
Jan 10th, 2025
PLATINUM
EVENT SPONSOR
SAJ GROUP
HOTELS & RESORTS
SAJAN & MINI SAJAN
GOKULAM PARK
Convention Center
KOCHI
India Press Club of North America
IPCNA
മാധ്യമശ്രീ
മാധ്യമരത്ന
മീഡിയ
എക്സലൻസ്
പുരസ്കാര സന്ധ്യ
ജനുവരി 10ന്
കൊച്ചിയിൽ
സാമൂഹിക-
സാംസ്കാരിക-രാഷ്ട്രീയ-
മാധ്യമ രംഗത്തെ പ്രമുഖർ
പങ്കെടുക്കുന്ന സമ്മേളനം!
മാധ്യമശ്രീ
മാധ്യമരത്ന
പുരസ്കാരം 2024
Sunil Tristar
(Samuel Easo)
National President
Shijo Poulose
National
Secretary
Vishakh Cherian
National
Treasurer
Anil Kumar Aranmula
National
Vice President
Asha Mathew
Joint Secretary
Roy Mulakunnam
Joint Treasurer
Sunil Thymattam
Advisory Board
Chairman
Raju Pallath
President Elect
2026-27
Sunil Tristar
1-917-662-1122
Shijo Poulose
1-201-238-9654
Vishakh Cherian
1-757-756-7374
www.indiapressclub.org
eMail: indiapressclubofna@gmail.com




**THE BIGGEST DIWALI OFFER**

24K

# FREE

1 GM (24K)
**LAKSHMI IDOL OR GOLD BAR**



ON DIAMOND & PRECIOUS STONE JEWELLERY PURCHASES WORTH **USD 1500** & GOLD JEWELLERY PURCHASE WORTH **USD 5500**

24K

# FREE

500 MG (24K)
**GOLD BAR**

ON DIAMOND AND PRECIOUS STONE JEWELLERY PURCHASES WORTH **USD 1000**

| | | | |
|---|---|---|---|
| **NO MAKING CHARGES ON** 8GM GOLD COINS | **0%** DEDUCTION ON OLD GOLD EXCHANGE | **10%** PAY IN ADVANCE AND GET GUARANTEED GOLD RATE PROTECTION | SCAN FOR LATEST JEWELLERY COLLECTION |

OFFER VALID UNTIL 3RD NOV. 2024

*Conditions apply / Not applicable for Gold Bars, Gold coins & 24kt Jewellery

joyalukkas.com

Joyalukkas
World's favourite jeweller

| ATLANTA | NEW JERSEY | HOUSTON | CHICAGO | DALLAS |
|---|---|---|---|---|
| 3155 PEACHTREE PKWY, SUWANEE GA 30024, USA, TEL: +1 470 835 6136 | 1665 OAK TREE ROAD, SUIT #325, EDISON, NEW JERSEY. TEL: +1 732 515 9902 | 5901 HILCROFT AVENUE, #C7-A, HOUSTON, TEXAS. TEL: +1 713 784 2992 | 2642 WEST DEVON AVENUE, CHICAGO, ILLINOIS. TEL: +1 773 856 3013 | 7055 PRESTON ROAD FRISCO, DALLAS, TEXAS - 75034. TEL: +1 972 292 9936 |